"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

## സാന്ത്വനപ്രകാശമേ, നയിച്ചാലും

# സാന്ത്വനപ്രകാശം

### പാലാ രൂപതാ ബുള്ളറ്റിൻ

Vol. LX | JUNE 2010 | No. 6




**ജൂൺ 20**

**ബൈബിൾ ഞായർ**

## ഉൾത്താളുകളിൽ...


| | |
|---|---|
| സർക്കുലർ | - 365 |
| സർക്കുലർ | - 367 |
| സർക്കുലർ | - 373 |
| ലേഖനം | - 375 |
| വിയാനി ചിന്തകൾ | - 381 |
| കച്ചേരിക്കാര്യം | - 385 |
| ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക് | - 386 |
| അറിയിപ്പുകൾ | - 387 |
| പൗരോഹിത്യ ചിന്തകൾ | - 388 |
| എഞ്ചിനീയറിംഗ് അഡ്മിഷൻ | - 396 |
| വാർത്തകൾ | - 398 |
| ആദരാഞ്ജലികൾ | - 415 |
| നിര്യാതയായി | - 416 |
| Prayer day | - 417 |
| പിതാവിന്റെ ഡയറിയിൽ നിന്ന് | - 418 |
| Bishop's Engagements | - 426 |




## വൈദികവർഷസമാപനവും
## വി. അൽഫോൻസാ ജന്മശതാബ്ദിസമാപനവും

**ഭരണങ്ങാനത്ത്, ഓഗസ്റ്റ് 4 - ബുധൻ, 2.30 pm**

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരങ്ങളേ,

കഴിഞ്ഞവർഷം തിരുഹൃദയത്തിരുനാളിൽ ആരംഭിച്ച വൈദികവർഷം ഈ വർഷത്തെ തിരുഹൃദയത്തിരുനാൾ ദിനത്തിൽ (ജൂൺ 11-ാം തീയതി) സമാപിക്കുകയാണല്ലോ. നമ്മുടെ രൂപതയിൽ വൈദികവർഷം ഔദ്യോഗികമായി ആരംഭിച്ചത് കഴിഞ്ഞ ഓഗസ്റ്റ് 4-ാം തീയതി വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ രൂപതാ വൈദികരെല്ലാം രാമപുരത്ത് വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിങ്കൽ പ്രാർത്ഥനയിലും പഠനത്തിലും എല്ലാവരേയും സമർപ്പിച്ചുകൊണ്ടായിരുന്നല്ലോ. നമ്മുടെ രൂപതാതല വൈദികവർഷസമാപനം അതേദിവസം, അതായത് ഓഗസ്റ്റ് 4-ാം തീയതി ബുധനാഴ്ച, വി. വിയാനിയുടെ തിരുനാൾ ദിവസം, ഭരണങ്ങാനത്ത് വി. അൽഫോൻസാമ്മയുടെ പുണ്യകുടീരത്തിങ്കൽ വി. കുർബാന അർപ്പിച്ചുകൊണ്ടാണ്. വി. അൽഫോൻസാമ്മയുടെ ജന്മശതാബ്ദിയുടെ രൂപതാതല അനുസ്മരണവും കൂടി പരിഗണിച്ചാണ് ഇപ്രകാരം ക്രമീകരിച്ചിരിക്കുന്നത്. മഹത്തായ ഈ സംഭവങ്ങളുടെ ഓർമ്മ നിലനിർത്താൻ ഭരണങ്ങാനത്ത് ഒരു വൈദിക-അത്മായ-സന്യസ്ത സംഗമമാണ് നടക്കുന്നത്. രൂപതയുടെ പ്രിസ്ബിത്തേരിയവും പാസ്റ്ററൽ കൗൺസിലും അവിടെ സമ്മേളിക്കുകയാണ്. അതായത് രൂപതയിലെ എല്ലാ ബഹു. വൈദികരും, രൂപതയുടെ പാസ്റ്ററൽ കൗൺസിലിലെ എല്ലാ അംഗങ്ങളും ഇതിൽ നിർബന്ധമായും പങ്കെടുക്കണം. കൂടാതെ രൂപതയ്ക്കുള്ളിലെ എല്ലാ ബഹു. സന്യാസവൈദികരും ഇതിനോടു ചേരും. പാലാ, ഭരണങ്ങാനം

പ്രോവിൻസുകളിലെ എല്ലാ ബഹുമാനപ്പെട്ട എഫ്.സി.സി. സന്യാസിനികളും രൂപതയ്ക്കുള്ളിലെ മറ്റു സന്യാസിനി പ്രോവിൻസുകളുടെ പ്രൊവിൻഷ്യൽ അമ്മമാരും കൗൺസിലേഴ്സും ഇതിൽ സംബന്ധിക്കേണ്ടതാണ്. അതിനുംപുറമേ രൂപതയിലെ മൈനർ സെമിനാരിയിലേയും എഫ്രേം സെമിനാരിയിലേയും വൈദികവിദ്യാർത്ഥികളും ഭരണങ്ങാനം ഇടവകാംഗങ്ങൾ എല്ലാവരും ഈ ആത്മീയആഘോഷത്തിൽ പങ്കെടുക്കണം.

ഓഗസ്റ്റ് 4-ാം തീയതി ഉച്ചകഴിഞ്ഞ് രണ്ടു മണിയോടു കൂടി എല്ലാവരും അൽഫോൻസാ തീർത്ഥാടനപള്ളിയങ്കണത്തിൽ എത്തിച്ചേരുമല്ലോ. കൃത്യം 2.30 നു വിശുദ്ധകുർബാന ആരംഭിക്കും. സീറോ മലബാർ സഭയുടെ കൂരിയാ മെത്രാൻ അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവ് വിശുദ്ധകുർബാനയ്ക്ക് പ്രധാനകാർമ്മികത്വം വഹിക്കുകയും സന്ദേശം നൽകുകയും ചെയ്യും. അഭിവന്ദ്യ വലിയ പിതാവും ഞാനും ബഹു. എല്ലാ രൂപതാവൈദികരും സന്യാസവൈദികരും സഹകാർമ്മികരായിക്കും. എല്ലാ ബഹു. വൈദികരും വി. കുർബാനയിൽ സഹകാർമ്മികരാകാൻ യോജിച്ച ഒരുക്കത്തോടുകൂടി വരണമെന്നു ഒരിക്കൽകൂടി ഓർമ്മിപ്പിക്കട്ടെ. അൽഫോൻസാമ്മയുടെ പുണ്യകുടീരത്തിങ്കൽ വച്ച് നമുക്ക് ഒരുമിച്ചു കാണാം. വി. അൽഫോൻസാമ്മയും, വി. ജോൺ മരിയ വിയാനിയും, വാഴ്ത്തപ്പെട്ട കുഞ്ഞച്ചനും, വാഴ്ത്തപ്പെട്ട ചാവറയച്ചനും നമുക്ക് തുണയായി ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം..

+Jos Kallarangatt

ബിഷപ്സ് ഹൗസ്
പാലാ 28-05-2010

മാർ ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതയുടെ മെത്രാൻ

ഈ സർക്കുലർ ജൂൺ 6-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ പള്ളികളിൽ വായിക്കേണ്ടതാണ്.





# ബൈബിൾ ഞായർ 2010

**"ആഴം ആഴത്തെ വിളിക്കുന്നു" (സങ്കീ. 42:7)**

**കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

യേശുക്രിസ്തുവിൽ പ്രിയരേ,

വരുന്ന ഞായറാഴ്ച (ജൂൺ 20) കേരളസഭ ബൈബിൾ ഞായറായി ആഘോഷിക്കുകയാണ്. അതിനുള്ള ഒരുക്കമായി ബൈബിൾ വാരം ഇന്ന് നാം ആരംഭിക്കുന്നു. നിങ്ങൾക്കേവർക്കും ഈ ആഴ്ച അനുഗ്രഹം നിറഞ്ഞതാകട്ടെ എന്നാശംസിക്കുന്നു.

ക്രൈസ്തവർക്കിടയിൽ ഏറെ പ്രചാരമുള്ള പദമാണ് 'വചനം' എന്നത്. ബൈബിളിനെയും ബൈബിൾസംബന്ധിയായ പ്രഘോഷണങ്ങളെയുമെല്ലാം 'വചനം' എന്നാണല്ലോ നാം വിളിക്കുന്നത്. ഗ്രീക്കുഭാഷയിൽ സുവിശേഷകന്മാർ 'ലോഗോസ്' എന്ന പദമാണ് അതിനായി ഉപയോഗിച്ചിരിക്കുന്നത്. ഈ പദത്തിനു സമാനമായ ഒരു വാക്ക് നമുക്കറിയാം - 'ഡയലോഗ്' . 'ദിയ' എന്ന വിഭക്തിപ്രത്യയം 'ലോഗോസി'നോട് ചേർന്ന് ഗ്രീക്കിൽ രൂപംകൊണ്ടിട്ടുള്ള ദിയലോഗോസ് എന്ന പദത്തിൽനിന്നാണ് 'ഡയലോഗ്' എന്ന ആംഗലേയപദത്തിന്റെ ഉദ്ഭവം. മാധ്യമങ്ങളിൽ നിറയുന്ന ചർച്ചകളും സംവാദങ്ങളും താത്പര്യത്തോടെ വീക്ഷിക്കുന്നവരാണ് നാം. രാഷ്ട്രങ്ങൾ തമ്മിൽ ഡയലോഗ് നടക്കാൻ പലതരം വേദികൾ ഇന്നുണ്ട്. കുടുംബത്തിൽ ഡയലോഗിന്റെ പ്രസക്തിയെക്കുറിച്ചു നാം കൂടുതൽ കൂടുതൽ ബോധവാന്മാരായിവരികയാണ്. പരസ്പരധാരണയും സമ്യക്കായ വീക്ഷണവും രൂപപ്പെടുത്താൻ ഡയലോഗ് സഹായിക്കുന്നു. മാനുഷികബന്ധങ്ങളിലെ ഡയലോഗിന്റെ പ്രസക്തി ഏവർക്കും അറിയാം. എന്നാൽ ദൈവ-മനുഷ്യബന്ധങ്ങളിലെ ഡയലോഗിനെക്കുറിച്ച് നാം അത്ര ബോധവാന്മാരല്ല തന്നെ. യഥാർത്ഥത്തിൽ, 'വചനത്തിലൂടെ' ('ദിയ-ലോഗോസ്') സംഭവിക്കുന്നത് സംവാദമാണ്. പാരസ്പര്യത്തിന്റെ അതിശ്രേഷ്ഠഭാവങ്ങൾ വചനത്തിൽ അടങ്ങിയിരിക്കുന്നു.

സൃഷ്ടിപോലും വചനത്തിലൂടെയാണു സംഭവിച്ചത് എന്ന് ഉൽപത്തിഗ്രന്ഥകാരൻ സമർത്ഥിക്കുമ്പോൾ വചനത്തിന്റെ സർഗാത്മകസംവേദനക്ഷമതയാണ് വെളിപ്പെടുന്നത്. വചനത്തിലൂടെ സൃഷ്ടിക്കപ്പെട്ട ആകാശം ദൈവമഹത്ത്വം പ്രഘോഷിക്കുന്നു എന്ന് 19-ാം സങ്കീർത്തനം സ്ഥാപിക്കുമ്പോൾ വചനത്തിന്റെ ഈ സംവേദനക്ഷമതയ്ക്ക് പകർച്ചയുടെ സ്വഭാവം കൂടിയുണ്ട് എന്നു വരുന്നു. ഡയലോഗിലൂടെ ലോഗോസ് സൃഷ്ടപ്രപഞ്ചത്തെ ശക്തീകരിക്കുന്നു - തുടർഡയലോഗ് ഏറ്റെടുക്കാൻ. വേറൊരു വിധത്തിൽ പറഞ്ഞാൽ, സൃഷ്ടികളിലൂടെ ലോഗോസ് തന്റെ ഡയലോഗ് തുടരുന്നു. ഈ അർത്ഥമാണ് ഈ വർഷത്തെ ബൈബിൾ ഞായറിന്റെ വിചിന്തനവചനമായ സങ്കീ. 42:7 പ്രകാശിപ്പിക്കുന്നത്: ''അങ്ങയുടെ വെള്ളച്ചാട്ടങ്ങളുടെ ഇരമ്പലുകൾകൊണ്ട് ആഴം ആഴത്തെ വിളിക്കുന്നു". "നീർച്ചാലു തേടുന്ന മാൻപേടയെപ്പോലെ, ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു'' എന്നാലപിച്ചുകൊണ്ട് ആരംഭിക്കുന്ന സങ്കീർത്തകൻ പ്രപഞ്ചത്തിലൂടെ തന്നെ വിളിക്കുന്ന ദൈവത്തെ തിരിച്ചറിഞ്ഞു പാടുന്നതാണ് പ്രസ്തുത വാക്യം. ഡയലോഗു നടക്കുന്നത് ആഴവും ആഴവും തമ്മിലാണത്രേ. എന്താണ് ഈ ആദ്യത്തെ ആഴം? അത് ദൈവം തന്നെയായിരിക്കണം. രണ്ടാമത്തെ ആഴമോ, മനുഷ്യനും. ആഴം തന്നെയായ ദൈവം ആഴം തന്നെയായ മനുഷ്യനെ പ്രപഞ്ചത്തിലൂടെ ആഴബോധ്യത്തിലേക്ക് ക്ഷണിക്കുന്നു എന്നു ചുരുക്കം ഉപരിപ്ലവതകൾ വെടിഞ്ഞ് സ്വന്തം ആഴം തിരിച്ചറിഞ്ഞ് സത്താസാക്ഷാത്കാരം നേടാനുള്ള ക്ഷണമാണത്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനെ ദൈവത്തെ വിശേഷിപ്പിക്കാനുപയോഗിച്ച "ആഴം" (ത്ഹോം) എന്ന അതേ പദം കൊണ്ട് സങ്കീർത്തകൻ വിശേഷിപ്പിക്കുന്നത് തികച്ചും യുക്തിഭദ്രമാണല്ലോ.

പ്രപഞ്ചം ഡയലോഗിന്റെ മാധ്യമമായി മാറിയത് ദൈവവചനത്തിന്റെ സൃഷ്ടിപരത കൊണ്ടു മാത്രമല്ല, പ്രബോധനപരത കൊണ്ടു കൂടിയാണ്. ദൈവവചനത്തെ "തോറ" എന്ന് പഴയനിയമം വിശേഷിപ്പിക്കുന്നു. "നിയമം'' എന്നാണ് പൊതുവേ അതിനെ പരിഭാഷപ്പെടുത്താറുള്ളത്. എന്നാൽ ഈ പരിഭാഷ അത്ര കൃത്യമല്ല. 'പ്രബോധനം' അഥവാ 'പഠിപ്പിക്കൽ' ആണ് 'തോറ'. ദൈവമാകുന്ന ഗുരുവിനു കീഴിൽ



ശിഷ്യപ്പെട്ടിരിക്കുകയാണത്രേ പ്രപഞ്ചം. അതിനാലാണ് പ്രപഞ്ചം എല്ലാം കൃത്യമായും ക്രമമായും ചെയ്യുന്നത്. 19-ാം സങ്കീർത്തനത്തിന്റെ ആദ്യഭാഗം - അതായത് 1 മുതൽ 6 വരെ വാക്യങ്ങൾ - ഈ സത്യമാണു വിളിച്ചോതുന്നത്. 7 മുതൽ 10 വരെയുള്ള വാക്യങ്ങളിൽ തോറയെ പേർത്തും പേർത്തും കീർത്തിച്ചശേഷം 11 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ സങ്കീർത്തകൻ ഒരു ആത്മപരിശോധന നടത്തുകയാണ്: പ്രപഞ്ചം ദൈവഗുരുവിന്റെ പ്രബോധനത്തോട് കൃത്യമായും സർഗ്ഗാത്മകമായും പ്രതികരിക്കുന്നുണ്ട്. എന്നാൽ മനുഷ്യനായ താൻ ഇക്കാര്യത്തിൽ അറിഞ്ഞും അറിയാതെയും പലപ്പോഴും പരാജയപ്പെടുന്നു. ആഴം ആഴത്തെ വിളിക്കുമ്പോഴും മനുഷ്യൻ ഉപരിപ്ലവതകളിൽ കുടുങ്ങി ലോഗോസിനോട് ഡയലോഗ് ചെയ്യാൻ കെല്പില്ലാത്തവനായി മാറുന്നു.

മോശയിലൂടെയും പ്രവാചകരിലൂടെയും വചനം മനുഷ്യനു മുന്നിലുയർത്തിയ വെല്ലുവിളി യഥാർത്ഥത്തിൽ മനുഷ്യന് തന്റെ ആഴങ്ങളിലേക്കുള്ള ദൈവത്തിന്റെ ക്ഷണക്കത്തായിരുന്നു. പക്ഷേ, പലപ്പോഴും വചനവാഹകൻ തിരസ്കരിക്കപ്പെട്ടു, അവഹേളിക്കപ്പെട്ടു. ആമോസ് പ്രവാചകൻ ബഥേലിൽ പ്രവചിക്കുന്നതിൽ നിന്ന് വിലക്കപ്പെട്ടു (ആമോസ് 7:12-13). "നിങ്ങളുടെ വലിയ അപരാധവും വിദ്വേഷവും നിമിത്തം പ്രവാചകൻ നിങ്ങൾക്കു വിഡ്ഢിയായി; ആത്മാവാൽ പ്രചോദിതനായവൻ ഭ്രാന്തനായി'' എന്ന് ഹോസിയാ പ്രവാചകൻ വിലപിച്ചു (ഹോസി 9:7). ജറമിയാ പ്രവാചകനാകട്ടെ, കിണറ്റിലേക്കെറിയപ്പെട്ടു (ജറെ 38:6). ഡയലോഗിനായുള്ള ദൈവവചനത്തിന്റെ ക്ഷണത്തോടുള്ള മറുതലിപ്പാണ് ഈ സംഭവങ്ങളിലെല്ലാം തെളിയുന്നത്. ഉപരിപ്ലവതയിൽ ക്ഷണികതയും വികാരവിജൃംഭണങ്ങളും ബഹളങ്ങളും നിഷേധങ്ങളുമേയുള്ളൂ; ശാന്തതയില്ല, ആലോചനയില്ല, പദ്ധതിയിടലുമില്ല. പ്രവാചകവചനങ്ങളിൽ സ്വന്തം ആഴങ്ങൾ തിരിച്ചറിഞ്ഞ മനുഷ്യരാകട്ടെ, അത്ഭുതകരമായ ആഴങ്ങൾ സ്വന്തമാക്കി. ഹെസക്കിയാ രാജാവും ജോസിയാ രാജാവും നിനവേ നിവാസികളും സ്നാപകനിൽ നിന്ന് മാമ്മോദീസാ സ്വീകരിച്ചവരും എല്ലാം പ്രവാചകരിലൂടെ തങ്ങളുടെ ആഴത്തെ വിളിക്കുന്ന ദൈവത്തിന്റെ ആഴം തിരിച്ചറിഞ്ഞവരാണ്.

ആഴം ആഴത്തെ വിളിക്കുന്നതിന്റെ ഏറ്റവും ശ്രേഷ്ഠമായ ദൃശ്യം നാം കാണുന്നത് കർത്താവായ യേശുക്രിസ്തുവിലാണ്. ആദിയിൽ വചനമായിരുന്ന ദൈവം മാംസം ധരിച്ച് നമ്മുടെയിടയിൽ വസിച്ചു. നമ്മുടെ ഇടയിലെ ലോഗോസിന്റെ വാസം ഡയലോഗിനു നമ്മെ പ്രാപ്തരാക്കാൻവേണ്ടിത്തന്നെയായിരുന്നു. "തന്നെ സ്വീകരിച്ച വർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നല്കി" (യോഹ. 1:12). നഷ്ടപ്പെട്ടുപോയ ആഴം മനുഷ്യന് തിരികെ കിട്ടിയത് വചനം മാംസം ധരിച്ചവനായ യേശുക്രിസ്തുവിലാണ്. ദൈവത്തിന്റെ പ്രബോധനം അതിന്റെ തികവിലും നിറവിലുമെത്തിയത് കർത്താവായ യേശുക്രിസ്തുവിലാണ്. നിയമത്തെയും പ്രവാചകന്മാരെയും പൂർത്തിയാക്കാനെത്തിയവനാണ് ക്രിസ്തു (മത്താ 5:17). അതിനാൽ അവിടുന്ന് മലയിലെ പ്രസംഗത്തിൽ ആറു പ്രാവശ്യം ആവർത്തിച്ചുപറഞ്ഞു: "ഇങ്ങനെ പറയപ്പെട്ടത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ... എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു" (മത്താ 5:21-22; 27-18; 31-32; 33-34; 38-39; 43-44). യേശുക്രിസ്തുവിലാണ് മനുഷ്യനു പ്രായപൂർത്തിയായത്. നൈയാമികനീതിയെ അതിശയിക്കുന്ന ദൈവികനീതിയിലേക്കുള്ള ക്ഷണം ക്രിസ്തുവിലാണ് മനുഷ്യനു വ്യക്തമായി ലഭിച്ചത് (മത്താ. 5:20). "ക്രിസ്തുവിന്റെ പരിപൂർണ്ണതയുടെ അളവനുസരിച്ചു പക്വതയാർന്ന മനുഷ്യരായി" (എഫേ. 4:13) ത്തീരുമ്പോഴാണ് ദൈവത്തിന്റെ വിളിയും മനുഷ്യന്റെ പ്രതികരണവും സമ്പൂർണ്ണസാക്ഷാത്കാരം നേടുന്നത്.

ഇന്ന് ആഴത്തിന്റെ വിളി നാം കേൾക്കുന്നത് വിശുദ്ധഗ്രന്ഥത്തിലൂടെയും വിശുദ്ധപാരമ്പര്യത്തിലൂടെയുമാണ്. കേരളസഭ ബൈബിൾ മേഖലയിൽ ഏറെ പുരോഗമിച്ചിട്ടുണ്ട്. പി.ഒ.സി. ബൈബിളിന്റെ ശ്രവ്യരൂപവും ഇന്റർനെറ്റ് രൂപവും ഇന്ന് നമുക്കു ലഭ്യമാണ് (www.keralabiblesociety.com; www.pocbible.com). നാലരലക്ഷത്തോളംപേർ പങ്കെടുക്കുന്ന ലോഗോസ് ക്വിസ് ആഗോളതലത്തിൽതന്നെ അതുല്യസ്ഥാനം നേടിക്കഴിഞ്ഞു. ലോഗോസ് ക്വിസിനെ ഹൃദയത്തിലേറ്റുവാങ്ങി ഗിന്നസ് ബുക്കിന്റെ പടിവാതില്ക്കലെത്തിച്ച നിങ്ങൾക്കോരോരുത്തർക്കും എന്റെ ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ. കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിച്ചിട്ടുള്ള



ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ആയിരങ്ങൾ പങ്കെടുക്കുന്നുണ്ടെങ്കിലും വീട്ടിലിരുന്ന് ബൈബിൾ പഠിക്കാൻ അനേകായിരങ്ങൾ ഇനിയും പേരു രജിസ്റ്റർ ചെയ്യേണ്ടിയിരിക്കുന്നു. എല്ലാ ബുധനാഴ്ചയും പാലാരിവട്ടം പി.ഒ.സി. യിൽ നടത്തപ്പെടുന്ന സായാഹ്നബൈബിൾ ക്ലാസ്സിൽ നൂറുകണക്കിനുപേർ പങ്കെടുക്കുന്നുണ്ട്. ഹീബ്രു, ഗ്രീക്ക് എന്നീ ബൈബിൾ ഭാഷകൾ പഠിക്കാനുള്ള അവസരവും ഈ ക്ലാസ്സിനോടുകൂടെ ഒരുക്കിയിട്ടുണ്ട്. സമാനമായ ബൈബിൾ ക്ലാസ്സുകൾ കേരളത്തിലെ വ്യത്യസ്തസ്ഥലങ്ങളിൽ നടക്കുന്നുണ്ട്. ഇനിയും ഏറെപ്പേർ അവയിൽ പങ്കെടുത്ത് വചനം പഠിക്കാൻ മുന്നോട്ടുവരേണ്ടതായുണ്ട്. വിശുദ്ധഗ്രന്ഥത്തിൽ ആഴമായ ജ്ഞാനം നേടിയ ബൈബിൾ പണ്ഡിതന്മാരുടെ നിറഞ്ഞ സാന്നിധ്യത്താൽ അനുഗ്രഹീതയാണ് കേരളസഭ. ബൈബിൾ വിജ്ഞാനീയത്തിൽ ഓരോ വർഷവും മലയാളത്തിൽ പ്രസിദ്ധീകൃതമാകുന്ന ഗ്രന്ഥങ്ങളുടെ കണക്കെടുത്താൽത്തന്നെ ഈ യാഥാർത്ഥ്യം ബോധ്യമാവുന്നതാണ്. ഇവരുടെ കൂട്ടായ യത്നങ്ങൾ തീർച്ചയായും നമുക്ക് വലിയ മുതല്ക്കൂട്ടായിരിക്കും. അവരെ പ്രാർത്ഥനകൾകൊണ്ടും ഗ്രന്ഥങ്ങൾ വാങ്ങിച്ചുകൊണ്ടും പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. ഒപ്പം, മാധ്യമമേഖലയിൽ പ്രവർത്തിക്കുന്ന കലാകാരന്മാരെയും കലാകാരികളെയും നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. ദൈവവചനം ആകർഷകമായ രീതിയിൽ സമൂഹത്തിലെത്തിക്കാൻ കൂടുതൽ ആഴമേറിയ ചിന്തകളും നടപടികളും അവരിൽ നിന്നുണ്ടാകട്ടെ. കേരളസഭയുടെ ബൈബിൾ പ്രേഷിതത്വത്തിൽ നേരിട്ടു പങ്കെടുക്കാൻ വ്യക്തിപരമായും കൂട്ടായും ഏവർക്കും കഴിയും. ഇതിനുള്ള ആദ്യപടി കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ അംഗങ്ങളാകുക എന്നതാണ്. ഇന്നു മുതൽ ജൂലൈ 13-ാം തീയതി വരെ നാം തീവ്രഅംഗത്വശേഖരണദിനങ്ങളായി ആചരിക്കുകയാണ്. 500 രൂപ മുതൽ മുകളിലേക്കുള്ള തുക അടച്ച് ആജീവനാന്ത അംഗത്വം നേടുന്നവർക്ക് കേരളസഭയിലെ ബൈബിൾ പ്രേഷിതത്വത്തിന്റെ ഓരോ ചുവടുവയ്പിലും ജനറൽ ബോഡിയംഗം എന്ന നിലയിലും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം, മാനേജിംഗ് കൗൺസിൽ അംഗം എന്നീ നിലകളിലും നിർദ്ദേശങ്ങൾ വഴിയും സഹകരണം വഴിയും പ്രചാ

രണം വഴിയും ഭാഗഭാക്കുകളാക്കാൻ കഴിയും. സൊസൈറ്റി അംഗങ്ങളെല്ലാവരും ഈ വരുന്ന ജൂലൈ 17-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാരിവട്ടം പി.ഒ.സി. യിൽ വച്ചുചേരുന്ന വാർഷികപൊതുയോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഈ വർഷം നാം ബൈബിൾ ഞായർ കൊണ്ടാടുമ്പോൾ ബൈബിൾ മേഖലയിൽ 'ആഴം ആഴത്തെ വിളിക്കുന്നു' എന്ന വലിയ യാഥാർത്ഥ്യം നമുക്ക് ഉൾക്കൊള്ളാം. ബൈബിൾ ഞായറിനോടനുബന്ധിച്ച് ബൈബിൾ ശുശ്രൂഷ, പ്രഭാഷണങ്ങൾ, റാലി, ക്ലാസ്സുകൾ, കലാസാഹിത്യമത്സരങ്ങൾ, പ്രദർശനങ്ങൾ, വീടുകളിൽ ബൈബിൾ പ്രതിഷ്ഠകൾ തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പസ്തോലേറ്റിനുംവേണ്ടി ബൈബിൾ ഞായറാഴ്ച ഓരോ ഇടവകയിലും നടത്തുന്ന പിരിവ് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതതു രൂപതകളിലെ ബൈബിൾ അപ്പോസ്റ്റലേറ്റ് ഡയറക്ടർമാരോട് കൂടുതൽ സഹകരിച്ച് ബൈബിൾ പ്രേഷിതത്വം കൂടുതൽ ഊർജ്ജസ്വലമാക്കാൻ ഏവരും തയ്യാറാകണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്. ആഴം ആഴത്തെ വിളിക്കുന്നു. ബൈബിൾ പ്രേഷിതത്വത്തിൽ ആഴപ്പെടാൻ വചനം തന്നെയായ ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി., കൊച്ചി
17-04-2010

N.B. ഈ സർക്കുലർ ജൂൺ 13-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമധ്യേ കേരളത്തിലെ എല്ലാ കത്തോലിക്കാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കണമെന്ന് താത്പര്യപ്പെടുന്നു.



സർക്കുലർ - 88

# ഒരു വീടിന് ഒരു മരം

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരങ്ങളേ,

ജൂൺ 5 പരിസ്ഥിതി ദിനമായി ലോകമെമ്പാടും ആചരിക്കുകയാണല്ലോ. പരിസ്ഥിതി വളരെയേറെ ഭീഷണികളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഒരു സമയമാണല്ലോ ഇത്. ഈ കാലഘട്ടത്തിൽ നാമനുഭവിച്ച അസഹനീയമായ ചൂട് ഇതിന് ഒരുദാഹരണമാണ്. പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ അനിയന്ത്രിതമായ കടന്നുകയറ്റമാണ് ഇതിനു കാരണമായിത്തീർന്നത്. ഈ അവസ്ഥയിൽ നാം പ്രകൃതിസംരക്ഷണത്തെക്കുറിച്ച് കൂടുതൽ ബോധവാന്മാരാകുകയും വരും തലമുറയെ പ്രകൃതിസംരക്ഷണത്തിന്റെ ആവശ്യകതയെന്തെന്ന് പഠിപ്പിക്കുകയും വേണം.

പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമന്റെ വാക്കുകൾ ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. 'സഭയ്ക്ക് സൃഷ്ടപ്രപഞ്ചത്തോട് വലിയ ഉത്തരവാദിത്വമുണ്ട്. പൊതുസമൂഹത്തിനു മുമ്പിൽ സഭ അത് വിളിച്ചുപറയണം. അതുവഴി വെള്ളം, വായു, ഭൂമി എന്നിവയെ സംരക്ഷിക്കുക മാത്രമല്ല മനുഷ്യവംശത്തെ സ്വയം നാശത്തിൽനിന്ന് രക്ഷിക്കുകയും ചെയ്യുന്നു". ഭൂമിയുടെ സംരക്ഷണത്തിന് 'എന്റേതായ' ബോധപൂർവ്വകമായ ഒരു സംഭാവന നൽകാൻ ഓരോരുത്തരും കടപ്പെട്ടവരാണ്.

പ്രകൃതിസംരക്ഷണത്തിന് അനേകം മാർഗ്ഗങ്ങളുണ്ടെങ്കിലും എല്ലാം നമുക്ക് ചെയ്യാനാവണമെന്നില്ല. എന്നാൽ ഏതെങ്കിലും ഒരു പ്രവൃത്തിയിൽ നമുക്ക് ഒരുമിച്ച് പങ്കുചേരാനാവും. അത് നമ്മുടെ കൂട്ടായ്മയുടെ വലിയ ഒരു വിളംബരമാവുകയും ചെയ്യും. തികച്ചും പ്രായോഗികമായ ആ ഒരു പ്രവൃത്തിയിലേക്ക് നിങ്ങളുടെല്ലാവരുടെയും ശ്രദ്ധയെ ഞാൻ ക്ഷണിക്കുകയാണ്. ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നമ്മുടെ രൂപതയിലെ എല്ലാ ഭവനങ്ങളിലും ഒരു വൃക്ഷത്തെ നടുക എന്നതാണ് ആ പ്രവൃത്തി. ഒരു വീടിന് ഒരു മരം എന്ന പദ്ധതി അങ്ങനെ രൂപത മുഴുവനും നമുക്ക് പ്രാവർത്തികമാക്കാനാകും.

നമ്മുടെ രൂപതയിലെ യുവജനസംഘടനയായ കെ.സി.വൈ.എമ്മാണ് ഈ പദ്ധതിയ്ക്ക് നേതൃത്വം നൽകുന്നത്. ഹരിതകേരളം, ഭൂമിയ്ക്ക് ഒരു കുട എന്നീ പ്രോജക്ടുകളിലൂടെ ലഭ്യമാകുന്ന വൃക്ഷത്തൈകൾ കെ.സി.വൈ.എം. അംഗങ്ങൾ ജൂൺ 5-ാം തീയതി ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്. ഈ പദ്ധതിക്ക് 'ഹരിതോത്സവ് 2010' എന്നാണ് പേരിട്ടിരിക്കുന്നത്. ഫൊറോനാകേന്ദ്രങ്ങളിൽ എത്തിക്കുന്ന വൃക്ഷത്തൈകൾ അവിടെനിന്ന് ജൂൺ 5-ാം തീയതി തന്നെ മറ്റു പള്ളികളിലേക്ക് നൽകേണ്ടതാണ്. ഫൊറോനകളുടെ കീഴിലുള്ള പള്ളികൾ ഫൊറോനാകേന്ദ്രത്തിലെത്തി ഇടവകയിലെ കുടുംബങ്ങളുടെ എണ്ണമനുസരിച്ച് തൈകൾ വാങ്ങിക്കൊണ്ടു പോകേണ്ടതാണ്. വൃക്ഷത്തൈവിതരണത്തിൽ ബഹു. വികാരിയച്ചന്മാരുടെയും സന്യസ്തരുടെയും പള്ളികമ്മറ്റിയംഗങ്ങളുടെയും വിവിധ സംഘടനാംഗങ്ങളുടെയും നിർലോഭമായ സഹകരണം ഉണ്ടാകണം. ഇങ്ങനെ ലഭ്യമാകുന്ന തൈകൾ ജൂൺ 6-ാം തീയതി ഞായറാഴ്ച ഒരു വീടിന് ഒരു തൈ എന്ന കണക്കിൽ ഇടവകകളിൽ വിതരണം ചെയ്യുകയും രൂപതയിലെ എല്ലാ ഭവനങ്ങളിലും അന്നേദിവസം ഈ തൈ നടുകയും ചെയ്യേണ്ടതാണ്. വൃക്ഷങ്ങൾ സംരക്ഷിക്കേണ്ടതിന്റെയും നശിപ്പിക്കപ്പെട്ടതിനുപകരം വരും തലമുറയ്ക്കായി പുതുതായി മരങ്ങൾ നട്ടുപിടിപ്പിക്കേണ്ടതിന്റെയും ആവശ്യകത മനസ്സിലാക്കാനും പ്രകൃതിസംരക്ഷണത്തെക്കുറിച്ച് കൂടുതൽ ബോധവാന്മാരാകാനും നമ്മുടെ ഈ സംരംഭം എല്ലാവരെയും സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്" (യോഹ. 10:10) എന്ന ഈശോയുടെ വാക്കുകൾ ഓർമ്മിപ്പിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

പാലാ
27-05-10

മാർ ജോസഫ് കല്ലറങ്ങാട്ട്
പാലാ രൂപതാ മെത്രാൻ

മേയ് 30-ാം തീയതി വിശുദ്ധകുർബാനമധ്യേ വായിക്കുവാനായി നൽകിയ സർക്കുലർ



ലേഖനം

# ദൈവബന്ധം കുറയുന്ന മതങ്ങളും ജനബന്ധം കുറയുന്ന ഡെമോക്രസിയും

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

താല്ക്കാലികലാഭങ്ങളും ഹ്രസ്വദൃഷ്ടിയിൽനിന്നുളവാകുന്ന സ്ഥാപിതതാല്പര്യങ്ങളും കേരളസമൂഹത്തിന്റെ പുരോഗതിയെ സാരമായി തടസ്സപ്പെടുത്തുന്നുണ്ട്. ഇത് കേവലം ഒരു രാഷ്ട്രീയപ്രശ്നമോ, സാമുദായികാവസ്ഥയോ അല്ല, മറിച്ച് സംസ്ക്കാരത്തിന്റെ പ്രശ്നമാണ്. സംസ്കാരത്തിന്റെ ഏതു പ്രശ്നങ്ങളും ഉപരിപ്ലവമായ വെള്ളപൂശലുകൾ വഴിയോ ഒത്തുതീർപ്പുകൾ വഴിയോ സമരസപ്പെടുത്താവുന്ന പ്രതിഭാസങ്ങളല്ല. കേരളസമൂഹം ഇന്നു നേരിടുന്ന എല്ലാ പ്രതിസന്ധികൾക്കും പ്രശ്നങ്ങൾക്കുംപിന്നിൽ സാരമായ സാംസ്കാരിക സമസ്യകളുണ്ട്. അവയെ നിർണ്ണയിക്കുകയും പരിഹരിക്കുകയും ചെയ്യുക ഇന്നിന്റെ സത്വരആവശ്യമാണ്.

നമ്മുടെ നാട്ടിലെ മതമൗലികവാദം, രാഷ്ട്രീയധ്രൂവീകരണങ്ങൾ, സാമുദായികസ്പർദ്ധകൾ, വികസനവിരോധം, വരട്ടുതത്വശാസ്ത്രങ്ങളുടെ പിന്നാലെയുള്ള പരക്കംപാച്ചിലുകൾ, വിദ്യാവിരോധം, നിഷേധാത്മകസാമൂഹ്യസമീപനങ്ങൾ, അക്ഷരലോകത്തിലെ പാപ്പരത്തം, ഇല്ലാത്ത പ്രശ്നങ്ങളുടെ പേരിലുള്ള വാദകോലാഹലങ്ങൾ, മാദ്ധ്യമരംഗത്തെ സെൻസേഷനിസം ഇവ എല്ലാം കൂട്ടിവായിക്കുമ്പോൾ, രോഗഗ്രസ്ഥമായ ഒരു സമൂഹത്തിന്റെ ബോധതലത്തിനുവന്നിരിക്കുന്ന തലതിരിച്ചിലുകളിലേക്ക് നമ്മുടെ ശ്രദ്ധ തിരിയും. മതം, രാഷ്ട്രീയം, സമുദായം, കല, വിനോദം, തൊഴിൽ, അദ്ധ്യയനം, കുടുംബം ഇവയ്ക്കെല്ലാം പ്രചോദകമായിനില്ക്കുന്ന മൂല്യങ്ങളുടെ ഒരു ശ്രേണിയുണ്ട്. ആ മൂല്യശ്രേണി കെട്ടുപിണയുകയും ഇഴ പിരിയുകയും ചെയ്യുമ്പോൾ സമൂഹത്തിന്റെ അടിത്തറ ഇളകുന്നു. പിന്നീടു സംഭവിക്കുന്നവ എല്ലാം അലങ്കോലാവസ്ഥയും ബോധക്ഷയങ്ങളും ധർമ്മനഷ്ടങ്ങളും ആന്തരികത ചോർന്നുപോയ പൊള്ളത്തരങ്ങളുമായിരിക്കും.

സാംസ്കാരികവിചിന്തനങ്ങൾ നടത്തുമ്പോൾ ആദ്യം നിർണ്ണയിക്കേണ്ടത് എന്താണ് സംസ്കാരം, എന്താണ് ധർമ്മം എന്നൊക്കെയാണ്. ഉള്ളിൽനിന്നും പുറത്തേക്കുവരുന്നവയാണ്, ഉള്ളിലേക്ക് പോകുന്നവയല്ല ഒരു വ്യക്തിയെ നല്ലതോ ചീത്തയോ ആക്കുന്നത്. എല്ലാം വായിച്ചും പഠിച്ചും അറിഞ്ഞും അനുഭവിച്ചും കഴിയുമ്പോൾ ഒരു വ്യക്തിയുടെ ഹൃദയത്തിൽനിന്നും പുറത്തേക്കു വരുന്നത് എന്തോ അതാണ് ആ വ്യക്തിയുടെ സംസ്കാരം. ഹൃദയത്തിൽനിന്നും ആത്മാവിൽനിന്നും നേരിട്ടുവരുന്ന ഫലങ്ങളെപ്പറ്റി വി. പൗലോസ്ശ്ലീഹാ പഠിപ്പിക്കുന്നുണ്ട്: സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, കരുണ, നന്മ, വിശ്വാസം, സൗമ്യത, ആത്മസംയമനം ഇവയാണ് ആ നന്മകൾ. ഇവ ഒരുമിച്ചുകൂട്ടി വായിക്കുമ്പോൾ ലോകത്തിലെ ഏറ്റവും ആർദ്രവും മൃദുലവും നിർമ്മലവുമായ ഒന്നിന്റെ പേരു നമുക്കു ലഭിക്കും - സ്നേഹം. വാക്കിലും കർമ്മത്തിലും എഴുത്തിലും ചിന്തയിലും ഇതിലും ശ്രേഷ്ഠമായ ഒന്നില്ല. ഇതുതന്നെയാണ് ധർമ്മവും സംസ്കാരവും.

എല്ലാ മതങ്ങളും ഹൃദയത്തെ ആർദ്രമാക്കുന്ന ഈ സദ്ഭാവത്തിലേക്ക് വിരൽ ചൂണ്ടുന്നു. യഹൂദമതത്തിന്റെ പത്തു ദൈവകല്പനകളും ക്രിസ്തുമതത്തിന്റെ അഷ്ടഭാഗ്യങ്ങളും ബുദ്ധമതത്തിന്റെ ബുദ്ധം - ധർമ്മം - സംഘം ഗച്ഛാമിയും, ജൈനമതത്തിന്റെ അടിസ്ഥാനദർശനങ്ങളായ അഹിംസയും അസ്തേയവും ബ്രഹ്മചര്യവും സത്യവും അപരിഗ്രഹവും മനുഷ്യനെ വിജയിയാക്കുന്ന ഘടകങ്ങളാണ്; അവ തന്നെയാണ് സംസ്ക്കാരത്തിന്റെ നെടുംതൂണുകളും. ഹിന്ദുമതത്തിന്റെ പരമലക്ഷ്യമായ മുക്തിയിലേക്ക് നയിക്കുന്ന ഭക്തി, കർമ്മ, രാജ, ജ്ഞാനയോഗങ്ങളും വ്യക്തികളുടെ അന്തരംഗത്തെ ശുദ്ധിചെയ്യുന്ന വഴികളാണ്. ഇസ്ലാംമതത്തിന്റെ അഞ്ച് അടിസ്ഥാനതത്വങ്ങളും മനുഷ്യനെ സുരക്ഷിതത്വത്തിലേക്കും സമാധാനത്തിലേക്കും നയിക്കുന്ന വഴികളാണ്.

സംസ്കാരങ്ങളുടെ അടിത്തറയും ആത്മാവും മതങ്ങളാണ്. ഓരോ മതവും ലോകസംസ്കാരത്തിന് ഘനപ്പെട്ട സംഭാവനകൾ നല്കുന്നു. എന്നാൽ മതങ്ങൾ ഏറെ സ്ഥാപനവല്ക്കരിക്കപ്പെടുന്നതിന്റെ ഫലമായി അവ മനുഷ്യനിൽനിന്നും ദൈവത്തിൽനിന്നുതന്നെയും അകലുന്ന ഒരു ദുഃഖചിത്രം ഇന്നു ദൃശ്യമാണ്. സ്ഥാപനവൽക്കരിക്കപ്പെട്ട മതങ്ങൾക്ക് അന്തർദർശനങ്ങളില്ല. യഹൂദമതത്തിന്റെ ഉൽകൃഷ്ടഭാവങ്ങളിൽ ഒന്ന് ആത്മവിമർശകരായ പ്രവാചകന്മാർ ആ



മതത്തെ ശുദ്ധി ചെയ്യുന്ന അഗ്നിനാവുകളായി ജ്വലിച്ചുനിന്നു എന്നതാണ്. പ്രവാചകശബ്ദം നിലച്ചുപോകുന്ന മതങ്ങൾ നിർജ്ജീവങ്ങളാകും. മതത്തിന്റെ ബാഹ്യരൂപം അഭംഗുരം പരിരക്ഷിക്കുകയും അതിന്റെ ആന്തരികസത്ത ചോർത്തിക്കളയുകയും ചെയ്യുന്ന ധർമ്മമാർഗ്ഗത്തിലെ അപഭ്രംശം നമ്മുടെ സാമൂഹ്യജീവിതത്തിൽ ഇന്നു പിടി മുറുക്കിയിരിക്കുന്നു. മതങ്ങൾ നന്മയുടെയും മാനവികതയുടെയും സംസ്ക്കാരത്തിന്റെയും വിശ്വരൂപങ്ങളായിരിക്കണം; ചൈതന്യവത്തായിരിക്കണം. സദാ തിരുത്തൽശക്തിയും ശുദ്ധീകരണഉപാധിയും, ശാന്തിദായിനികളുമായി നില്ക്കുന്ന മതങ്ങൾ ജനരക്ഷാമാർഗ്ഗങ്ങളാണ്. അവയ്ക്കു വന്ന ഗതിമാറ്റമാണ് ഇരുപത്തിയൊന്നാംനൂറ്റാണ്ടിലെ വലിയ ഒരു സാംസ്ക്കാരികഅപജയം. ഇതു പ്രതിഫലിക്കുന്നത് തിന്മയുടെ ഭീകരമുഖങ്ങൾ പ്രത്യക്ഷമാക്കിയാണ്. ഭീകരത, മനുഷ്യാവകാശലംഘനങ്ങൾ, വംശഉന്മൂലനങ്ങൾ, പ്രകൃതിയോടുള്ള ക്രൂരതകൾ, ഹീനമായ ഉച്ചനീചത്വങ്ങൾ തുടങ്ങിയവ ഇന്ന് അസുലഭങ്ങളല്ലല്ലോ. ഒരു മതത്തിനും അതിന്റെ ആന്തരികസത്തയോട് അല്പമെങ്കിലും വിശ്വസ്തത പുലർത്തിക്കൊണ്ട് ഭീകരപ്രവർത്തനങ്ങളെയോ നരഹത്യകളെയോ ഒരു വിധത്തിലും ന്യായീകരിക്കുവാനാവില്ല. സമാധാനപ്രിയരെന്നു സ്വയം അഭിമാനിക്കുന്ന ഭാരതീയരായ നമ്മുടെ മനസ്സുകളിലും അക്രമചിന്തകൾ ഏറെ കയറിക്കൂടിയിരിക്കുന്നു.

ഭാരതം ദർശനങ്ങളുടെ പുണ്യഭൂമിയാണ്. യാഥാർത്ഥ്യത്തെപ്പറ്റിയുള്ള ഉൽക്കൃഷ്ടദർശനങ്ങളാൽ സമ്പന്നമാണ് നമ്മുടെ മാതൃഭൂമി. ന്യായ, സംഖ്യ, യോഗ, വേദാന്ത, പൂർവ്വമീമാംസ, ഉത്തരമീമാംസ എന്നീ ആറ് ദർശനങ്ങളുടെ ജന്മഭൂമിയിൽ എന്തുകൊണ്ട് ഭീകരതകളും അശാന്തിയും പൊട്ടിപുറപ്പെടുന്നു? അവിദ്യയും സ്വാർത്ഥതയും, രാഗവും, ദ്വേഷവും അഭിനിവേശങ്ങളുമാകുന്ന അഞ്ച് അടിസ്ഥാനതിന്മകൾക്ക് എതിരെ ആത്മസമരത്തിലേർപ്പെടണമെന്ന് പഠിപ്പിച്ച പതഞ്ജലിയുടെ നാട്ടിൽ രാഗദ്വേഷഅഭിനിവേശങ്ങളുടെ വേലിയേറ്റം ദൃശ്യമാണ്. മതം ആചാരങ്ങൾക്കപ്പുറം ആത്മീയതയാണെന്ന് നാം തിരിച്ചറിയണം. മതം ആഭരണമല്ല. ആത്മാവാണ്. ആത്മീയതയുടെ തലത്തിൽ ഒന്നിപ്പിനല്ലാതെ ഭിന്നിപ്പിന് സാധ്യതകളില്ല. മതങ്ങൾ ആദ്യം ദൈവബന്ധം ദൃഢപ്പെടുത്തണം. എങ്കിലേ അവ മനുഷ്യസംസ്ക്കാരത്തിന്റെ അത്യുദാത്തതലങ്ങളിൽ പ്രസക്തി നേടൂ.

ഭാരതത്തിന്റെ പ്രധാന സവിശേഷത, മതാത്മകതയും ആത്മീയചിന്തയും അതിന്റെ അനുദിനജീവിതഭ്രമങ്ങളുടെയെല്ലാം യഥാർത്ഥ അച്ചുതണ്ടായിനില്ക്കുന്നു എന്നതാണ്. ഈ സത്യം ഇവിടെ ഏറ്റവും അധികം തിരിച്ചറിഞ്ഞിരിക്കുന്നത് ഇവിടത്തെ രാഷ്ട്രീയപാർട്ടികളാണ്. മതങ്ങളെ പരസ്യമായി തള്ളിപ്പറയുകയും അധിക്ഷേപിക്കുകയും എന്നാൽ മറുവശത്ത് സ്വകാര്യമായി മതഭക്തിചിന്ത താലോലിക്കുകയും ചെയ്യുന്ന ഇരട്ടമുഖങ്ങൾ ഇവിടെ അസുലഭമല്ല. മതനിരപേക്ഷത പുലർത്തുന്നവരും സ്വന്തം കുടുംബ ആവശ്യങ്ങളിൽ ഈശ്വരചിന്തയും ആചാരവിധികളും കൈവിടുന്നില്ല. നമ്മുടെ രാഷ്ട്രീയപ്രസ്ഥാനങ്ങൾക്ക് മുഖം മിനുക്കുവാനും സ്വീകാര്യത ലഭിക്കുവാനുമുള്ള ഉപഭോഗവസ്തുവായി മതം നിന്നാൽപ്പോര. മഹാത്മാഗാന്ധിയുടെ ഭാരതത്തിൽ അശോകചക്രം ദേശീയപതാകയിൽ മുദ്രിതമായിരിക്കുന്ന രാഷ്ട്രത്തിൽ മതമൂല്യങ്ങൾ രാഷ്ട്രജീവിതത്തെ ധന്യമാക്കുന്ന ഉൽക്കൃഷ്ടനിധികളായി എല്ലാ ജനസേവകരും തിരിച്ചറിയണം. രാഷ്ട്രീയവേദികളിൽ ഉപയോഗിക്കുന്ന നിരവധിപദങ്ങൾക്കും മതചൈതന്യമുണ്ടെന്ന വസ്തുത പലർക്കും അറിയില്ലെന്നു തോന്നും. സത്യാഗ്രഹം എന്ന പദം ഏറെ ഉപയോഗിക്കുന്നു, അതിന്റെ അന്തരാർത്ഥം സത്യം തന്നെയായ ഈശ്വരനുവേണ്ടിയുള്ള ദാഹമാണെന്ന് നാം ഓർമ്മിക്കാറില്ല.

മതമൂല്യങ്ങൾ ആരെയും സങ്കുചിതരാക്കുകയില്ല, രാഷ്ട്രജീവിതത്തെ സമ്പന്നമാക്കുകയേയുള്ളൂ; വിശ്വവിശാലമായ ക്ഷേമചിന്തയിലേക്ക് അവ വ്യക്തികളെ വളർത്തും. പ്രകൃതിയും മണ്ണും മരങ്ങളും തോടും പുഴയും മേഘവും മഴയും മഞ്ഞും നക്ഷത്രങ്ങളും മൃഗങ്ങളും ശലഭങ്ങളും നമ്മുടെ സഹോദരീസഹോദരന്മാരാണ് എന്ന തിരിച്ചറിവിലേക്ക് നാം എത്തും. ഇന്നിന്റെ പരിസ്ഥിതിപ്രശ്നങ്ങൾക്കുപിന്നിൽ മനുഷ്യൻ പ്രകൃതിയെ അന്യവല്ക്കരിച്ചു എന്ന ഗൗരവതെറ്റുണ്ട്. പരിസ്ഥിതിസ്നേഹവും ധർമ്മചിന്തകളും വിശ്വസാഹോദര്യവും നമ്മുടെ സാമൂഹ്യജീവിതത്തെ ക്ഷേമകരവും ശുഭകരവും ആക്കും. നിയമങ്ങളുടെ നിർബന്ധങ്ങൾ മനുഷ്യനെ പരിസ്ഥിതിസ്നേഹി ആക്കുകയില്ല. അതിന് അന്തരാത്മാവിന്റെ നയനങ്ങൾ തുറക്കുന്ന ആത്മീയപ്രകാശമാണാവശ്യം.

ഇന്നു നമ്മുടെ ജനാധിപത്യസംവിധാനം അഭിമുഖീകരിക്കുന്ന വ്യാകുലങ്ങളിൽ ഒന്ന് അവയ്ക്ക് ജനബന്ധം കുറയുന്നു എന്നതാണ്.



ഇന്ത്യയിലെ സാധാരണക്കാരന്റെ ജീവിതത്തിൽനിന്നും സംവിധാനങ്ങളുടെ തലപ്പത്തിരിക്കുന്നവർ, നീണ്ട അഞ്ചു വർഷങ്ങളിലെ ഭരണ-പ്രതിപക്ഷപോരാട്ടങ്ങൾക്കിടയിൽ, സംവാദങ്ങളും തർക്കവിതർക്കങ്ങളും അധികാരം പങ്കുവയ്ക്കൽ വടംവലികളുമായി മറ്റൊരു ലോകത്തിലേക്ക് നീങ്ങുകയായി. രാഷ്ട്രജീവിതത്തിന്റെ പ്രധാന പ്രശ്നങ്ങൾ, കാലഹരണപ്പെട്ടവരോ അനുയായികളെ നഷ്ടപ്പെട്ടവരോ ആയ നേതാക്കളെ പുറത്തുകളയുന്നതും അകത്തുപ്രവേശിപ്പിക്കുന്നതുമായി ചുരുക്കുന്നു! ഇതിന്റെ തിക്തഫലമോ? ഭാരതം ജന്മം നല്കി, ലോകത്തിനു നിധിയായി നല്കിയ സർവ്വാദരണീയരായ വ്യക്തികളുടെ ജീവിതങ്ങൾക്കു നമ്മുടെ ദേശീയജീവിതത്തിൽ സ്ഥാനം ഇല്ലാതാവുന്നു. ആദിശങ്കരന്റെയും ശ്രീരാമാനുജാചാര്യരുടെയും ശ്രീമാധവാചാര്യരുടെയും വർദ്ധമാനമഹാവീരന്റെയും ശ്രീബുദ്ധന്റെയും നാട്ടിൽ അവരുടെ മൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു. ആധുനികഭാരതം ജന്മംനല്കിയ ശ്രീരാമകൃഷ്ണപരമഹംസനും ശ്രീ വിവേകാനന്ദനും ഗാന്ധിജിയും ടാഗോറും നമ്മുടെ ഭരണപീഠങ്ങളെ സ്വാധീനിക്കുന്നില്ല. ആർഷസംസ്ക്കാരം അസുരസംസ്ക്കാരമായി മാറിയിരിക്കുന്നു. ബ്രിട്ടീഷ് സാമ്രാജ്യം അവശേഷിപ്പിച്ചിട്ടുപോയ മേൽക്കോയ്മയും അധീശത്വചിന്തകളും അധികാരഗർവ്വും ഉദ്യോഗസ്ഥമേധാവിത്വങ്ങളുമല്ലേ രാജ്യത്തിന്റെ ഭരണചക്രം തിരിക്കുന്ന രംഗങ്ങളിലെല്ലാം പിടിമുറുക്കിയിരിക്കുന്നത്. ഉദ്യോഗസ്ഥർ എന്ന ഒരു പുതിയ മേലാളവർഗ്ഗത്തെ ഭയന്നു കഴിയുന്ന ശരാശരിഭാരതീയന്റെ അവസ്ഥ എത്ര ദയനീയമാണ്. നന്മയുടെ ധാരാളം ദീപനാളങ്ങൾ ഉണ്ട് എന്നത് നാം വിസ്മരിച്ചുകൂടതാനും. ഭരണം ജനങ്ങളുടെ കരങ്ങളിൽ എന്നു പറയുമ്പോഴും, ജനകരങ്ങളിൽ നിസ്സഹായതയും ഭീതിയും നിരാശ്രയത്വവുമല്ലേ മൂലധനമായുള്ളൂ. നമ്മുടെ സാമൂഹ്യ-മതജീവിതക്രമങ്ങളെ എല്ലാം സനാതന മൂല്യങ്ങളുടെ പ്രകാശത്തിൽ ഒരു പുനർവായനയ്ക്കു വിധേയമാക്കണം. മതങ്ങളുടെ ദൈവബന്ധവും ജനാധിപത്യത്തിന്റെ ജനബന്ധവും ഒരുപോലെ വളരുന്നതിന് ഇതു സഹായിക്കും.

ലോകമതങ്ങളുടെ എല്ലാം മൂല്യക്രമങ്ങളെ പഠനവിധേയമാക്കി, അവയ്ക്ക് അടിസ്ഥാനമായ ആറ് മൂല്യങ്ങളെപ്പറ്റി ധർമ്മബോധത്തിൽ വിശ്വസിക്കുന്ന പണ്ഡിതർ പഠിപ്പിക്കുന്നുണ്ട്. ഈ അടിസ്ഥാനമൂല്യങ്ങൾ നമ്മുടെ മത-സാമൂഹ്യജീവിതങ്ങളെ കരുപ്പിടിപ്പിക്കണം. ഇവയാണ് ആ അടിസ്ഥാന മൂല്യങ്ങൾ: ആത്മീയത, ജ്ഞാനം, ധീരത,

സ്നേഹം, നീതി, സംയമനം. ഇവ ആറും നിരവധി ഉപമൂല്യങ്ങളുടെ മാതൃസ്ഥാനങ്ങളാണ്. ആത്മീയത നഷ്ടമാകുന്നതോടെ ജീവനും ഓജസ്സും കർമ്മശേഷിയും നഷ്ടമായി, പ്രസ്ഥാനങ്ങൾ വാടിത്തളർന്ന് നിലംപതിക്കും. ആന്തിരികത നഷ്ടമാകുന്നതോടെ സംസ്ക്കാരങ്ങൾ തളരും. പ്രത്യയശാസ്ത്രങ്ങൾ ഗതിമുട്ടും. അങ്ങനെ അവ കാലത്തിന്റെ ചവറ്റുകുട്ടകളിൽ സ്ഥാനം പിടിക്കും. ദേശീയഅവമതിയോടെ അവ സംസ്കരിക്കപ്പെടും.

ധീരത ഒരു ജനതയുടെ ആർജ്ജിതകരുത്താണ്. സത്യത്തിനും ധർമ്മത്തിനുംവേണ്ടി ശിരസ്സുയർത്തിപ്പിടിക്കാൻ ധീരത പ്രാപ്തി നല്കുന്നു. ക്ഷമ ധീരന്മാരുടെ ആയുധമാണെന്ന് മഹാത്മജി പ്രസ്താവിച്ചത് ഇതുകൊണ്ടാണ്. ധീരതയുടെ കർമ്മത്തേരിൽ സഞ്ചരിക്കുന്ന ഒരു രാഷ്ട്രത്തെയാണ് മഹാകവി ടാഗോർ സ്വപ്നം കണ്ടത്. നമ്മുടെ ഹൃദയസ്ഥിതി മെച്ചമായാലേ പരിസ്ഥിതിയും മെച്ചമാകൂ. മനസ്സിന്റെ ചക്രവാളത്തിലാണ് ആദ്യം നന്മയുടെ മഴവില്ല് വിരിയേണ്ടത്. അക്രമരാഹിത്യം സ്നേഹംതന്നെയാണ്. സമസ്തജീവജാലങ്ങൾക്കും ക്ഷേമവും ഐശ്വര്യവും ആയുസ്സും ആരോഗ്യവും സമൃദ്ധിയിൽ ലഭിക്കണമെന്നു ചിന്തിക്കുവാൻ കഴിയുമ്പോഴേ നീതി പ്രകാശിതമാകൂ. അന്നന്നുവേണ്ട അപ്പം അനുദിനം ഞങ്ങൾക്കു തരണമേ എന്ന ബൈബിൾപ്രാർത്ഥനയിലെ 'ഞങ്ങൾ' സൃഷ്ടപ്രപഞ്ചം മുഴുവനുമാണ്. ഈ പ്രാർത്ഥനയിലെ സാമൂഹ്യഅവബോധവും പരിസ്ഥിതിചിന്തയും നിസ്സീമമാണ്. ഭക്ഷണം ആവശ്യമുള്ള സമസ്തജീവജാലങ്ങളും ചരാചരങ്ങളും ഇന്ന് സംതൃപ്തി അനുഭവിക്കട്ടെ എന്ന ഉൽകൃഷ്ട ചിന്ത ഈ ബൈബിൾവിചാരത്തിനു പിന്നിലുണ്ട്.

മനുഷ്യാവകാശങ്ങൾ ക്രൂരമായി ധ്വംസിക്കപ്പെടുന്ന ലോകത്തിൽ നന്മ വിളയുന്നതിൽ ദൈവമനുഷ്യബന്ധങ്ങൾ എല്ലാ മാനങ്ങളിലും മെച്ചമാവണം. അർഹിക്കുന്ന നന്മയുടെയും സന്തോഷത്തിന്റെയും എത്രയോ ചുരുങ്ങിയ അളവുമാത്രമാണ് ഇന്ന് സമൂഹം പരസ്പരം നല്കുകയും സ്വീകരിക്കുകയും ചെയ്യുന്നുള്ളൂ. ഇത് സംസ്ക്കാരത്തിന്റെ പാപ്പരത്തമാണ്. നന്മയുടെ ഒരു സംസ്ക്കാരം ഏറെ വളക്കൂറുള്ള വിളനിലമാണ്. തിന്മയുടെ പാഴ്നിലങ്ങളെ നന്മവിളയുന്ന പുണ്യഭൂമിയാക്കിമാറ്റുന്നതിന് നമ്മിലെ മാനവികത നമ്മെ നിർബന്ധിക്കട്ടെ.



# വിയാനി ചിന്തകൾ - ൯

മാർ ജോസഫ് കല്ലറങ്ങാട്ട്



1. നാം ദൈവത്തെ സ്നേഹിക്കുകയും ദൈവകൃപയിലായിരിക്കുകയും ചെയ്യുമ്പോൾ ദൈവരാജ്യം നമ്മുടെ ഉള്ളിൽ സ്ഥിതി ചെയ്യുന്നു.
2. വിശുദ്ധകുർബാന യോഗ്യതയോടുകൂടി സ്വീകരിക്കുവാൻ ഈശോയോട് ഒന്നായിത്തീരാനുള്ള വലിയ ആഗ്രഹം വിശ്വാസിക്ക് ഉണ്ടായിരിക്കണം.
3. "തല ചായ്ക്കാൻ അവന് ഇടമില്ല" എന്ന് പ്രവാചകൻ മുൻകൂട്ടി പ്രവചിച്ചു. തന്റെ ദൈവികപുത്രന്റെ ജനനത്തോട് വളരെ താദാത്മ്യം പ്രാപിക്കുന്നതിനായി ദാരിദ്ര്യത്തിൽ ജനിക്കുന്നതിന് പരിശുദ്ധ കന്യകയെ ദൈവം അനുവദിച്ചു.
4. നമ്മൾ പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ഹൃദയം ദൈവത്തിനായി തുറന്നു കൊടുക്കണം.
5. നമ്മുടെ പ്രത്യാശ മുഴുവൻ ദൈവത്തിൽ വയ്ക്കുകയാണെങ്കിൽ നാം എത്രയധികം സന്തുഷ്ടരായിരിക്കും.
6. ഏറ്റവും അധികം സഹിച്ചവരാണ് ഏറ്റവും വലിയ വിശുദ്ധർ.
7. നമ്മൾ രാത്രിയിൽ ഉണരുമ്പോൾ "എന്റെ ദൈവമേ, ഇതാ ഞാൻ. നിന്നെ ആരാധിക്കുവാനും നിന്നെ സ്തുതിക്കുവാനും നിനക്ക് നന്ദി പറയുവാനും നിന്നെ സ്നേഹിക്കുവാനും മാലാഖമാരോടൊത്ത് നിന്നോടുകൂടി ആയിരിക്കുവാനും ഞാൻ വരുന്നു" എന്നു പറഞ്ഞുകൊണ്ട് ആത്മാവിൽ നമ്മെത്തന്നെ ദിവ്യസക്രാരിയുടെ മുമ്പിലേക്ക് സംവഹിക്കണം.

8. വിശ്വാസത്തിന്റെ കണ്ണുകളിലൂടെ ദർശിക്കുവാനായി വിശുദ്ധ കുർബാനയിൽ ഈശോ മറഞ്ഞിരിക്കുന്നു.

9. രണ്ട് കാര്യങ്ങൾ ഒരേ സമയത്ത് ചെയ്യുവാൻ നമ്മൾ നിർബന്ധിക്കപ്പെടുമ്പോൾ ഏറ്റവും താൽപര്യം കുറഞ്ഞത് നാം തെരഞ്ഞെടുക്കണം.

10. ക്രൂശിതനായ കർത്താവിന്റെ ശിഷ്യനാണെന്നും അവനെ സ്വന്തമാക്കുന്നതിൽ താനഭിമാനിക്കുന്നുവെന്നും ഭവനത്തിൽ പ്രവേശിക്കുമ്പോൾ നീ അറിയുവാൻ നിന്റെ ഭവനത്തിന്റെ ഭിത്തിയിൽ ഒരു ക്രൂശിതരൂപം ഉണ്ടായിരിക്കണം.

11. തനിക്ക് തരാവുന്നതെല്ലാം ഈശോമിശിഹാ നമുക്ക് തന്നതിനുശേഷം തന്റെ കഷ്ടപ്പാടുകളുടെ യോഗ്യതകളായ തന്റെ സഹനങ്ങളും ദാരുണമായ മരണവും തനിക്ക് അവശേഷിപ്പിച്ചു. നമ്മുടെ ആത്മാവിന്റെ ഭക്ഷണമായി തന്റെ ആരാധ്യമായ ശരീരവും രക്തവും നമുക്ക് നല്കി. ഏറ്റവും അമൂല്യമായ തന്റെ പരിശുദ്ധ അമ്മയെയും നമുക്ക് നല്കി.

12. ദൈവത്തെ സ്വീകരിക്കുന്നവരുടെ വ്യതിരിക്തമായ അടയാളം സ്നേഹം ആയിരിക്കുന്നതുപോലെ അവനെ ഉപേക്ഷിക്കുന്നവരുടെ അടയാളം വെറുപ്പാണ്.

13. നിന്റെ പ്രലോഭനങ്ങൾ പാപികളുടെ മാനസാന്തരത്തിനായി കാഴ്ചവയ്ക്കുക. നീ ഇങ്ങനെ ചെയ്യുന്നത് പിശാച് കാണുമ്പോൾ അവൻ അവനോട് തന്നെ കോപവെറി പൂണ്ട് ഓടിപ്പോകുന്നു. എന്തുകൊണ്ടെന്നാൽ ആ പ്രലോഭനങ്ങൾ അവനു തന്നെ എതിരായിട്ട് തിരിയുന്നു.

14. അപമാനിക്കപ്പെടുന്ന കാര്യത്തിൽ ഈശോ ഒരിക്കലും ഭയപ്പെട്ടിരുന്നില്ല.



15. പിശാച് കയറാനായി ഉപയോഗിക്കുന്ന വാതിലുകളായ ഇന്ദ്രിയങ്ങളും മനസ്സും ഹൃദയവും നിങ്ങൾ കാത്തു സൂക്ഷിക്കണം.

16. ദൈവശുശ്രൂഷയും ആത്മാക്കളുടെ രക്ഷയും മാത്രമേ കർത്താവിന്റെ ദിവസമായ ഞായറാഴ്ചകളിൽ ചെയ്യാവൂ എന്നുള്ളതാണ് ദൈവത്തിന്റെ ഇഷ്ടം. അതുവഴിയായി ആ ആഴ്ചയിലെ ജോലികൾക്ക് വേണ്ട അനുഗ്രഹങ്ങൾ നമ്മൾ നേടിയെടുക്കുന്നു.

17. സമ്പത്തിനെയും ജഡികസന്തോഷങ്ങളെയും സ്നേഹിക്കുന്നവർ ലോകത്തിന്റെ ശുശ്രൂഷയിൽ തളർന്ന ഹൃദയത്തിന്റെ അവശിഷ്ടങ്ങളല്ലാതെ മറ്റൊന്നും ദൈവത്തിന് സമർപ്പിക്കുന്നില്ല.

18. ദിവസത്തിന്റെ ആരംഭത്തിൽ നമ്മൾ ഈശോയുമായി ഒന്നാകുന്നതിനുള്ള എല്ലാ പരിശ്രമങ്ങളും നടത്തണം. അതിനുശേഷം ഈ ഹൃദയ ഐക്യത്തോടുകൂടി മറ്റു കാര്യങ്ങൾ ചെയ്യുമ്പോൾ ദിവസം മുഴുവൻ പ്രാർത്ഥനയായി മാറുന്നു.

19. സഹോദരസ്നേഹത്തിൽ അടങ്ങിയിരിക്കുന്നത് മൂന്നു കാര്യങ്ങളാണ്. എല്ലാവരുടെയും നന്മ ആഗ്രഹിക്കുക, നമുക്കു ചെയ്യാൻ പറ്റുന്ന നന്മ ചെയ്യുക, മറ്റുള്ളവരുടെ തെറ്റുകളും പോരായ്മകളും സഹിക്കുകയും ക്ഷമിക്കുകയും ഒളിക്കുകയും ചെയ്യുക.

20. വിശുദ്ധ കുർബാന സ്വീകരണത്തിനുള്ള ഒരുക്കവും നന്ദി പ്രകടനവും ആയിരിക്കണം ഒരുവന്റെ അനുദിനജീവിതം.

21. നാം ഓരോ ദിവസവും നമ്മുടെ ആത്മാവിന്റെ കളങ്കങ്ങളെ നീക്കി അതിനെ പുണ്യങ്ങൾ കൊണ്ട് അലങ്കരിക്കാം.

22. നമ്മൾ അനുദിനം ചെയ്യേണ്ട കർത്തവ്യങ്ങൾ ദൈവമഹത്വത്തിനുവേണ്ടി ചെയ്തുകൊണ്ട് വളരെയെളുപ്പത്തിൽ നമുക്ക് സ്വർഗ്ഗം പ്രാപിക്കാം.

23. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുക എന്നത് എത്രയോ നല്ല കാര്യമാണ്. അവൻ യഥാർത്ഥത്തിൽ നമുക്ക് വഴികാട്ടിയാണ്. പക്ഷേ ചിലർ അവനെ പിന്തുടരുന്നില്ല.

24. എന്റെ കുട്ടികളെ, ആദ്യത്തെ പുണ്യം എളിമയാണ്. രണ്ടാമത്തെയും എളിമ തന്നെ. മൂന്നാമത്തെയും എളിമയാണ്. വിശുദ്ധർ നിനച്ചിരുന്നത് തങ്ങൾ ദൈവത്തിന്റെ മുമ്പിൽ ഒന്നുമല്ല എന്നാണ്. എന്നാൽ അവർ ചോദിച്ചതെല്ലാം ദൈവം അവർക്ക് കൊടുത്തിട്ടുണ്ട്.

25. നമ്മുടെ പ്രാർത്ഥനകൾ വഴി നമുക്ക് വളരെ ആത്മാക്കളെ മാനസാന്തരപ്പെടുത്തുവാൻ സാധിക്കും. നാം ഒരു സ്വർഗ്ഗസ്ഥനായ പിതാവും ഒരു നന്മ നിറഞ്ഞ മറിയവും ചൊല്ലുക വഴി അവരിൽ ചിലർ മാനസാന്തരപ്പെടുന്നതാണ്.

26. ജപമാലരഹസ്യങ്ങൾ ഭക്തിയോടുകൂടി ധ്യാനിക്കുകയും അതേസമയം പാപാവസ്ഥയിൽ തുടരുകയും ചെയ്യുക എന്നത് അസാധ്യമാണ്.

27. നാം നമ്മുടെ പ്രലോഭനങ്ങൾക്കെതിരായി ധീരമായി പോരാടുന്നത് നമ്മുടെ കാവൽമാലാഖയെ എത്രയോ അധികം സന്തോഷിപ്പിക്കുന്നു.

28. നമ്മുടെ സഹനങ്ങൾ നമുക്ക് അസഹനീയമായി തോന്നുമ്പോൾ കുരിശുവഹിച്ച ഈശോമിശിഹായെയാണ് നമ്മൾ അനുഗമിക്കുന്നതെന്ന് ഓർമ്മിക്കുക.

29. ദൈവം നമ്മുടെ പ്രാർത്ഥനകൾ കേൾക്കുവാൻ നമ്മൾ പരിശുദ്ധകന്യകാമറിയത്തിലേക്ക് ഒന്നു തിരിഞ്ഞാൽ മതി. കാരണം അവളുടെ ഹൃദയം മുഴുവൻ സ്നേഹമാണ്.

30. ഒരു പ്രാർത്ഥനയും നിരസിക്കപ്പെടുന്നില്ല.



## കച്ചേരിക്കാര്യം

## Transfer, May 2010

**Rev. Frs.**

| | |
|---|---|
| Pallath Paul Msgr. | -Postulator Cause of Canonisation of Blessed Kunjachan |
| Ambazhathumkal George | - Principal, Trinity College, Jullundar, Punjab |
| Arimattath Joseph | - Relieved from the additional charge of Asst. Vicar, Kadaplamattam |
| Cherukarakunnel Sebastian | - Manager, Woodind, Cherpumkal; Residence at Shalom Centre, Pala |
| Ettumnookaran Alwin | - Vicar, Vellikulam |
| Illimoottil Joseph | - Vicar, Kizhaparayar |
| Koramkuzha Mathew | - Warden, St. Paul's Hostel, Ramapuram (additional) |
| Kuttiankal Joseph | - M.Th. Studies, Vadavathoor (additional) |
| Madathikunnel Mathew | - Retired; Residence at Vianney Home, Muttuchira |
| Mannanal Joseph | - Vicar, Edappady |
| Mannoor Thomas | - Professor, Mar Ephrem Formation Centre |
| Moongamakkal Vincent | - Vicar, Mevida (additional) |
| Nadackal Antony | - Director, Vianney Home, Muttuchira |
| Naduthadam Sebastian | - Executive Director, LRC, Mount St.Thomas |
| Nellickatheruvil Joseph | - Relieved from the additional charge of Vicar, Chempilavu; Residence at Cathedral, Palai |
| Pampara Joseph | - Professor, Minor Seminary |
| Pandaraparampil Jacob | - Vicar, Chempilavu (additional) |
| Parackal Thomas | - Professor, Vadavathoor Seminary |
| Parekunnel George | - Vicar, Xavierpuram |
| Paruthiparayil Thomas | - Pastoral Ministry - Diocese of Idukki |
| Pullettu Johnson | - Director, Family Apostlate |
| Srampickal Joseph | - Director, Evangelization |
| Thekkel Mathew | - Director, HGM Hospital Muttuchira |
| Velamparambil Cyrus | - Relieved from the additional charge of Manager, Woodind, Cherpumkal |
| Vilakkunnel Joseph | - Relieved from Vicar, Mevida |

## ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

### വോട്ടർപട്ടിക ജൂൺ 15 വരെ പേരു ചേർക്കാം

തിരഞ്ഞെടുപ്പുനടപടികളുടെ മുന്നോടിയായി തയ്യാറാക്കിയ കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. പട്ടിക സംബന്ധിച്ച പരാതികളും പുതിയ അപേക്ഷകളും ജൂൺ 15 വരെ നിശ്ചിത ഓഫീസുകളിൽ സ്വീകരിക്കുന്നതാണ്. വോട്ടർപട്ടികയിൽ പുതുതായി പേരു ചേർക്കുന്നതിനും മറ്റൊരു നിയോജകമണ്ഡലത്തിലേക്ക് പേരുമാറ്റുന്നതിനും ഇപ്പോൾ സാധിക്കുന്നതാണ്. വോട്ടർപട്ടികയിൽ എന്തെങ്കിലും തെറ്റുകൾ ഉണ്ടെങ്കിൽ തിരുത്തുന്നതിനും ഈ അവസരം വിനിയോഗിക്കാനാകും. പോളിംഗ് സ്റ്റേഷൻ മാറ്റാനുള്ള II. A അപേക്ഷാഫോമും ഇപ്പോൾ ലഭ്യമാണ്. ജൂൺ 15 വരെ അപേക്ഷിക്കുന്നവരുടെ ഹിയറിംഗ് ജൂൺ 23 മുതൽ ജൂലൈ 16 വരെ തീയതികളിൽ നടത്തപ്പെടും. അപേക്ഷ സമർപ്പിക്കുമ്പോൾ തന്നെ ഹിയറിംഗ് തീയതിയും സ്ഥലവും അപേക്ഷകനെ രേഖാമൂലം അറിയിക്കുന്നതാണ്.

അപേക്ഷകൾ സ്വീകരിക്കുന്നതിനായി ജൂൺ 12, 13 തീയതികളിൽ താലൂക്കിലും വില്ലേജ് ഓഫീസുകളിലും മുഴുവൻ പോളിംഗ് സ്റ്റേഷനുകളിലും സ്പെഷ്യൽ കാമ്പയിൻ ഉണ്ടായിരിക്കും. വോട്ടർ തിരിച്ചറിയൽ കാർഡിൽ ജനനത്തീയതി ഉൾപ്പെടുത്തേണ്ടതിനാൽ ജനനത്തീയതി വ്യക്തമാക്കുന്ന രേഖ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. വോട്ടർപട്ടിക പരിശോധിക്കാനും മണ്ഡലം മാറ്റുന്നതിനും പേരു ചേർക്കുന്നതിനുമുള്ള ഈ അവസരം ഏവരും ശ്രദ്ധാപൂർവ്വം വിനിയോഗിക്കണം.

---

ഈ അറിയിപ്പിന്റെ പ്രസക്തഭാഗങ്ങൾ ബഹു. വികാരിയച്ചന്മാർ പള്ളിയിൽ അറിയിക്കേണ്ടതാണ്.

---



## അറിയിപ്പുകൾ

**1. ബൈബിൾ ഞായർ**

ജൂൺ മാസത്തിലെ ഏതെങ്കിലും ഒരു ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും ബൈബിൾ ഞായറിനോടനുബന്ധിച്ചുള്ള പിരിവ് മുൻകൂട്ടി അറിയിച്ചു നടത്തി പ്രസ്തുത തുക ജൂലൈ 15-ാം തീയതിയ്ക്കകം രൂപതാ പ്രൊക്യുറേറ്ററെ ഏൽപിക്കേണ്ടതാണ്.

**2. പത്രോസിന്റെ കാശ്**

മാർപാപ്പായുടെ അജപാലനപ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടി പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ച് (ജൂൺ 29) ആഗോളസഭയിൽ നടത്തപ്പെടുന്ന സംഭാവനശേഖരണത്തിൽ നമുക്കു ചേരാം. ജൂൺ 27-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ ഈ നിയോഗാർത്ഥം സംഭാവന ശേഖരിക്കുകയും ലഭിക്കുന്ന തുക ജൂലൈ 15-ാം തീയതിയ്ക്കകം രൂപതാ പ്രൊക്യുറേറ്ററെ ഏൽപ്പിക്കുകയും ചെയ്യുമല്ലോ.

**3. സീറോ മലബാർ സഭാദിനം**

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ഓർമ്മദിനം ജൂലൈ 3-ാം തീയതി സീറോ മലബാർ സഭാദിനമായിട്ടാണല്ലോ നാം ആചരിക്കുന്നത്. അന്നേദിവസം സീറോമലബാർ സഭയുടെ പൊതുവായ പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും അന്നു കുർബാനമദ്ധ്യേ ഈ നിയോഗത്തിനായി പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും അത് ജൂലൈ 31-നു മുമ്പായി രൂപതാ പ്രൊക്യുറേറ്ററച്ചനെ ഏൽപ്പിക്കുകയും ചെയ്യുക.

# പൗരോഹിത്യ ആദ്ധ്യാത്മിക ധ്യാനചിന്തകൾ

ഫാ. മാത്യു വെള്ളാനിക്കൽ

## പുരോഹിതൻ : ത്രിത്വൈക ദൈവത്തിന്റെ മനുഷ്യൻ

**(തിരുവചനഭാഗം: യോഹ. 14:15-24)**

അന്ത്യത്താഴവേളയിൽ തന്റെ വേർപാടിൽ അസ്വസ്ഥരായ ശിഷ്യന്മാരെ ആശ്വസിപ്പിച്ചുകൊണ്ട് ഈശോ പറയുന്ന വാക്കുകളാണിവ. ഉത്ഥാനത്തിലൂടെയുള്ള തന്റെ തിരിച്ചുവരവിന് ഉറപ്പുകൊടുത്തുകൊണ്ടാണ് ഈശോ അവരെ ആശ്വസിപ്പിക്കുന്നത്. ഈ തിരിച്ചുവരവ് ഈശോയുടെ മാത്രം തിരിച്ചുവരവല്ല, ദൈവത്തിലെ മൂന്നാളുകളുടെയും സഹവാസത്തിന്റെ അനുഭവം നല്കുന്ന ഒരു തിരിച്ചുവരവായിട്ടാണ് ഈ വചനഭാഗം അവതരിപ്പിക്കുന്നത്. ഇത് എല്ലാ വിശ്വാസികളേയും സംബന്ധിച്ച് വാസ്തവമാണെങ്കിലും ദൈവത്തിന്റെ മനുഷ്യരായ വൈദികരെ സംബന്ധിച്ചിടത്തോളം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട ഒരു വസ്തുതയാണ്. ഈ ഒരു കാഴ്ചപ്പാടിൽ ഈ സുവിശേഷഭാഗം നമുക്ക് ധ്യാനവിഷയമാക്കാം.

**1. പുരോഹിതൻ: മാദ്ധ്യസ്ഥ്യം വഹിക്കുന്നവൻ**

*"നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പന പാലിക്കും. ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെ ആയിരിക്കുവാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്ക് തരികയും ചെയ്യും"* (വാക്യം 15-16).

ഉത്ഥാനത്തിനുശേഷം ഈശോ പിതാവിന്റെ സന്നിധിയിൽ ശിഷ്യർക്കുവേണ്ടിയും മനുഷ്യകുലത്തിനുവേണ്ടിയും മദ്ധ്യസ്ഥത വഹിക്കുന്നവനായിരിക്കും എന്ന് ഈ വാക്യങ്ങൾ സൂചിപ്പിക്കുന്നു. ദൈവത്തിനും മനുഷ്യർക്കും ഇടയ്ക്ക് മാദ്ധ്യസ്ഥ്യം വഹിക്കുന്നവനാണ് പുരോഹിതൻ. നിത്യപുരോഹിതനായ മിശിഹായെ അവതരിപ്പിക്കുന്ന ഹെബ്രായലേഖനം അവിടുത്തെ മാദ്ധ്യസ്ഥ്യസ്വഭാവത്തെ പ്രത്യേകം അവതരിപ്പിക്കുന്നുണ്ട്: "തന്നിലൂടെ ദൈവത്തെ സമീപിക്കുന്നവരെ പൂർണ്ണമായി രക്ഷിക്കാൻ അവനു കഴിവുണ്ട്. എന്നെന്നും ജീവിക്കുന്നവനായ അവൻ അവർക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു" (ഹെബ്രാ 7:25). യോഹന്നാന്റെ ലേഖനങ്ങളിലും ഈശോയെ ഒരു മദ്ധ്യസ്ഥനായി അവതരിപ്പിക്കുന്നുണ്ട്: "എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിക്കേണ്ടതിനാണ് ഞാൻ ഇവ നിങ്ങൾക്കെഴുതുന്നത്. എന്നാൽ, ആരെങ്കിലും പാപം ചെയ്യാനിടയായാൽത്തന്നെ പിതാവിന്റെ സന്നിധിയിൽ നമുക്ക് ഒരു മദ്ധ്യസ്ഥനുണ്ട്. നീതിമാനായ ഈശോമിശിഹാ" (1 യോഹ. 2:1).

നിത്യപുരോഹിതനായ മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്ന ഓരോ പുരോഹിതനും അവിടുത്തെ മാദ്ധ്യസ്ഥ്യം വഹിക്കുന്ന ദൗത്യത്തിലും പങ്കുചേരുന്നു. പുരോഹിതന്റെ മാദ്ധ്യസ്ഥ്യദൗത്യത്തിലും മാദ്ധ്യസ്ഥ്യശക്തിയാണ് പുരോഹിതനിൽ പ്രവർത്തനനിരതമാകുന്നത്. ഇത് പ്രധാനമായും പ്രാർത്ഥനയിലൂടെയാണ് പ്രാവർത്തികമാകുന്നത്. പ്രത്യേകിച്ച് പുരോഹിതൻ നേതൃത്വം നല്കുന്ന ലിറ്റർജിക്കൽ ശുശ്രൂഷകളും പ്രാർത്ഥനകളും അദ്ദേഹത്തിന്റെ പുരോഹിതനടുത്ത മാദ്ധ്യസ്ഥ്യദൗത്യനിർവ്വഹണമാണ്. ഈ ശുശ്രൂഷകളിൽ ഏറ്റം ശ്രേഷ്ഠമായത് വി. കുർബ്ബാനയിൽ കേന്ദ്രീകൃതമായ കൂദാശാശുശ്രൂഷകളും യാമപ്രാർത്ഥനകളുമാണ്. വി. കുർബ്ബാനയുടെയും യാമപ്രാർത്ഥനകളുടെയും ഈ പുരോഹിതമദ്ധ്യസ്ഥതാസ്വഭാവം പലപ്പോഴും ശ്രദ്ധിക്കപ്പെടാറില്ല. അതുകൊണ്ട് യാമപ്രാർത്ഥനകൾ ചൊല്ലുന്ന കാര്യത്തിൽ പല പുരോഹിതരും വീഴ്ചവരുത്തുവാൻ ഇടയാകുന്നു. ഇത് ഓരോ പുരോഹിതനും തന്റെ പുരോഹിതദൗത്യനിർവ്വഹണത്തിലുള്ള ഗുരുതരമായ ഒരു വീഴ്ചയായി കാണുകയും പരിഹരിക്കുകയും ചെയ്യേണ്ടതുണ്ട്. സഭയ്ക്കും മനുഷ്യകുലത്തിനും വേണ്ടിയുള്ള തന്റെ പുരോ

ഹിതമാദ്ധ്യസ്ഥ്യദൗത്യനിർവ്വഹണത്തിന്റെ ഭാഗമായി യാമപ്രാർത്ഥന കൾ ചൊല്ലുന്നതിൽ ഓരോരുത്തരും നിഷ്ഠപാലിക്കേണ്ടതാണ്.

**2. പുരോഹിതൻ : അരൂപിയെ നല്കുന്നവൻ**

*"ഈ സത്യാത്മാവിനെ സ്വീകരിക്കാൻ ലോകത്തിനു സാധിക്കുക യില്ല. കാരണം, അത് അവനെ കാണുകയോ അറിയുകയോ ചെയ്യു ന്നില്ല. എന്നാൽ നിങ്ങൾ അവനെ അറിയുന്നു. കാരണം, അവൻ നിങ്ങ ളോടൊത്തു വസിക്കുന്നു. നിങ്ങളിൽ ആയിരിക്കുകയും ചെയ്യും"* (വാ. 17).

ഈശോ തന്റെ ഉത്ഥാനത്തിനുശേഷം ശിഷ്യന്മാർക്ക് നല്കാനിരി ക്കുന്ന പരിശുദ്ധാത്മാവിനെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. ഇത് തന്നോടുകൂടെ ആയിരുന്നവരും പരിശുദ്ധാത്മാവിന്റെ പ്രവർത്ത നംകണ്ട് വിശ്വസിച്ചിരുന്നവരുമായ ശിഷ്യന്മാർക്കുമാത്രം നല്കപ്പെടുന്ന ഒരു പരിശുദ്ധാത്മപ്രവർത്തനസാന്നിദ്ധ്യമാണ്. 'ലോകം' എന്നു പറ യുന്നത് ഈശോയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം തിരിച്ചറി യാനും തൽഫലമായി ഈശോയിൽ വിശ്വസിക്കാനും കഴിയാതെപോയ ലോകമാണ്. അതുകൊണ്ട് ലോകത്തിൽ പൊതുവേയുള്ള അരൂപി യുടെ പ്രവർത്തനത്തെക്കുറിച്ചല്ല, മറിച്ച്, വിശ്വാസികളുടെ സമൂഹമായ സഭയിലുള്ള അരൂപിയുടെ പ്രവർത്തനസാന്നിദ്ധ്യത്തെപ്പറ്റിയാണ് ഇവിടെ പരാമർശിക്കുന്നത്.

'പാരക്ലേത്തോസ്' എന്ന് ഗ്രീക്കിലും 'പാറക്ക്ലൈത്താ' എന്ന് സുറി യാനിയിലും ഉപയോഗിക്കുന്ന ഈ വാക്കിന്റെ അർത്ഥം 'സഹായ കൻ' എന്നാണ്. പരിശുദ്ധാത്മാവിനെ വിശ്വാസികളുടെ സമൂഹമാകുന്ന സഭയിൽ വസിക്കുന്ന ഒരു സഹായകനായിട്ടാണ് ഇവിടെ ചിത്രീകരി ക്കുന്നത്. സഭയിലുള്ള അരൂപിയുടെ ഈ പ്രവർത്തനസാന്നിദ്ധ്യം നിത്യ മായ ഒന്നാണ്: "എന്നേക്കും നിങ്ങളോടുകൂടെ ആയിരിക്കാൻ" (വാ. 16). മാത്രമല്ല, അത് ഓരോരുത്തരിലും ആന്തരികമായി വസിക്കുന്ന ഒരു സാന്നിദ്ധ്യവുമാണ്:"നിങ്ങളിൽ ആയിരിക്കുകയും ചെയ്യും" (വാ. 17). വിശ്വാസികളുടെ സമൂഹമായ സഭയെ സത്യവിശ്വാസത്തിൽനിന്നും



വ്യതിചലിക്കാതെ ലോകാവസാനംവരെ കാത്തുസൂക്ഷിക്കുന്ന ഒരു പ്രവർത്തനമാണ് സഹായകനെന്ന നിലയിൽ പരിശുദ്ധാത്മാവിന്റേ ത്. സഭയിൽ പ്രബോധനാധികാരശുശ്രൂഷ നിർവ്വഹിക്കുന്ന ഹയരാർക്കി യോടു ബന്ധപ്പെട്ട പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഇവിടെ നമുക്കു കാണാം. അതോടൊപ്പം സഭാംഗങ്ങളിൽ ഓരോരുത്തരിലും അവരുടെ വിശ്വാസജീവിതത്തിൽ സഹായകനായി വർത്തിക്കുന്ന പരിശുദ്ധാത്മാ വിന്റെ സാന്നിദ്ധ്യവും ഇവിടെ കാണാം.

പുരോഹിതശുശ്രൂഷ സഭയിൽ അരൂപിയെ നിരന്തരമായി നൽകുന്ന ശുശ്രൂഷയാണ്. നമ്മുടെ കുർബ്ബാനയിലെ കൈവയ്പുപ്രാർത്ഥനയിൽ ഇത് സൂചിപ്പിക്കുന്നുണ്ട്. "പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർത്ഥപൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെ ടുന്നു" എന്നു പറയുന്നതോടൊപ്പം "കർത്താവേ, അങ്ങയുടെ കൃപാ വരം ഞങ്ങളിൽ നിറയ്ക്കുകയും അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കുകയും ചെയ്യണമേ" എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതുകൊണ്ട് പുരോഹിതശുശ്രൂഷ സഭയിൽ ഒരു നിര ന്തര 'റൂഹാക്ഷണം' ആണ് എന്നു പറയാം. പുരോഹിതനിൽ ഈ അരൂപിയുടെ നിറവുണ്ടാകുന്നതിനനുസൃതമായി ഈ റൂഹാക്ഷണം കൂടുതൽ ഫലപ്രദമാവുകയും ചെയ്യുന്നു.

**3. പുരോഹിതൻ : ഈശോയോടൊപ്പം ജീവിക്കുന്നവൻ**

*"ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുത്തേക്കു വരും"* (വാ. 18).

ഈശോയുടെ ഉത്ഥാനവും അതിന്റെ ഫലമായി ശിഷ്യരോടൊപ്പ മുള്ള ഉത്ഥാനാനന്തരസാന്നിദ്ധ്യവുമാണ് ഇവിടെ പരാമർശിക്കപ്പെടു ക. മരണത്തിലൂടെയുള്ള ഈശോയുടെ വേർപാട് ശിഷ്യരെ അനാഥ രാക്കിയെങ്കിൽ ഉത്ഥാനത്തിലൂടെയുള്ള അവിടുത്തെ തിരിച്ചുവരവ് അവർക്ക് ഈശോയോടൊപ്പമുള്ള ജീവിതമായിരിക്കും. ഇത് വിശ്വാ സത്തിലൂടെമാത്രം യാഥാർത്ഥ്യമാകുന്ന ഒരു സാന്നിദ്ധ്യവും സഹവാ സവുമാണ്. വിശ്വസിക്കാത്തവർക്ക് ഇത് അനുഭവവേദ്യമാവുകയില്ല:

"അല്പസമയംകൂടി കഴിഞ്ഞാൽ പിന്നെ ലോകം എന്നെ കാണുകയില്ല. എന്നാൽ നിങ്ങൾ എന്നെ കാണും. ഞാൻ ജീവിക്കുന്നു. അതിനാൽ നിങ്ങളും ജീവിക്കും" (വാ. 19). വിശ്വസിക്കാത്ത മനുഷ്യർക്ക് ഉത്ഥിതനായ മിശിഹായുടെ അരൂപിക്കടുത്ത സാന്നിദ്ധ്യം അനുഭവിക്കാൻ സാധിക്കുകയില്ല. മരണത്തോടുകൂടെ ഈശോയുടെ ശാരീരിക സാന്നിദ്ധ്യം ലോകത്തിൽ ഇല്ലാതാകുന്നു. ഉത്ഥാനാനന്തരമുള്ള അരൂപിക്കടുത്ത സാന്നിദ്ധ്യം വിശ്വാസത്തിലൂടെ ശിഷ്യർക്ക് അനുഭവിക്കുവാൻ കഴിയും.

"ഞാൻ ജീവിക്കുന്നു. അതിനാൽ നിങ്ങളും ജീവിക്കും" എന്ന ഈശോയുടെ വാക്കുകൾ ക്രൈസ്തവജീവിതത്തിലും, പ്രത്യേകിച്ച് പുരോഹിതജീവിതത്തിലും അക്ഷരാർത്ഥത്തിൽ അന്വർത്ഥമാകുന്ന ഒന്നാണ്. ഈശോയുമായുള്ള പരസ്പരസഹവാസമാണ് ക്രൈസ്തവജീവിതത്തിന്റെ ആത്മാവ്. മുന്തിരിച്ചെടിയും ശാഖകളുമെന്ന പ്രതീകത്തിലൂടെ ഈശോ ഈ യാഥാർത്ഥ്യം അവതരിപ്പിക്കുന്നുണ്ട്: "നിങ്ങൾ എന്നിൽ വസിക്കുവിൻ; ഞാൻ നിങ്ങളിലും വസിക്കും" ( യോഹ. 15:4). പുരോഹിതനെ സംബന്ധിച്ചിടത്തോളം, മിശിഹായുമായുള്ള സഹവാസം പൗരോഹിത്യജീവിതത്തിന്റെ അന്തഃസത്തയാണ്. ക്രൈസ്തവവീക്ഷണത്തിൽ ഒരു പുരോഹിതനേ ഉള്ളു: നിത്യപുരോഹിതനായ മിശിഹാ. ഓരോ പുരോഹിതനും മിശിഹായുടെ സാന്നിദ്ധ്യവും ശുശ്രൂഷയും സഭയിൽ സന്നിഹിതനാക്കുന്നവൻ മാത്രമാണ്. കൂദാശകളെല്ലാം മിശിഹായുടെ പ്രവൃത്തികളാണ്. പുരോഹിതനടുത്ത ശുശ്രൂഷകൾ നിർവ്വഹിക്കുമ്പോൾ പുരോഹിതനിൽ മിശിഹായാണ് പ്രവർത്തിക്കുന്നത്. "ഞാനല്ല മിശിഹാ എന്നിൽ ജീവിക്കുന്നു" (ഗലാ. 2:20) എന്ന വി. പൗലോസ്ശ്ലീഹായുടെ വാക്കുകൾ മറ്റാരിലുമെന്നതിനെക്കാൾ അന്വർത്ഥമാകുന്നത് പുരോഹിതനിലാണ്. ഈ അവബോധത്തോടെ ജീവിക്കുക പൗരോഹിത്യആദ്ധ്യാത്മികതയുടെ അടിസ്ഥാനസ്വഭാവമാണ്.



**4. പുരോഹിതൻ : ഈശോയെ സ്നേഹിക്കുന്നവൻ**

*"എന്റെ കല്പനകൾ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത്. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കും. ഞാനും അവനെ സ്നേഹിക്കുകയും എന്നെ അവനു വെളിപ്പെടുത്തുകയും ചെയ്യും"* (വാ. 21).

പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടുമുള്ള നമ്മുടെ സഹവാസത്തിന്റെ വ്യവസ്ഥയെന്നോണം ആവർത്തിച്ചുപറയുന്നത് 'ഈശോയെ സ്നേഹിക്കുക' എന്നാണ് (വാക്യങ്ങൾ 15, 21, 23). ഇതിൽനിന്നും ദൈവത്തിന്റെ സ്നേഹം വ്യവസ്ഥയുള്ളതാണ് എന്ന തെറ്റായ നിഗമനമുണ്ടാകാം. എന്നാൽ ദൈവത്തിന്റെ സ്നേഹം ഒരിക്കലും വ്യവസ്ഥയുള്ളതല്ല. വ്യവസ്ഥയില്ലാതെയാണ് ദൈവം മനുഷ്യനെ സ്നേഹിക്കുന്നത്. ദൈവത്തിന്റെ ഭാഗത്ത്, സ്നേഹിക്കുന്നതിന് ഒരു വ്യവസ്ഥയും വച്ചിട്ടില്ല. ഓരോ മനുഷ്യനേയും അവന്റെ പരിതോവസ്ഥകളെ പരിഗണിക്കാതെ, എപ്പോഴും സ്നേഹിക്കുന്നവനാണ് ദൈവം. എന്നാൽ മനുഷ്യന് ദൈവത്തിന്റെ സ്നേഹം ഒരു യാഥാർത്ഥ്യമായി അനുഭവപ്പെടണമെങ്കിൽ, അവൻ ദൈവത്തെ സ്നേഹിക്കുന്നവനാകണം. സത്യദൈവത്തെ സ്നേഹിക്കാൻ ഒരു മാർഗ്ഗമേയുള്ളു: ഈശോയെ സ്നേഹിക്കുക. കാരണം, ഈശോ മാത്രമാണ് സത്യദൈവത്തെ വെളിപ്പെടുത്തുന്നവൻ (യോഹ. 1:18).

ഈശോയോടുള്ള സ്നേഹം വെറും വൈകാരികമായ ഒരു സ്നേഹമല്ല; പ്രായോഗികമായ അഥവാ പ്രവൃത്തികളിൽ പ്രാവർത്തികമാകുന്ന ഒരു സ്നേഹമാണ്. അതുകൊണ്ടാണ് 'എന്റെ കല്പനകൾ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത്' എന്ന് ഈശോ പറയുന്നത്. യഥാർത്ഥസ്നേഹം മനസ്സിന്റെ ഐക്യമാണ്. ഈശോയുടെ കല്പനകൾക്കനുസൃതമായ ഒരു ജീവിതം നയിക്കുന്നതിലൂടെയാണ് ഈശോയുമായുള്ള സ്നേഹബന്ധം യാഥാർത്ഥ്യമാകുന്നത്.

ഇങ്ങനെയൊരു സ്നേഹബന്ധം യാഥാർത്ഥ്യമാകുമ്പോൾ അത് ഈശോയേയും ഈശോയിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവത്തേയും കൂടുതൽ അറിയുവാനും അനുഭവിക്കുവാനും കാരണമായിത്തീരും: "ഞാനും അവനെ സ്നേഹിക്കുകയും എന്നെത്തന്നെ അവനു വെളിപ്പെടുത്തുകയും ചെയ്യും." ദൈവം തന്റെ സ്വയംവെളിപ്പെടുത്തൽ പരിമിതപ്പെടുത്തുന്നു എന്നല്ല ഇതിന്റെ അർത്ഥം. ദൈവത്തിന്റെ സ്നേഹത്തിനു പ്രതിസ്നേഹം നൽകുന്നവർക്കാണ് അവിടുത്തെ സ്വയം വെളിപ്പെടുത്തൽ അത് ആയിരിക്കുന്നതുപോലെ സ്വീകരിക്കുവാൻ കഴിയുകയുള്ളു.

**5. പുരോഹിതൻ : ഹൃദയം ദൈവഭവനമാക്കുന്നവൻ**

*"എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും; അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും"* (വാ. 23).

ദൈവത്തിന് ഏറ്റം ഇഷ്ടമുള്ള വാസസ്ഥലം മനുഷ്യഹൃദയമാണ്. വെളിപാടുപുസ്തകത്തിൽ, ലവോദീക്യായിലെ സഭയ്ക്ക് എഴുതുന്ന കത്തിൽ ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്: "ഇതാ ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരംകേട്ട് വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തേക്കു വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയും ചെയ്യും" (വെളിപാട് 3:20). ദൈവവുമായുള്ള ഹൃദയൈക്യത്തിൽ ജീവിക്കുന്ന മനുഷ്യനാണ് ദൈവത്തിന്റെ വാസസ്ഥലം. ഇത് സ്വർഗ്ഗീയാനുഭവമാണ്. ഇവിടെ 'വാസസ്ഥലം' എന്നതിനുപയോഗിച്ചിരിക്കുന്ന ഗ്രീക്കുവാക്ക് 'മോനേ' എന്നതാണ്. ഇതേവാക്ക് ബഹുവചനത്തിൽ (മോനായി) ഇതേ അദ്ധ്യായം രണ്ടാംവാക്യത്തിൽ ഉപയോഗിച്ചിരിക്കുന്നു: "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്." സ്വർഗ്ഗത്തെ പിതാവിന്റെ ഭവനമെന്ന് വിശേഷിപ്പിക്കുന്ന യഹൂദപാരമ്പര്യത്തിന്റെ സ്വാധീനം ഇവിടെയുണ്ട്. അതുകൊണ്ട് മനുഷ്യഹൃദയം അഥവാ മനുഷ്യജീവിതം ദൈവഭവനമായി മാറുമ്പോൾ അവിടെ സ്വർഗ്ഗം യാഥാർത്ഥ്യമാകുന്നു.

○



## shmt¡-j³ _yqtdm

ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

അർപ്പിതജീവിതത്തിലേക്കുള്ള ദൈവവിളി സ്വീകരിക്കുന്നവർ സെമിനാരികളിലോ മഠങ്ങളിലോ ചേരുന്നതിനുമുമ്പു തന്നെ അഭിവന്ദ്യ രൂപതാദ്ധ്യക്ഷന്റെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്. രൂപതയ്ക്കുള്ളിലോ പുറത്തുള്ളതോ ആയ രൂപീകരണകേന്ദ്രങ്ങളിൽ ഏതിലായാലും ഈ അനുമതി ആവശ്യമാണ്. അനുമതി വാങ്ങാൻ ഷലോം പാസ്റ്ററൽ സെന്ററിലുള്ള വൊക്കേഷൻ ബ്യൂറോയിൽ എത്തുന്നവർക്ക് ബഹു. വികാരിയച്ചൻ, സ്വഭാവം, ജനനം, മാമ്മോദീസാ, സ്ഥൈര്യലേപനം എന്നിവയുടെ സർട്ടിഫിക്കറ്റുകൾ കൊടുത്തുവിടണമെന്ന് താൽപര്യപ്പെടുന്നു. ഒട്ടും പരിചയമില്ലാത്തതോ കേരളത്തിൽ ഹൗസുകളില്ലാത്തതോ ആയ കോൺഗ്രിഗേഷനുകളിൽ കുട്ടികളെ ചേർക്കുമ്പോൾ പ്രത്യേകം അന്വേഷിക്കുമല്ലോ.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ**
**ഡയറക്ടർ, വൊക്കേഷൻ ബ്യൂറോ, പാലാ**

# F©n\o-b-dnwKv AUvan-j³ 2010

പ്രിയ ബഹു. അച്ചാ,

പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ചൂണ്ടച്ചേരിയിൽ പ്രവർത്തിക്കുന്ന സെന്റ് ജോസഫ്സ് കോളജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി കഴിഞ്ഞ എട്ടുവർഷമായി നമ്മുടെ രൂപതയുടെ അഭിമാനമായി വളർന്നുകൊണ്ടിരിക്കുകയാണ്. ഉയർന്ന വിജയശതമാനവും, പ്രശസ്തകമ്പനികളുടെ പ്ലെയ്സ്മെന്റും, അച്ചടക്കനിലവാരവും എല്ലാം ഒത്തുചേർന്നപ്പോൾ, കേരളത്തിലെ എഞ്ചിനീയറിംഗ് കോളജുകളുടെ മുൻനിരയിൽ നിൽക്കുന്ന ഒരു കോളേജായി ഇത് മാറിയിരിക്കുന്നു.

ഇക്കൊല്ലത്തെ എഞ്ചിനീയറിംഗ് അഡ്മിഷന്റെ സമയം ആയിരിക്കുകയാണ്. നമ്മുടെ കോളജിൽ പാലാ രൂപതയിൽ നിന്നുള്ള കത്തോലിക്കാവിദ്യാർത്ഥികൾക്ക് അഡ്മിഷനിൽ പ്രത്യേക പരിഗണന കിട്ടത്തക്കവിധത്തിൽ കമ്മ്യൂണിറ്റി ക്വോട്ടയിൽ പത്ത് ശതമാനം വെയിറ്റേജ് കൊടുക്കുന്നതാണ്. അതോടൊപ്പം കേരളാസ്റ്റേറ്റ് എൻട്രൻസ് പരീക്ഷയിൽ ആയിരം റാങ്കുവരെ ലഭിച്ച വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പു കൊടുത്ത് ഗവൺമെന്റ് കോളജിലെ ഫീസിൽ പഠിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. കഴിവുള്ള സമർത്ഥരായ നമ്മുടെ കുട്ടികൾക്ക് ഈ സൗകര്യം കിട്ടണമെന്ന് ആഗ്രഹമുണ്ട്. അതുകൊണ്ട് ഇക്കാര്യം ബഹു. അച്ചന്റെ ഇടവകയിൽ പൊതുവായി അറിയിക്കുകയോ, ഉയർന്ന റാങ്കുകിട്ടിയ കുട്ടികളുടെ മാതാപിതാക്കളെ അറിയിക്കുകയോ ചെയ്യണമെന്ന് താൽപര്യപ്പെടുന്നു.

ഉയർന്ന മാർക്കുള്ള ഏതാനും നിർധനരായ വിദ്യാർത്ഥികൾക്ക് സൗജന്യപഠനത്തിനുള്ള സ്കോളർഷിപ്പ് സൗകര്യവും കോളജ് നല്കുന്നുണ്ട്. ഇക്കാര്യവും ബഹു. അച്ചൻ പള്ളിയിൽ അറിയിക്കുമല്ലോ. ഈ മാസം (മേയ്) 21 മുതൽ കോളജിൽ നിന്ന് അപേക്ഷാഫോറം ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ ജൂൺ 5-നു മുമ്പായി കോളജിൽ എത്തിച്ചിരിക്കണം.

സ്നേഹബഹുമാനാദരങ്ങളോടെ,

ബിഷപ്സ് ഹൗസ്
19-05-2010

**ഫാ. ഫിലിപ്പ് ഞരളക്കാട്ട്**
**വികാരി ജനറാൾ**



# മാർ സ്ലീവാ കോളജ് ഓഫ് നേഴ്സിംഗിൽ ബി.എസ്.സി. നേഴ്സിംഗ് കോഴ്സിന് അപേക്ഷകൾ ക്ഷണിച്ചുതുടങ്ങി

പ്രിയ ബഹു. അച്ചാ,

ചേർപ്പുങ്കൽ മാർ സ്ലീവാ കോളജ് ഓഫ് നേഴ്സിംഗ് ബി.എസ്.സി. നഴ്സിംഗ് കോഴ്സ് പഠിക്കുവാൻ ആഗ്രഹിക്കുന്നവരിൽ നിന്ന് 2010-2011 വർഷങ്ങളിലെ അഡ്മിഷനുള്ള അപേക്ഷകൾ മേയ് 25 മുതൽ ക്ഷണിച്ചുതുടങ്ങി. സീറ്റുകൾ 50. കോളജിന്റെ ഓഫീസിൽ നിന്നോ സെൽഫ് ഫൈനാൻസിംഗ് നഴ്സിംഗ് കോളജുകളുടെ അസോസിയേഷന്റെ വെബ്സൈറ്റിൽ (www.amsfnck.org) നിന്നോ അപേക്ഷാഫോറവും പ്രോസ്പെക്ടസും ലഭ്യമാണ്. 'AMSFNCK' യുടെ പേരിൽ എറണാകുളത്ത് മാറാവുന്ന 500 രൂപയുടെ ഡി.ഡി. യും ആവശ്യമായ രേഖകളുടെ കോപ്പികളോടും കൂടി 2010 ജൂൺ 10 വരെ പൂരിപ്പിച്ച അപേക്ഷകൾ സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് മേൽപറഞ്ഞ വെബ്സൈറ്റ് സന്ദർശിക്കുകയോ കോളജുമായി ബന്ധപ്പെടുകയോ ചെയ്യണമെന്ന് താൽപര്യപ്പെടുന്നു.

ഓഫീസ് ഫോൺ: 04822 - 256559

**ഫാ. ഫിലിപ്പ് ഞരളക്കാട്ട്**
**വികാരി ജനറാൾ**

# വാർത്തകൾ

## വിശ്വാസപരിശീലനരംഗം

### 1. എയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ മഹാസമ്മേളനം മേയ് 16-ാം തീയതി ഞായറാഴ്ച പാലാ കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ പിതാവ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തപ്പെട്ട സമൂഹബലിയിൽ പ്രധാനകാർമ്മികത്വം വഹിക്കുകയും കുട്ടികളോടു സംസാരിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. വിശുദ്ധ ഗ്രന്ഥം പുതിയ നിയമമാണ് എല്ലാ കുട്ടികൾക്കും സമ്മാനമായി നൽകിയത്. അന്നേദിവസം അസുഖംമൂലം വരാൻ പറ്റാതിരുന്ന കുട്ടികൾക്കും ആദ്യകുർബാനക്ക് കുട്ടികളെ പഠിപ്പിച്ചൊരുക്കിയ അദ്ധ്യാപകർക്കും ഈ സമ്മാനം ജൂൺ 10-നു മുമ്പ് ഓഫീസിൽ നിന്ന് കൈപ്പറ്റാവുന്നതാണ്. അന്നത്തെ തിരുക്കർമ്മങ്ങളിൽ വന്നു സഹായിച്ച എല്ലാ ബഹുമാനപ്പെട്ട അച്ചന്മാർക്കും സിസ്റ്റേഴ്സിനും അദ്ധ്യാപകർക്കും കത്തീഡ്രൽ പള്ളി അധികൃതർക്കും പ്രത്യേകം നന്ദി.

### 2. പുതിയ അദ്ധ്യയനവർഷം

മേയ് 30-ന് വിശ്വാസപരിശീലനത്തിന്റെ പുതിയ അദ്ധ്യയനവർഷം ആരംഭിച്ചു. അതിനുമുമ്പായി പ്രഥമസമ്മേളനവും 10, 12 ക്ലാസ്സുകാർക്കുള്ള സേ പരീക്ഷകളും നടത്തപ്പെട്ടു.

പാഠപുസ്തകം, വർക്കുബുക്ക്, ഡയറി, വിശുദ്ധഗ്രന്ഥം, കുർബാനപുസ്തകം, നമുക്കു പ്രാർത്ഥിക്കാം എന്നിവ 5-ാം ക്ലാസ്സുമുതലുള്ള എല്ലാ കുട്ടികൾക്കും നിർബന്ധമാണ്. കുഞ്ഞുമിഷനറിയും ഒരു വീട്ടിൽ ഒരെണ്ണം വച്ച് വാങ്ങേണ്ടതുണ്ട്. അതിന് കുട്ടികൾക്ക് ജൂൺ മുതലുള്ള വാർഷികവരിസംഖ്യ 55 രൂപയും പൊതുവിൽ 60 രൂപയുമായിരിക്കും. വർഷാരംഭത്തിൽ ഒരുമിച്ചു പണം വാങ്ങുമ്പോൾ ഈ ചെലവുകൾ മുൻകൂട്ടി കാണുമല്ലോ.

### 3. വിശ്വാസപരിശീലകർക്കുള്ള പ്രാർത്ഥന

കുട്ടികൾക്കായി പ്രത്യേകം പ്രതിമാസപ്രാർത്ഥനകൾ നമ്മുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടല്ലോ. ഈ പ്രാർത്ഥനയെ സഹായിക്കാനും പോക്കറ്റിൽ സൂക്ഷിച്ച് അനുദിനപ്രാർത്ഥനക്കുമായി ഒരു ചെറിയ പ്രാർത്ഥനപുസ്തകം തയ്യാറാക്കിയിട്ടുണ്ട്. വിശ്വാസപരിശീലന കലണ്ടറിനോടൊപ്പം അത് വിതരണം ചെയ്യുന്നതാണ്.

### 4. ഒന്നാംക്ലാസ്

ഒന്നാംക്ലാസിൽ റഗുലർ സ്കൂളിൽ ചേർക്കുന്ന കുട്ടികളെയെല്ലാം സൺഡേ സ്കൂളിലും ചേർക്കുവാൻ ശ്രദ്ധിക്കണം. മാമ്മോദീസാപ്പേര് ജനന-മാമ്മോദീസാതീയതികൾ തുടങ്ങിയവ കൃത്യമായി ചേർത്തു മാത്രമേ അഡ്മിഷൻ നൽകാവൂ. ജൂൺ 13



-നു മുമ്പായി കുട്ടികളെ ചേർത്ത് ക്ലാസ് ആരംഭിക്കണം.

### 5. മിഷൻലീഗ്

മിഷൻലീഗ് കർമ്മപദ്ധതിയനുസരിച്ച് ആദ്യഞായറാഴ്ചകളിൽത്തന്നെ തിരഞ്ഞെടുപ്പു നടത്തി പ്രവർത്തനങ്ങൾ ആരംഭിക്കണം. ജൂൺമാസം അവസാനിക്കുന്നതിനു മുമ്പ് ആദ്യറിപ്പോർട്ടും സമർപ്പിക്കേണ്ടതാണ്.

### 6. ജീവദർശൻ

പ്രത്യേക വിഷയങ്ങളെക്കുറിച്ചു പഠിക്കുവാൻ ജീവദർശൻ കോഴ്സ് അഞ്ച് അവധി ദിവസങ്ങളിലായി നടത്തപ്പെടുന്നു. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ജീവദർശൻ കോഴ്സിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർക്കെല്ലാം പങ്കെടുക്കാം. ഒരിടവകയിൽനിന്ന് രണ്ടുപേരെയെങ്കിലും അയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ. അവരുടെ പേരും ഫോൺനമ്പറും ജൂൺ മാസത്തിൽത്തന്നെ ഓഫീസിൽ എത്തിക്കുക.

### 7. തിരുബാലസഖ്യം

മിഷൻലീഗിൽ ചേരുന്നതുവരെയുള്ള കുട്ടികളുടെ സംഘടനയായ തിരുബാലസഖ്യം മിക്കവാറും എല്ലാ ഇടവകകളിലും സ്ഥാപിതമായി. ഇനിയും സ്ഥാപിക്കാത്തയിടങ്ങളിൽ ജൂൺമാസത്തിൽ തന്നെ സ്ഥാപിച്ച് കുട്ടികളുടെ അംഗത്വകാർഡും ബാഡ്ജും രൂപതാകേന്ദ്രത്തിൽ നിന്നു വാങ്ങേണ്ടതാണ്. ഒന്നാംക്ലാസുകാരെ ഒഴിവാക്കാം. ഈ വർഷം രണ്ടാം ക്ലാസ്സിൽ കയറിയവരെക്കൂടി തിരുബാലസഖ്യത്തിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കുക.

വിശുദ്ധരുടെ ആൽബം മത്സരത്തിൽ 800 കുട്ടികൾ പങ്കെടുക്കുകയുണ്ടായി. എല്ലാവർക്കുമുള്ള സമ്മാനങ്ങൾ ജൂൺ 20-ന് ചേരുന്ന ആനിമേറ്റർമാരുടെ സമ്മേളനത്തിൽ വച്ച് വിതരണം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾ ശ്ലീഹൂസായിൽ.

ദൈവാനുഗ്രഹപൂരിതമായ ഒരു അദ്ധ്യയനവർഷം ഏവർക്കും ആശംസിക്കുന്നു.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ (ഡയറക്ടർ)**

## സുവിശേഷവത്കരണം

1. ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന

മേയ് മാസം 7, 14, 21, 28 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മണി മുതൽ 3 മണി വരെ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തി. റവ. ഫാ. തോമസ് മണ്ണൂർ, ഫാ. ജോസഫ് ശ്രാമ്പിക്കൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബ്രദർ ഔസേപ്പച്ചൻ (മുരിങ്ങൂർ) ബ്രദർ ജോണി (മുരിങ്ങൂർ), ബ്രദർ ബേബിച്ചൻ (മുരിങ്ങൂർ) ബ്രദർ പി.പി. ജയിംസ് (തട്ടേക്കാട്ട്), റ്റി.പി. ജോസഫ്, തങ്കച്ചൻ ശ്രാമ്പിക്കൽ, മാത്യു കല്ലേപ്ലാക്കൽ, ജയിംസ് കുറവാച്ചിറ, ജോയി നെല്ലിയേക്കുന്നേൽ തുടങ്ങിയവർ നേതൃത്വം നൽകി.

2. കുടുംബകൂട്ടായ്മ റിസോഴ്സ് ടീം

മേയ് മാസം 3-ാം തീയതി കുടുംബകൂട്ടായ്മ റിസോഴ്സ് ടീം ഷലോമിൽ ഒന്നിച്ചുകൂടി റിപ്പോർട്ട് തന്ന പള്ളികളിൽ പോയ കാര്യം ചർച്ച ചെയ്യുകയും, കുടുംബകൂട്ടായ്മ സംഗമം വിപുലമായി നടത്തുന്നതിനുവേണ്ട കാര്യങ്ങൾ തീരുമാനിക്കുകയും ഓരോരുത്തരും ചെയ്യേണ്ട കാര്യങ്ങൾ നിശ്ചയിക്കുകയും ചെയ്തു. റവ. ഫാ. തോമസ് മണ്ണൂർ, ഇ.എം. ദേവസ്യാ ഈരൂരിക്കൽ, തോമ്മാച്ചൻ വടക്കേൽ, കെ.ജെ. ജോസഫ് കുരിശുങ്കൽപറമ്പിൽ, ജോസഫ് മറ്റക്കരോട്ട്, സെബാസ്റ്റ്യൻ പൈലി, സിസ്റ്റർ ജോസ് മേരി തുടങ്ങിയവർ നേതൃത്വം നൽകി.

3. ഇവാൻജലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ

മേയ് മാസം 15-ാം തീയതി, രൂപതയിൽ പ്രവർത്തിക്കുന്ന ഇവാൻജലൈസേഷൻ മിനിസ്ട്രികളായ കോളനി, ആശുപത്രി, ജയിൽ, മദ്യപാനത്തിനെതിരായയുള്ള മിനിസ്ട്രി, ഗുഡ്സമരിറ്റൻ, മദ്ധ്യസ്ഥപ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രി തുടങ്ങിയവയിൽ പ്രവർത്തിക്കുന്നവർ ഷലോമിൽ ഒരുമിച്ചുകൂടി കഴിഞ്ഞ മാസം പ്രവർത്തിച്ച കാര്യങ്ങളെപ്പറ്റി വിലയിരുത്തുകയും, റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. തദവസരത്തിൽ സ്ഥലം മാറിപ്പോകുന്ന ഡയറക്ടർ ഫാ. തോമസ് മണ്ണൂരച്ചന് ഹൃദ്യമായ യാത്രയയപ്പ് നൽകി ആദരിച്ചു. അടുത്തമാസം 19-ാം തീയതി അംഗങ്ങളെല്ലാവരും കൂടി കോട്ടയം നവജീവനിൽ പോയി അന്നത്തെ ശുശ്രൂഷകളിൽ പങ്കെടുക്കുവാനും തീരുമാനിച്ചു. അന്ന ജോസഫ് മറ്റക്കരോട്ട് വചനം പങ്കുവച്ചു. ഫാ. തോമസ് മണ്ണൂർ, റ്റി.പി. ജോസഫ്, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

4. ജയിൽ മിനിസ്ട്രി

ഇവാൻജലൈസേഷന്റെ ഭാഗമായ ജയിൽ മിനിസ്ട്രി അംഗങ്ങൾ പാലാ അഡാർട്ടുമായി ചേർന്ന് മേയ് മാസം 16-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാ സബ്ജയിൽ സന്ദർശിച്ചു പ്രാർത്ഥിക്കുകയും അവരോട് സംസാരിക്കുകയും ചെയ്തു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ വചനം പങ്കുവച്ചു. എം.വി. ജോർജ് മുണ്ടയ്ക്കൽ തന്റെ ജീവിതാനുഭവം പങ്കുവച്ചു. തങ്കച്ചൻ ശ്രാമ്പിക്കൽ, സിസ്റ്റർ ലൂസി റോസ് എസ്.എ.ബി.എസ്. തുടങ്ങിയവർ നേതൃത്വം നൽകി.

5. കുടുംബകൂട്ടായ്മകൾ രൂപതയുടെ വലിയ സമ്പത്ത്

കുടുംബകൂട്ടായ്മകൾ രൂപതയുടെ ഏറ്റവും വലിയ ട്രഷറിയാണെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട് പ്രസ്താവിച്ചു. പാലാ രൂപതാ 5-ാമത് കുടുംബകൂട്ടായ്മ സമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തുകയായിരുന്നു. വിശ്വാസപരവും സാമൂഹികവുമായ വെല്ലുവിളികളെ, കുടുംബകൂട്ടായ്മകളിലൂടെ തരണം ചെയ്യുവാൻ പിതാവ് ആഹ്വാനം ചെയ്തു. സഭയോടും സഭാപ്രബോധനങ്ങളോടും താല്പര്യമുള്ള അത്മായരെ വളർത്തിയെടുക്കാനുള്ള വേദിയാണ് കുടുംബകൂട്ടായ്മകൾ. തിരുവചനബന്ധിയായ കൂട്ടായ്മകളിലൂടെ വചനത്തിൽ നിന്ന് കൂദാശയിലേയ്ക്കും, അൾത്താരയിൽ നിന്ന് മനുഷ്യഹൃദയങ്ങളിലേക്കും ഇറങ്ങണമെന്ന് പിതാവ് ഓർമ്മിപ്പിച്ചു.

14-05-2010 വെള്ളിയാഴ്ച പാലാ ളാലം പഴയപള്ളി പാരീഷ് ഹാളിൽ കുടുംബകൂട്ടായ്മ സംഗമം രൂപതാ പാസ്റ്ററൽ കോ-ഓർഡിനേറ്റർ റവ. ഡോ. ജോസഫ് കുഴിഞ്ഞാലിൽ ഉദ്ഘാടനം ചെയ്തു. റവ.ഫാ. റൂഫസ് പയസ് ലീൻ (തിരുവനന്തപുരം) റവ. ഡോ. കുര്യൻ മറ്റം, റവ. ഫാ. തോമസ് മണ്ണൂർ തുടങ്ങിയവർ പ്രസംഗിച്ചു.



# കരിസ്മാറ്റിക് പ്രോഗ്രാമുകൾ

**1. കരിസ്മാറ്റിക് സംഗമം**

മേയ് 1-ാം തീയതി കരിസ്മാറ്റിക് ശുശ്രൂഷകർ ഷലോം ഓഡിറ്റോറിയത്തിൽ ചേർന്ന് പ്രാർത്ഥിക്കുകയും വചനം പങ്കുവയ്ക്കുകയും ചെയ്തു. റവ. ഫാ. അഗസ്റ്റിൻ ളൂയിസ് ക്ലാസ്സുകൾ നയിച്ചു. ഫാ. തോമസ് മണ്ണൂർ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സണ്ണി പള്ളിവാതുക്കൽ, ബാബു തട്ടാംപറമ്പിൽ, മാത്യു കല്ലേപ്ലാക്കൽ തുടങ്ങിയവർ നേതൃത്വം നല്കി.

**2. ഒരുക്കധ്യാനം ചിറ്റാർ പള്ളിയിൽ**

ചിറ്റാർ പള്ളിയിലെ വചനദീപ്തി ധ്യാനത്തിന് മുന്നോടിയായയുള്ള ആരാധനാശുശ്രൂഷയും ഭവനസന്ദർശനവും മേയ് മാസം 4, 5 തീയതികളിൽ നടന്നു. ഫാ. തോമസ് മണ്ണൂർ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. അബ്രാഹം കുളമാക്കൽ തുടങ്ങിയവർ ശുശ്രൂഷകൾ നയിച്ചു.

**3. വചനദീപ്തി ധ്യാനം ചിറ്റാർപള്ളിയിൽ**

ചിറ്റാർ ഇടവകയിൽ വച്ച് മേയ് മാസം 9 മുതൽ 13 വരെ വചനദീപ്തി ധ്യാനം നടത്തി. ഫാ. തോമസ് മണ്ണൂർ, ഫാ. കുര്യൻ മറ്റം, ഫാ. ജോർജ് വെട്ടുകല്ലേൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബ്രദർ ഔതച്ചൻ കരോട്ട്, സാബു കോഴിക്കോട്ട്, സണ്ണി പള്ളിവാതുക്കൽ, ബാബു തട്ടാംപറമ്പിൽ, മാത്യു കല്ലേപ്ലാക്കൽ തുടങ്ങിയവർ ധ്യാനശുശ്രൂഷകൾക്ക് നേതൃത്വം നല്കി. ഫാ. അബ്രാഹം കുളമാക്കൽ, ഫാ. ജോൺസൺ പുള്ളീറ്റ് തുടങ്ങിയവർ സമാപനശുശ്രൂഷകൾക്ക് നേതൃത്വം നല്കി.

**4. വചനദീപ്തി തുടർച്ചാധ്യാനങ്ങൾ**

✦ 7-5-10 വെള്ളിയാഴ്ച കവീക്കുന്ന് പള്ളിയിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ വചനദീപ്തി ധ്യാനത്തിന്റെ ഫോളോഅപ്പ് നടത്തി. ബാബു തട്ടാംപറമ്പിൽ ക്ലാസ്സുകൾ നയിച്ചു.

✦ 14-5-10 വെള്ളിയാഴ്ച വേഴാങ്ങാനം പള്ളിയിൽ വച്ച് 5 മുതൽ 8 വരെ വചനദീപ്തി ധ്യാനത്തിന്റെ ഫോളോ അപ് നടത്തി. ബ്രദർ അഗസ്റ്റിൻ വർഗീസ് പൂവക്കുളം ക്ലാസ്സുകൾ നയിച്ചു.

✦ 15-5-10 ശനിയാഴ്ച പാദുവാപള്ളിയിൽ വച്ച് ഉച്ചകഴിഞ്ഞ് 1.30 മുതൽ 5 വരെ വചനദീപ്തി ധ്യാനത്തിന്റെ ഫോളോ അപ് നടത്തി. ബ്രദർ കെ.പി. ജോസഫ് മുണ്ടാങ്കൽ ക്ലാസ്സുകൾ നയിച്ചു.

✦ 16-5-10 ഞായറാഴ്ച പൂഞ്ഞാർ പള്ളിയിൽ വച്ച് 1.30 മുതൽ 5 വരെ വചനദീപ്തി ധ്യാനത്തിന്റെ ഫോളോ അപ് നടത്തി. ബ്രദർ സാബു കോഴിക്കോട് ക്ലാസ്സുകൾ നയിച്ചു.

✦ 16-5-10 ഞായറാഴ്ച ചൂണ്ടച്ചേരി പള്ളിയിൽ വച്ച് 1.30 മുതൽ 5 വരെ വചനദീപ്തി ധ്യാനത്തിന്റെ ഫോളോ അപ് നടത്തി. ബ്രദർ ബാബു തട്ടാംപറമ്പിൽ ക്ലാസ്സുകൾ നയിച്ചു.

✦ 23-5-10 ഞായറാഴ്ച കരിമ്പാനി പള്ളിയിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ വചനദീപ്തി ധ്യാനം നടത്തി. ബ്രദർ കെ.പി. ജോസഫ് ക്ലാസ്സുകൾ നയിച്ചു.

✦ 23-5-10 ഞായറാഴ്ച മാനത്തൂർ പള്ളിയിൽ വച്ച് 1.30 മുതൽ 5 വരെ വചനദീപ്തി ധ്യാനത്തിന്റെ ഫോളോ അപ് ധ്യാനം നടത്തി. ബ്രദർ ജോയി തെക്കുംചേരിക്കുന്നേൽ ക്ലാസ്സുകൾ നയിച്ചു.

✦ 21-5-10 വെള്ളിയാഴ്ച തിരുമാറാടി പള്ളിയിൽ വച്ച് ഉച്ചകഴിഞ്ഞ് 3 മുതൽ 5 വരെ വചനദീപ്തിധ്യാനത്തിന്റെ ഫോളോ അപ് നടത്തി. ബ്രദർ ബാബു തൊമ്മനാമറ്റം ക്ലാസ്സുകൾ നയിച്ചു.

✦ 30-5-10 വ്യാഴാഴ്ച മംഗളഗിരി പള്ളിയിൽ വച്ച് ഉച്ചകഴിഞ്ഞ് 4 മുതൽ 7 വരെ വചനദീപ്തി ധ്യാനത്തിന്റെ ഫോളോ അപ് നടത്തി. ബ്രദർ സാബു കോഴിക്കോട്ട് ക്ലാസ്സുകൾ നയിച്ചു.

✦ 29-5-10 ശനിയാഴ്ച വൈകിട്ട് 6 മുതൽ ഞായറാഴ്ച രാവിലെ 6 വരെ അസ്സീസിയിൽ വച്ച് രാത്രി ആരാധന നടത്തി. ബ്രദർ ജയിംസ് മാത്യു ക്ലാസ്സുകൾ നയിച്ചു. റവ. ഫാ. ജോസഫ് ശ്രാമ്പിക്കൽ, ബാബു തട്ടാംപറമ്പിൽ, സാബു കോഴിക്കോട്ട്, മാത്യു കല്ലേപ്ലാക്കൽ തുടങ്ങിയവർ നേതൃത്വം നല്കി.

## ജീസസ് യൂത്ത്

### 1. സ്ലീവാപ്രയാണം

ജീസസ് യൂത്ത് രജതജൂബിലി കുരിശുപ്രയാണം, പാലാ രൂപതയിൽ മേയ് 1 മുതൽ 14 വരെ വിവിധ ഫൊറോനകളിലൂടെ നടത്തപ്പെട്ടു. മേയ് 1-ന് ചങ്ങനാശേരി രൂപതയിലെ ജീസസ് യൂത്ത്, പൈക സെന്റ് ജോസഫ് ചർച്ച് വികാരി റവ. ഫാ. ജോർജ് മണ്ഡപത്തിന് ജൂബിലി കുരിശ് നൽകിക്കൊണ്ട് ജൂബിലി കുരിശ് പ്രയാണത്തിനു തുടക്കം കുറിച്ചു. തുടർന്ന് വിവിധ ഫൊറോനകളിലൂടെ കുരിശുപ്രയാണം നടത്തപ്പെട്ടു.

ഭരണങ്ങാനം ഫൊറോന മേയ് 2-ന്, അരുവിത്തുറ മേയ് 3-ന്, പൂഞ്ഞാർ മേയ് 4 ന്, തീക്കോയി മേയ് 5 ന്, മൂലമറ്റം മേയ് 6-ന്, തുടങ്ങനാട് മേയ് -7ന്, ചേർപ്പുങ്കൽ മേയ് 8 ന്, പാലാ മേയ് 9-ന്, കുറവിലങ്ങാട് മേയ് 10-ന്, കോതനല്ലൂർ മേയ് 11 ന്, മുട്ടുചിറ മേയ് 12-ന്, ഇലഞ്ഞി മേയ് 13-ന്, രാമപുരം മേയ് 14 നും നടത്തപ്പെട്ടു.

### 2. ജപമാലറാലി

ജീസസ് യൂത്ത് ജൂബിലി കുരിശുപ്രയാണത്തിന്റെ സമാപനം രാമപുരം മുതൽ ചെമ്മലമറ്റം വരെയുള്ള ജപമാലറാലിയോടുകൂടി നടത്തപ്പെട്ടു. കാഞ്ഞിരപ്പള്ളി രൂപതയ്ക്ക് കുരിശുപ്രയാണം കൈമാറുന്നതിനോടനുബന്ധിച്ചായിരുന്നു ജപമാലറാലി. രാമപുരം വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിങ്കൽ നിന്നാരംഭിച്ച ജപമാല റാലി ഉച്ചയോടുകൂടി വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ എത്തിച്ചേരുകയും തുടർന്ന് വൈകുന്നേരം 4.30 ന് ചെമ്മലമറ്റം പന്ത്രണ്ട് അപ്പസ്തോലന്മാരുടെ ദേവാലയത്തിൽ സമാപിക്കുകയും ചെയ്തു. ബഹു. വികാരി ജേക്കബ് കട്ടയ്ക്കലച്ചൻ കുരിശ് കാഞ്ഞിരപ്പള്ളി രൂപതയ്ക്ക് കൈമാറി.



റവ. ഫാ. തോമസ് മണ്ണൂർ, റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ. ഫാ. ജോസഫ് ശ്രാമ്പിക്കൽ, ജോർജുകുട്ടി എടേട്ട്, ബാബു തട്ടാംപറമ്പിൽ, ജാൻസ് കക്കാട്ടിൽ, പ്രകാശ് മാത്യു, ടോണി നെല്ലിക്കുന്നേൽ, ബോണി കുര്യാക്കോസ്, ടോംസ് വടശേരിക്കുന്നേൽ, ഡെയിൻ, ക്രിസ്റ്റോ, ടിറ്റോ സ്കറിയാ, ബിൻസി, ജോസ്നാ, എന്നിവർ കുരിശുപ്രയാണത്തിനും, ജപമാല റാലിക്കും നേതൃത്വം നൽകി. കുരിശുപ്രയാണത്തെ സ്വീകരിച്ച എല്ലാ ബഹു. അച്ചന്മാർക്കും നന്ദി പറയുന്നു.

**ഫാ. തോമസ് മണ്ണൂർ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടേഴ്സ്)**

## കെ.സി.വൈ.എം.

### 1. പുതിയ യൂണിറ്റുകൾ – നെല്ലാപ്പാറ, മാന്നാർ

നെല്ലാപ്പാറയിലും മാന്നാറിലും പുതിയ യൂണിറ്റുകൾ ആരംഭിക്കുകയും രൂപതയിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു.

### 2. യൂണിറ്റ് പ്രവർത്തനോദ്ഘാടനം – അന്ത്യാളം

അന്ത്യാളം യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനം ഏപ്രിൽ 25-ാം തീയതി നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി തിരി തെളിച്ചു. വൈസ് പ്രസിഡന്റ് റോബിൻ പൊരിയത്ത്, യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് മലയിൽ, സാജു അലക്സ് എന്നിവർ പ്രസംഗിച്ചു. ചർച്ചയോടും സ്നേഹവിരുന്നോടുംകൂടി സംഗമം അവസാനിച്ചു.

### 3. യൂണിറ്റു പ്രസിഡന്റുമാരുടെ സംഗമം

ഷലോമിൽ വച്ചു നടത്തപ്പെട്ട യൂണിറ്റ് പ്രസിഡന്റുമാരുടെ സംഗമത്തിൽ വച്ച് കർമ്മരേഖ പ്രകാശനം റവ. ഫാ. മൈക്കിൾ വട്ടപ്പലം നിർവ്വഹിച്ചു. മികച്ച മേഖല, യൂണിറ്റ് തിരഞ്ഞെടുപ്പുകളുടെ മാനദണ്ഡം ഫാ. ജോസഫ് ആലഞ്ചേരി, റോബിൻ പൊരിയത്ത്, സിജു കണ്ണംതറപ്പിൽ എന്നിവർ വിശദീകരിച്ചു.

### 4. എൽറോയി–നൈറ്റ്ക്യാമ്പ്

ഇലഞ്ഞി മേഖലയുടെ ആഭിമുഖ്യത്തിൽ മുളക്കുളത്ത് വച്ച് നിശാക്യാമ്പ് സംഘടിപ്പിച്ചു. വികാരി റവ. ഫാ. ജോസഫ് പാണ്ടിയാമാക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് ആലഞ്ചേരിൽ, ഫാ. ഇമ്മാനുവേൽ പാറേക്കാട്ട്, രൂപതാ ജനറൽ സെക്രട്ടറി ഷിജോ ചെന്നേലിൽ, ഡാനി പാറയിൽ എന്നിവർ പ്രസംഗിച്ചു. 26-ാം തീയതി രാവിലെ വി. കുർബാനയോടുകൂടി ക്യാമ്പ് സമാപിച്ചു.

### 5. മേഖല പ്രവർത്തന ഉദ്ഘാടനം – മൂലമറ്റം

മൂലമറ്റം മേഖലയുടെ പ്രവർത്തനോദ്ഘാടനം ഏപ്രിൽ 26-ന് മൂലമറ്റത്തുവച്ച് രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് വരകുകാലാപറമ്പിൽ, മേഖലാപ്രസിഡന്റ് മാത്യൂസ് ജോയി കുളത്തിനാൽ, സംസ്ഥാനസിൻഡി

ക്കേറ്റ് അംഗങ്ങളായ സിജു കണ്ണംതറപ്പിൽ, ഡാനി പാറയിൽ, ഷിജോ ചെന്നേലിൽ എന്നിവർ പ്രസംഗിച്ചു.

### 6. ആശംസകൾ

രൂപതാ പ്രസിഡന്റ് സിബി കിഴക്കേലിന്റെ വിവാഹം മേയ് 1-ാം തീയതി പാലാ കിഴതടിയൂർ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. നവവധൂവരന്മാർക്ക് നൽകപ്പെട്ട സ്വീകരണത്തിൽ മുൻകാല ഭാരവാഹികൾ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

### 7. വിദ്യാഭ്യാസപ്രദർശനവും സെമിനാറും

കെ.സി.വൈ.എം. പാലാ രൂപതയും സംസ്ഥാനസമിതിയും ചേർന്ന് സംഘടിപ്പിച്ച കരിയർ ഗൈഡൻസ് ക്യാമ്പ് മേയ് 3-ാം തീയതി പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ വച്ച് നടത്തപ്പെട്ടു. നാനൂറോളം യുവജനങ്ങൾ പങ്കെടുത്ത കരിയർ ഗൈഡൻസ് സെമിനാർ പാലാ എം.എൽ.എ. കെ.എം. മാണി ഉദ്ഘാടനം ചെയ്തു. ഡോ. പി. ആർ. വെങ്കിട്ടരാമൻ സെമിനാർ നയിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി, സെന്റ് തോമസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ജോസഫ് കല്ലുകുന്നേൽ, സംസ്ഥാനപ്രസിഡന്റ് ദീപക്, ജോൺസൺ ചൂരനാട്, ടിറ്റു, റോബിൻ, ഷിജോ, സിജു, മിന്റു, ഡാനി എന്നിവർ നേതൃത്വം നൽകി.

### 8. ശബരി റയിൽവേ പാത ആലോചനായോഗം

ശബരി റെയിൽവേയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും ഒരു സംവാദം സംഘടിപ്പിക്കുന്നതിനുമായി മേയ് 9-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് കെ.സി.വൈ.എം. ഓഫീസിൽ വച്ച് ആലോചനായോഗം സംഘടിപ്പിച്ചു. ജിജോ ചർച്ചക്ക് നേതൃത്വം നൽകി. ഫാ. ജോസഫ് ആലഞ്ചേരിയിൽ ഫാ. ജോർജ് കിഴക്കേൽ അരഞ്ഞാണിയിൽ, ഡാന്റീസ് കൂനാനിക്കൽ മറ്റു രൂപതാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

### 9. വൈ.എ.റ്റി.പി.

കെ.സി.വൈ.എം. പാലാ രൂപത സംഘടിപ്പിക്കുന്ന യൂത്ത് അനിമേറ്റേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം 18-ാമത് ബാച്ച് മെയ് 7-ാം തീയതി അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് രൂപതാ ചാൻസിലർ വെരി. റവ. ഫാ. ഡൊമിനിക് വെച്ചൂർ ഉദ്ഘാടനം ചെയ്തു. റവ. ഫാ. മാത്യു ചന്ദ്രൻകുന്നേൽ, സാജു അലക്സ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

### 10. കിനാവ് 2010

കെ.സി.വൈ.എം. തിടനാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മേയ് 8-ാം തീയതി കിനാവ് 2010 എന്ന പേരിൽ ഒരു നൈറ്റ്ക്യാമ്പ് സംഘടിപ്പിച്ചു. റവ. ഫാ. ജോർജ് വഞ്ചിപ്പുരക്കൽ, ഫാ. ജോസഫ് മേയിക്കൽ, ഫാ. ജോസഫ് ആലഞ്ചേരി, ഡാനി പാറയിൽ, റോബിൻ പൊരിയത്ത്, ജിജോ മോൻ എന്നിവർ നേതൃത്വം നൽകി.

### 11. വനിതാ കൺവെൻഷൻ

കെ.സി.വൈ.എം. പാലാ രൂപത സംഘടിപ്പിച്ച നിർമ്മൽ 2010 വനിതാകൺവൻഷൻ മേയ് 23 ഞായർ രാവിലെ 9.00 മുതൽ വൈകുന്നേരം 4.00 വരെ മരങ്ങാട്ടുപിള്ളി



സെന്റ് തോമസ് ഹൈസ്കൂളിൽ വച്ച് നടത്തപ്പെട്ടു. കുമാരി അനു പല്ലാങ്കൽ അദ്ധ്യക്ഷപ്രസംഗം നടത്തി. ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൽസി കുര്യൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. സി. ജെർമയിൻ എം.എസ്.ടി. ക്ലാസ്സുകൾ നയിച്ചു.

### 12. യൂത്ത് ഫോർ ജീസസ് – മേഖലാക്യാമ്പ്

കോതനല്ലൂർ മേഖലയുടെ ആഭിമുഖ്യത്തിൽ മേയ് 9-ാം തീയതി നടത്തപ്പെട്ട മേഖലാക്യാമ്പ് വിശുദ്ധ കുർബാനയോടെ ആരംഭിച്ചു. ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി വിശുദ്ധ കുർബാന അർപ്പിച്ചു. ക്യാമ്പ് വികാരി വെരി. റവ. ഫാ. അബ്രാഹം കണിയാംപടിക്കൽ ഉദ്ഘാടനം ചെയ്തു. എസ്.ബി. കോളജ് ലക്ചറർ സിബിച്ചൻ ആലഞ്ചേരി ക്ലാസ് നയിച്ചു. വിവിധ യൂണിറ്റുകളുടെ കലാപരിപാടികൾക്കൊടുവിൽ മൈക്കിൾ ഔസേപ്പറമ്പിലച്ചന്റെ മാജിക് ഷോയോടെ വൈകുന്നേരം 4 ന് ക്യാമ്പ് അവസാനിച്ചു. മേഖല ഡയറക്ടർ ഫാ. അബ്രാഹം തകിടിയേൽ, ബ്രദർ സിജോ ചീനോത്തുപറമ്പിൽ, മേഖലാപ്രസിഡന്റ് ക്രിസ്റ്റിൻ എന്നിവർ നേതൃത്വം നൽകി.

### 13. 'എക്ലേസിയാ 10' സായാഹ്നസംഗമങ്ങൾ

പെരിയപ്പുറം, കീഴൂർ, കടപ്ലാമറ്റം എന്നീ യൂണിറ്റുകളിൽ സായാഹ്നസംഗമങ്ങൾ നടത്തപ്പെടുന്നു.

### 14. സ്വീകരണം നല്കി

വൈദികവസ്ത്രം സ്വീകരിച്ച കെ.സി.വൈ.എമ്മിന്റെ ബ്രദേഴ്സ് ബ്രദർ ജോണി ചാവേലി, ബ്രദർ ജോബിൻ പുളിന്താനം എന്നിവർക്ക് രൂപതാ ഓഫീസിൽ സ്വീകരണം നല്കി. രൂപതാ ഭാരവാഹികൾ പ്രസംഗിച്ചു.

### 15. സന്നദ്ധ രക്തദാനക്യാമ്പ് – മരങ്ങോലി

മേയ് 15-ാം തീയതി കെ.സി.വൈ.എം. മരങ്ങോലി യൂണിറ്റ് സംഘടിപ്പിച്ച രക്തദാനക്യാമ്പ് കോട്ടയം ജില്ലാ ആശുപത്രി ഡോക്ടർ പ്രസാദ് മാണി എം.എസ്.എസ്. നയിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി, മേഖലാ പ്രസിഡന്റ് ദീപു ജോയി എന്നിവർ സംബന്ധിച്ചു. 50-ഓളം യുവജനങ്ങൾ രക്തം ദാനം ചെയ്തു.

### 16. ക്രിക്കറ്റ് ടൂർണമെന്റ് – കാഞ്ഞിരത്താനം

കാഞ്ഞിരത്താനം കെ.സി.വൈ.എം. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ അഖിലകേരള ക്രിക്കറ്റ് ടൂർണമെന്റ് ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോബി കുന്നയ്ക്കാട്ട്, പ്രസിഡന്റ് ബിജു മൂന്നുതൊട്ടിയിൽ എന്നിവർ നേതൃത്വം നല്കി. രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി പ്രസംഗിച്ചു.

### 17. എക്സിക്യൂട്ടീവ് മീറ്റിംഗ്

ഷലോമിൽ വച്ച് നടത്തപ്പെട്ട എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂൺ മാസത്തിലെ പരിപാടികളെക്കുറിച്ച് ആലോചന നടത്തി.

### 18. കെ.സി.വൈ.എം. – മലയാള മനോരമ ചർച്ച

മലയാള മനോരമ കോട്ടയം ഓഫീസിൽ വച്ച് ഹരിതോത്സവ്-2010 സംബന്ധിച്ച്

നടത്തിയ ചർച്ചയിൽ ഫാ. ജോസഫ് ആലഞ്ചേരി, ഡാനി പാറയിൽ, സിജു, ബ്രദർ ജോബിൻ വടക്കേതകിടി എന്നിവർ സംബന്ധിച്ചു.

**19. മൂലമറ്റം – കരിയർ ഗൈഡൻസ് സെമിനാർ**

മൂലമറ്റം മേഖലയുടെ ആഭിമുഖ്യത്തിൽ മൂലമറ്റത്തുവച്ച് കരിയർ ഗൈഡൻസ് സെമിനാർ നടത്തപ്പെട്ടു. മേഖലാഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ, മേഖലാ പ്രസിഡന്റ് മാത്യൂസ് കുളത്തിനാൽ എന്നിവർ നേതൃത്വം നല്കി.

**ഫാ. ജോസഫ് ആലഞ്ചേരിൽ (ഡയറക്ടർ)**

# ഡി. സി. എം. എസ്.

### 1. ലീഡേഴ്സ് ക്യാമ്പ്

2010 മേയ് 15, 16 തീയതികളിൽ മാതാപിതാക്കൾക്കായി ഡി.സി.എം.എസ്. രൂപതാ കമ്മിറ്റി നടത്തിയ ലീഡേഴ്സ് ക്യാമ്പിൽ 12 അംഗങ്ങൾ പങ്കെടുത്തു.

അടുത്ത മാസത്തെ ലീഡേഴ്സ് ക്യാമ്പ്: 2010 മേയ് 22, 23 തീയതികളിൽ മുട്ടുചിറ, ഇലഞ്ഞി, കുറവിലങ്ങാട്, തുടങ്ങനാട് മേഖലകളിൽ നടന്നു.

2010 ജൂൺ 19 – 20 തീയതികളിൽ പാലാ, ചേർപ്പുങ്കൽ, ഭരണങ്ങാനം, രാമപുരം, അരുവിത്തുറ മേഖലകളിൽ.

2010 ജൂൺ 26, 27 തീയതികളിൽ മുട്ടുചിറ, ഇലഞ്ഞി, കുറവിലങ്ങാട് തുടങ്ങനാട് മേഖലകളിൽ. സ്ഥലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ട് മുണ്ടുപാലം.

### 2. റിസോഴ്സ് ടീം ട്രെയിനിംഗ്

2010 ജൂൺ മുതൽ യുവതീയുവാക്കൾക്കായുള്ള റിസോഴ്സ് ടീം ട്രെയിനിംഗ് ആരംഭിക്കുന്നു. 12–ാം ക്ലാസ് പഠനം പൂർത്തിയാക്കിയ 35 വയസ്സിൽ കവിയാത്തവർക്ക് ഇതിൽ ചേരാവുന്നതാണ്. 8 മാസം നീളുന്ന ഈ ത്രിദിനക്യാമ്പുകൾ എല്ലാ രണ്ടാം ശനിയാഴ്ചയുടെയും തലേവെള്ളിയാഴ്ച 6.30 ന് ആരംഭിച്ച് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.00 ന് സമാപിക്കുന്നു. 2010 ജൂൺ 11, 12, 13 തീയതികളിൽ. സ്ഥലം : ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ട് മുണ്ടുപാലം.

### 3. സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം

റിസോഴ്സ് ടീം ക്യാമ്പ് പൂർത്തിയാക്കിയവർക്കായി 2010 മേയ് 24 മുതൽ 29 വരെ സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം നൽകുന്നു. സംസാരമാദ്ധ്യമം : ഇംഗ്ലീഷ്. സ്ഥലം : ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ട് മുണ്ടുപാലം.

### 4. സ്കോളർഷിപ്പ്

വിവിധ പഠനരംഗങ്ങളിൽ സെക്കൻഡ് ക്ലാസ്സിൽ കുറയാത്ത മാർക്ക് ലഭിച്ച കുട്ടികൾക്ക് സ്കോളർഷിപ്പുകൾ നൽകിവരുന്നു.

**ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ (ഡയറക്ടർ)**



# ഫാമിലി അപ്പോസ്തോലേറ്റ്

**1. വിവാഹഒരുക്ക സെമിനാർ**

രൂപതാ ഫാമിലി സെന്റർ വഴി എല്ലാ മാസവും നടത്തിവരുന്ന വിവാഹഒരുക്ക സെമിനാർ മേയ് മാസം 3 – 6; 17 – 20 തീയതികളിലായി പാലാ പാസ്റ്ററൽ സെന്ററിൽ വച്ചു നടക്കുകയുണ്ടായി. രണ്ട് കോഴ്സുകളിലുമായി 349 പേർ സംബന്ധിച്ചു സർട്ടിഫിക്കറ്റ് നേടുകയുണ്ടായി. അഭിവന്ദ്യ പിതാവ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ സാന്നിദ്ധ്യവും സന്ദേശവും സമ്മാനങ്ങളും രണ്ട് കോഴ്സുകളിലും ലഭിച്ചുവെന്നത് വിവാഹഒരുക്കസെമിനാറിൽ സംബന്ധിച്ചവർക്ക് വളരെ പ്രചോദനവും സന്തോഷവും നല്കുന്നതായിരുന്നു.

ജൂൺ മാസത്തെ വിവാഹഒരുക്ക സെമിനാർ മേയ് 31 – 3; ജൂൺ 14 – 17 എന്നീ തീയതികളിലായി നടത്തുന്നതാണ്. രജിസ്ട്രേഷൻ തുടരുന്നു.

## മാതൃജ്യോതി

**1. രൂപതാവാർഷികം**

മാതൃജ്യോതി രൂപതാവാർഷികം മേയ് മാസം 13–ാം തീയതി കുറവിലങ്ങാട് ദേവമാതാ കോളജ് ഓഡിറ്റോറിയത്തിൽ വച്ചു നടത്തപ്പെട്ടു. സമ്മേളനം പാലാ രൂപതയുടെ പിതാവ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. സ്ത്രീകൾ പൊതുരംഗത്തു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത പിതാവ് തന്റെ അനുഗ്രഹപ്രഭാഷണത്തിൽ എടുത്തു പറഞ്ഞു. കുറവിലങ്ങാട് മർത്ത്മറിയം ഫൊറോനാപള്ളിവികാരി വെരി. റവ. ഡോ. ജോസഫ് മലേപ്പറമ്പിൽ യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു. മാതൃജ്യോതി രൂപതാ ഡയറക്ടർ റവ. ഫാ. ജോൺസൺ പുള്ളീറ്റ് സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ഏലിക്കുട്ടി പുല്ലാട്ട്, ജോ. ഡയറക്ടർ സി. ജോസി മരിയ, റവ. ഫാ. ജോസഫ് പുതിയിടം, റവ. ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളി എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. 2008–2010 പ്രവർത്തനവർഷത്തിൽ ഏറ്റവും മികച്ച യൂണിറ്റുകളായി എ വിഭാഗത്തിൽ പൂഞ്ഞാർ, ഭരണങ്ങാനം, പൈക എന്നിവ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ബി വിഭാഗത്തിൽ അടിവാരം, ഉള്ളനാട്, വാലാച്ചിറ എന്നീ യൂണിറ്റുകളും ട്രോഫികൾ കരസ്ഥമാക്കി. കലാകായിക വിഭാഗത്തിൽ രാമപുരം, കുറവിലങ്ങാട്, ചേർപ്പുങ്കൽ എന്നീ മേഖലകൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. മികച്ച മേഖലകളായി ഭരണങ്ങാനം പൂഞ്ഞാർ പാലാ എന്നിവ തെരഞ്ഞെടുക്കപ്പെട്ടു.

**2. രൂപതാഇലക്ഷൻ**

മാതൃജ്യോതി 2010–2012 വർഷത്തേയ്ക്കുള്ള രൂപതാഭാരവാഹികളുടെ തിരഞ്ഞെടുപ്പ് മേയ് 25 ചൊവ്വാഴ്ച രാവിലെ 10.30 ന് ഷലോമിൽ വച്ച് നടത്തപ്പെടുന്നതാണ്. എല്ലാ യൂണിറ്റ് പ്രസിഡന്റുമാരും മേഖലാപ്രസിഡന്റുമാരും തിരഞ്ഞെടുപ്പിൽ പങ്കെടുക്കേണ്ടതാണ്.

# പ്രോ-ലൈഫ്

## 1. 'വിടരും ജീവൻ'

പ്രോലൈഫിന്റെ ഈ വർഷത്തെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് 2010 മെയ് 16 ഉച്ച കഴിഞ്ഞ് 3 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. ഡയറക്ടർ വെരി റവ. ഫാ. ജോൺസൺ പുള്ളീറ്റിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ സി. മേരി ജോർജ് എഫ്.സി.സി. വൈസ് ഡയറക്ടറായും, അഡ്വ. തോമസുകുട്ടി തണ്ണിപ്പാറ, മാത്യു കരിപ്പാത്ത് എന്നിവർ യഥാക്രമം പ്രസിഡന്റും വൈസ്പ്രസിഡന്റുമായും, സി. ജെയ്സ് തെരേസ് സി.എം.സി. സെക്രട്ടറിയായും, അഗസ്റ്റിൻ ചെല്ലന്തറ ട്രഷറർ ആയും തെരഞ്ഞെടുക്കപ്പെട്ടു. പ്രോഗ്രാം കോ-ഓർഡിനേറ്റഴ്സായി ഷാജി ചെറുവള്ളിൽ, തോമസ് പാമ്പയ്ക്കൽ എന്നിവരേയും തിരഞ്ഞെടുത്തു. പുതിയ ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ

## 2. പ്രോ-ലൈഫ് സെമിനാർ

2010 മേയ് 16-ന് തിടനാട് സെന്റ് ജോസഫ്സ് ഇടവകയിൽ വച്ച് പ്രോ-ലൈഫ് സെമിനാർ നടത്തുകയുണ്ടായി.

ഏപ്രിൽ 20 -27 തീയതികളിൽ അരുവിത്തുറ പള്ളി തിരുനാളിനോടനുബന്ധിച്ച് പ്രോലൈഫ് സ്റ്റാൾ സജ്ജമാക്കുകയും ധാരാളംപേർ സ്റ്റാൾ സന്ദർശിക്കുകയും ചെയ്തു.

പ്രോലൈഫ് സംഗമം ഷലോം പാസ്റ്ററൽ സെന്ററിൽ മേയ് 16, 22 എന്നീ തീയതികളിലായി നടക്കുകയുണ്ടായി. പ്രോലൈഫിന് സ്വന്തമായി ഒരു റിസോഴ്സ് ടീം രൂപീകരിക്കാൻ യോഗം തീരുമാനിച്ചു.

**ഫാ. ജോൺസൺ പുള്ളീറ്റ് (ഡയറക്ടർ)**
**ഫാ. തോമസ് ഇടയാൽ (അസി. ഡയറക്ടർ)**

# സോഷ്യൽ വെൽഫെയർ സൊസൈറ്റി

## 1. ഉന്മേഷോൽസവം - 2010

സ്കൂൾ വിദ്യാർത്ഥികൾക്കായി ഏകദിനവിജ്ഞാനവിനിമയപഠനപരിപാടിയെന്ന നിലയിൽ "ഉന്മേഷോൽസവം-2010" സംഘടിപ്പിച്ചു. കരിയർ ഗൈഡൻസ്, നേതൃത്വശേഷി, ആശയവിനിമയനൈപുണ്യം, വ്യക്തിത്വവികസനം എന്നിവയ്ക്ക് ഊന്നൽനൽകിക്കൊണ്ടുള്ള ക്ലാസുകളും പഠനപരിപാടികളും ഉന്മേഷോൽസവത്തിന്റെ ഭാഗമായി നടത്തപ്പെട്ടു. മലയിഞ്ചിപ്പാറ, കടപ്ലാമറ്റം, നെല്ലിയാനി, കുറവിലങ്ങാട്, മണ്ണാറപ്പാറ, ഐങ്കൊമ്പ്, പയ്യാനിത്തോട്ടം, മുട്ടുചിറ, മൂലമറ്റം എന്നിവിടങ്ങളിൽ വച്ച് ഉന്മേഷോൽസവങ്ങൾ നടന്നു.

## 2. സ്കിൽ ഏൺ പ്രോജക്ട്

തൊഴിൽ അഭിരുചി പരിപോഷിപ്പിച്ചുകൊണ്ട് തൊഴിൽ പരിശീലനത്തിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ലക്ഷ്യം വച്ച് വനിതകൾക്കായി പി.എസ്. ഡബ്യ്യു.എസ്. ആവിഷ്കരിച്ചിരിക്കുന്ന "സ്കിൽ ഏൺ പ്രോജക്ടി"ന്റെ ഭാഗമായി



തൊഴിൽ പരിശീലനക്ലാസ്സുകൾ പാലാ ഷലോമിൽ സംഘടിപ്പിച്ചു. ഹാൻഡ് എംബ്രോയ്ഡറി ഫ്ളവർ മേക്കിംഗ്, ഫൈബർ പെയിന്റിംഗ്, കാന്താവർക്ക് , മുത്തുമാല നിർമ്മാണം തുടങ്ങിയ ഇനങ്ങൾക്കാണ് ആദ്യബാച്ചിൽ പരിശീലനം നൽകിയത്.

## 3. ഇ-വിദ്യാപ്ലസ്

കംപ്യൂട്ടർ പരിശീലനം ഏവർക്കും സംലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ബ്ലോക്ക് വികസനവിദ്യാകേന്ദ്രത്തിന്റെ സഹകരണത്തോടെ 'ഇ-വിദ്യാപ്ലസ്' കംപ്യൂട്ടർ ക്ലാസ്സുകൾ വിവിധ കേന്ദ്രങ്ങളിൽ പി.എസ്.ഡബ്യ്യു.എസ്. ആരംഭിച്ചു. മീനച്ചിൽ, കുറിഞ്ഞി, പാലാ എന്നിവിടങ്ങളിലായി നൂറുകണക്കിനാളുകൾ ഈ സൗകര്യം പ്രയോജനപ്പെടുത്തിവരുന്നു.

## 4. സേവ് എ ഫാമിലി പ്ലാൻ

എസ്.എ.എഫ്.പി. യുടെ റഗുലർ ബനിഫിഷറി സ്കീം ആയ ദത്തുകുടുംബപദ്ധതിയുടെ പ്രവർത്തനങ്ങൾ റീജിയണൽ തലത്തിൽ പുന:സംഘടിപ്പിച്ചു വരുന്നു. ആദ്യഘട്ടത്തിൽ 15 ഗ്രാമപഞ്ചായത്തുകളെ പദ്ധതി പ്രദേശമായി തെരഞ്ഞെടുത്തു.

## 5. സൂക്ഷ്മനിക്ഷേപപദ്ധതി

സ്വാശ്രയസംഘതലത്തിൽ പി.എസ്.ഡബ്യ്യു.എസ്. ആവിഷ്കരിച്ചിരിക്കുന്ന സൂക്ഷ്മനിക്ഷേപപദ്ധതിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നു. ഇതിന്റെ ഭാഗമായി പെരുംതുരുത്ത്, കോതനല്ലൂർ എന്നിവിടങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

## 6. ഡി.സി.എം.എസ്.- എസ്.എച്ച്.ജി. കൾക്ക് തൊഴിൽ പരിശീലനം

പി.എസ്.ഡബ്യ്യു.എസ്. നോട് അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്ന ഡി.സി.എം.എസ്. - എസ്.എച്ച്.ജി. കൾക്ക് വിവിധ തൊഴിൽ പരിശീലനപരിപാടി സംഘടിപ്പിച്ചുവരുന്നു. സ്ത്രീകൾക്കായി ചുരിദാർ കട്ടിംഗ് പരിശീലനം പൂർത്തിയാക്കി. സൗജന്യഓട്ടോറിക്ഷാഡ്രൈവിംഗ് പരിശീലന ക്ലാസ്സുകളിലേക്ക് രജിസ്ട്രേഷൻ നടന്നുവരികയാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ അതതു സ്ഥലങ്ങളിലെ സ്വാശ്രയസംഘത്തിൽ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 7. നിയമബോധനശില്പശാല

പി.എസ്.ഡബ്യ്യു.എസിന്റെ ആഭിമുഖ്യത്തിൽ വിവിധ സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ നിയമബോധനശില്പശാലകൾ സംഘടിപ്പിച്ചു.

## 8. സ്വാശ്രയസംഘവാർഷികം

ഐങ്കൊമ്പ്, ഉള്ളനാട്, രാമപുരം, അടിവാരം തുടങ്ങി വിവിധ സ്വാശ്രയസംഘങ്ങളുടെ വാർഷികങ്ങൾ ആഘോഷിച്ചു.

## 9. വിദ്യാർത്ഥിപ്രതിഭകൾക്ക് അനുമോദനം

എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡുകരസ്ഥമാക്കിയ വിദ്യാർത്ഥിപ്രതിഭകളെ സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ യോഗം ചേർന്ന് അഭിനന്ദിച്ചു.

**ഫാ. തോമസ് വാലുമ്മേൽ (ഡയറക്ടർ)**

# അഡാർട്ട്

## 1. t_m[-h-XvI-cW ¢mÊp-IÄ

ഭരണങ്ങാനം മാതൃഭവൻ (മേയ്-2), കോട്ടയം കളക്ട്രേറ്റ് ജംഗ്ഷൻ (മേയ്-3), പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട് അരുണാപുരം (മേയ് 6, 19) വെള്ളികുളം (മേയ്-7), മൂലമറ്റം (മേയ്-17)

## 2. amt\-PnwKv I½än

അഡാർട്ടിന്റെ മാനേജിംഗ് കമ്മറ്റി യോഗം മേയ് 4-ാം തീയതി രാവിലെ 9.30 ന് ചെയർമാൻ മോൺ. ഫിലിപ്പ് ഞരളക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ബിഷപ്സ് ഹൗസിൽ വച്ച് നടത്തി. ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ സ്വാഗതം ആശംസിക്കുകയും അഡാർട്ടിന്റെ വാർഷികറിപ്പോർട്ടും ഓഡിറ്റ് ചെയ്ത വരവുചെലവു കണക്കുകളും അവതരിപ്പിക്കുകയും ചെയ്തു. ഭാവി പ്രവർത്തനങ്ങളെപ്പറ്റിയുള്ള ചർച്ചാമദ്ധ്യേ ചെയർമാൻ മോൺ. ഫിലിപ്പ് ഞരളക്കാട്ട് അഡാർട്ടിന്റെ സാമൂഹികസേവനപ്രവർത്തനങ്ങളെ പ്രത്യേകം പ്രശംസിക്കുകയുണ്ടായി.

## 3. kwØm-\-Xe ]cn-tim-[\

കേന്ദ്രഗവൺമെന്റിന്റെ സാമൂഹികക്ഷേമശക്തീകരണമന്ത്രാലയത്തിനുകീഴിൽ പ്രവർത്തിക്കുന്ന അഡാർട്ടിന്റെ സംസ്ഥാനതലപരിശോധന മെയ് 13-ാം തീയതി നടത്തി. കേരളാഗവൺമെന്റിന്റെ സാമൂഹികക്ഷേമ വകുപ്പിലെ റീജണൽ അസിസ്റ്റന്റ് ഡയറക്ടറും സംഘവുമാണ് പരിശോധനയ്ക്കായി വന്നത്. അഡാർട്ടിന്റെ എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തുകയും റിക്കാർഡുകൾ പരിശോധിക്കുകയും ചെയ്തു. ചികിത്സയിൽ കഴിയുന്നവരോടും സ്റ്റാഫ് അംഗങ്ങളോടും സംസാരിച്ച ടീം അംഗങ്ങൾ അഡാർട്ടിന്റെ പ്രവർത്തനങ്ങളിൽ തികഞ്ഞ സംതൃപ്തി പ്രകടിപ്പിക്കുകയും ഡയറക്ടറേയും സ്റ്റാഫിനേയും പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു.

## 4. AUmÀ«v þ FIvkn-_n-j³

ലഹരിക്കെതിരെയുള്ള ബോധവത്കരണത്തിന് അഡാർട്ട് പുതിയ കർമ്മപരിപാടികൾ ആവിഷ്കരിക്കുകയാണ്. ലഹരിയുടെ ദൂഷ്യങ്ങളെ അവതരിപ്പിക്കുന്ന എക്സിബിഷനുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായി വരുന്നു. സ്കൂളുകൾ, കോളജുകൾ, പൊതുവേദികൾ എന്നിവിടങ്ങളിൽ നടത്താവുന്ന വിധത്തിലാണ് എക്സിബിഷൻ പ്രോഗ്രാം ആസൂത്രണം ചെയ്തിട്ടുള്ളത്.

## 5. dntkmgvkv Sow ]cn-io-e-\-]-cn-]mSn

സ്കൂളുകളിലും കോളജുകളിലും ബോധവത്കരണപരിപാടികൾ നടത്തുന്നതിനായി റിസോഴ്സ് ടീമിനെ തെരഞ്ഞെടുത്തു. ടീമിനുള്ള ട്രെയിനിംഗ് പ്രോഗ്രാം മേയ് 31-ാം തീയതി അഡാർട്ടിൽ വച്ച് നടത്തുന്നതാണ്.

## 6. FIvkn-_n-j³

അഡാർട്ട് ഒരുക്കിയിരിക്കുന്ന എക്സിബിഷൻ പ്രോഗ്രാം മേയ് 22-ാം തീയതി ഇളങ്ങുളം സെന്റ് മേരീസ് ഹൈസ്കൂളിൽ നടത്തുകയുണ്ടായി. പാലായിലെ ഗവൺമെന്റ് നഴ്സിംഗ് കോളജുമായി സഹകരിച്ചാണ് പ്രസ്തുത പ്രോഗ്രാം നടത്തിയത്.



## 7. sI.-kn.-_n.-kn. aZy-hn-cp-²-k-anXn cma-]p-cw, Acp-hn-¯pd s^mtdm-\m-kw-K-a-§Ä

കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ രാമപുരം ഫൊറോനാതല സംഗമം മേയ് 18-ാം തീയതി രാവിലെ 10.30 ന് മിനി ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. രൂപതാ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ആമുഖപ്രഭാഷണം നടത്തി. ഫൊറോനാവികാരി റവ. ഡോ. ജോർജ് ഞാറക്കുന്നേൽ സംഗമം ഉദ്ഘാടനം ചെയ്തു. തുടർന്ന് മദ്യഉപയോഗത്തിന്റെ വിവിധതലങ്ങളെപ്പറ്റി ക്ലാസ്സുകളും ചർച്ചകളും നടത്തി. പ്രസാദ് കുരുവിള, ജോസി വടയാറ്റ് എന്നിവർ നേതൃത്വം കൊടുത്തു. ഫൊറോനാതലഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തുകയുണ്ടായി.

### ✧ Acp-hn-¯pd

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി അരുവിത്തുറ ഫൊറോനാതലസംഗമം മേയ് 19-ാം തീയതി രാവിലെ 10.30 ന് അരുവിത്തുറ സെന്റ് ജോർജ് പാരീഷ്ഹാളിൽ വച്ച് നടത്തി. രൂപതാ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ അദ്ധ്യക്ഷത വഹിച്ചു. അരുവിത്തുറ ഫൊറോനാവികാരി വെരി. റവ. ഫാ. തോമസ് ഓലിക്കൽ സംഗമം ഉദ്ഘാടനം ചെയ്തു. പ്രസാദ് കുരുവിള, ജോസി വടയാറ്റ് എന്നിവർ നേതൃത്വം നൽകി. ക്ലാസ്സുകൾ, ചർച്ചകൾ എന്നിവയ്ക്കുശേഷം ഫൊറോനാതല ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടത്തി.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (ഡയറക്ടർ)**

# sI.-kn.-_n.-kn. aZy-hn-cp-²-k-anXn

## 1. ഇടവക വിസിറ്റ്

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി യൂണിറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് രൂപതാ ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കലും, സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിളയും, രൂപതാ സെക്രട്ടറി ജോസ് ഫ്രാൻസീസും, ചേർപ്പുങ്കൽ, കുറവിലങ്ങാട്, രാമപുരം, അരുവിത്തുറ ഫൊറോനാകളിലെ എല്ലാ ഇടവകകളും സന്ദർശിക്കുകയുണ്ടായി.

## 2. ഫൊറോനാസമ്മേളനങ്ങൾ

ഏപ്രിൽ 24, 28 തീയതികളിൽ ചേർപ്പുങ്കൽ ഫൊറോനായിലെയും, കുറവിലങ്ങാട് ഫൊറോനായിലെയും മേയ് 18, 19 തീയതികളിൽ രാമപുരം അരുവിത്തുറ ഫൊറോനകളിലെയും അത്മായസംഗമവും ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തപ്പെട്ടു.

കുറവിലങ്ങാട് മേഖലാ പ്രസിഡന്റായി ഡൊമിനിക് ചൂരക്കുളവും, ജനറൽ സെക്രട്ടറിയായി ടി.ടി. ജോർജ് കല്ലടയിലും ചേർപ്പുങ്കൽ ഫൊറോനാപ്രസിഡന്റായി മാത്യു ജോസഫ് കരിപ്പാത്തും ജനറൽ സെക്രട്ടറിയായി ജോസ്മോൻ ടി ജോസഫ്, രാമപുരം ഫൊറോനാപ്രസിഡന്റായി സെല്ലി ജോർജും ജനറൽ സെക്രട്ടറിയായി ചാക്കോ വർഗ്ഗീസ് പെരുമാലിലും അരുവിത്തുറ ഫൊറോനാപ്രസിഡന്റായി ജോസ് ജെ പുല്ലാട്ടും ജന

റൽ സെക്രട്ടറിയായി വി.ഡി. സെബാസ്റ്റ്യൻ വള്ളിയാംതടവും തെരഞ്ഞെടുക്കപ്പെട്ടു. ചേർപ്പുങ്കൽ ഫൊറോനാതലസമ്മേളനത്തിൽ റവ. ഫാ. മാത്യു ചന്ദ്രൻകുന്നേലും മറ്റ് ഫൊറോനാകളിൽ എൻ.എം. സെബാസ്റ്റ്യൻ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. രൂപതാ ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ അദ്ധ്യക്ഷപദം അലങ്കരിച്ച് സന്ദേശം നൽകുകയും സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിള, ജോസ് ഫ്രാൻസീസ് (രൂപതാ സെക്രട്ടറി) സമ്മേളനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

### 3. റിസോഴ്സ് ടീം പരിശീലനം

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി പാലാ രൂപതാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ലോകപുകയില വിരുദ്ധദിനമായ മേയ് 31-ന് പാലാ അഡാർട്ടിൽ വച്ച് വിവിധ മേഖലകളിൽ ക്ലാസ്സെടുക്കുന്നതിനായി പ്രവർത്തകരെ പ്രാപ്തരാക്കുന്നതിന് ഉദ്ദേശിച്ച് ഏകദിനലഹരി വിരുദ്ധ റിസോഴ്സ് ടീം പരിശീലനം നടത്തപ്പെട്ടു.

### 4. ഫൊറോനാതല അത്മായസംഗമം

പൂഞ്ഞാർ, തീക്കോയി, മുട്ടുചിറ, പാലാ കത്തീഡ്രൽ, ഇലഞ്ഞി എന്നീ ഫൊറോനാകളിലെ അത്മായസംഗമത്തിനുള്ള ഒരുക്കങ്ങൾ ക്രമീകരിച്ചുവരുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (രൂപതാ ഡയറക്ടർ)**

## പാലാ കമ്മ്യൂണിക്കേഷൻസ്

### 1. ബൈബിൾ നാടകം "മോസസ്" അരങ്ങത്തേക്ക്

പാലാ കമ്മ്യൂണിക്കേഷൻസ് അവതരിപ്പിക്കുന്ന ആദ്യത്തെ ഡ്രാമാസ്കോപ്പ് ബൈബിൾനാടകം 'മോസസ്' അണിയറയിൽ അണിഞ്ഞൊരുങ്ങുന്നു. മോശയുടെ ജീവിതകഥയെ അടിസ്ഥാനമാക്കി അണിയിച്ചൊരുക്കുന്ന നാടകത്തിന്റെ രചന ശ്രീ. ഫ്രാൻസീസ് ടി മാവേലിക്കരയും സംവിധാനം ശ്രീ. പ്രദീപ് റോയിയും നിർവ്വഹിക്കുന്നു. ഗാനങ്ങൾ : രമേശ് കാവിൽ, സംഗീതം: ഫാ. ജയിംസ് വെണ്ണായിപ്പിള്ളിൽ, സെബി നായരമ്പലം, രംഗപടം: ആർട്ടിസ്റ്റ് സുജാതൻ, വസ്ത്രാലങ്കാരം : വേലായുധൻ കീഴില്ലം തുടങ്ങിയവരാണ് അണിയറശില്പികൾ. മലയാള പ്രൊഫഷണൽ നാടകരംഗത്തെ പ്രമുഖനടീനടന്മാർ അണിനിരക്കുന്ന 'മോസസ് നാടകം 2010 ജൂൺ ആദ്യവാരം അരങ്ങിലെത്തുന്നു. നാടകം മുൻകൂട്ടി ബുക്ക് ചെയ്യാൻ ശ്രദ്ധിക്കുക.

### 2. ശലഭക്കാഴ്ചകൾ

കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കുംവേണ്ടി പാലാ കമ്മ്യൂണിക്കേഷൻസ് അണിയിച്ചൊരുക്കിയ 'ശലഭക്കാഴ്ചകൾ' വർദ്ധിച്ച ആസ്വാദകപിന്തുണയോടെ മുന്നേറുന്നു. ഞായറാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും ഈ നാടകം അവതരിപ്പിച്ചു വരുന്നു.

### 3. ഫോൺ നമ്പർ കളക്ഷൻ

പാലാ രൂപതയുടെ കീഴിലുള്ള എല്ലാവരുടെയും ഫോൺനമ്പരും ഇ-മെയിൽ



അഡ്രസും ശേഖരിക്കുവാൻ ആവശ്യമായ ഫോമുകൾ ജൂൺ ആദ്യവാരം എല്ലാ ഇടവകകളിലും എത്തിച്ചു തരുന്നതാണ്. ബഹു. വികാരിയച്ചന്മാർ സഹായിക്കുമല്ലോ.

**ഫാ. ജയിംസ് വെണ്ണായിപ്പിള്ളിൽ (ഡയറക്ടർ)**

## ഏ.കെ.സി.സി.

### 1. യൂണിറ്റുതല പ്രോജക്ട് ഉദ്ഘാടനം

'സാമുദായികശാക്തീകരണം എ.കെ.സി.സി.യിലൂടെ' എന്ന കർമ്മപദ്ധതിയുടെ ഭാഗമായി എല്ലാ യൂണിറ്റുകളിലും നടക്കുന്ന സാമുദായികശാക്തീകരണസെമിനാറുകളുടെ രൂപതാതല ഉദ്ഘാടനം മലയിഞ്ചിപ്പാറ ഇടവകയിൽ നടന്നു. മോൺ. ഫിലിപ്പ് ഞരളക്കാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. എം.എം. ജേക്കബ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മേഖലാഡയറക്ടർ റവ. ഫാ. ജോസഫ് പൂവത്തുങ്കൽ അനുഗ്രഹപ്രഭാഷണം നടത്തി. ഡയറക്ടർ റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ ആമുഖസന്ദേശം നൽകി. സംസ്ഥാനസെക്രട്ടറി ടോമി തുരുത്തിക്കര യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു പീടികയിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. ജനറൽ സെക്രട്ടറി സാജു അലക്സ് സ്വാഗതവും യൂണിറ്റ് പ്രസിഡന്റ് സാബു പൂണ്ടിക്കുളം കൃതജ്ഞതയും രേഖപ്പെടുത്തി.

### 2. സമുദായശാക്തീകരണം വിളംബരജാഥ

യൂണിറ്റ് തല പ്രോജക്ട് ഉദ്ഘാടനത്തിന് മുന്നോടിയായി സാമുദായിക ശാക്തീകരണവിളംബരജാഥ നടന്നു. മുണ്ടാങ്കൽ പള്ളി അങ്കണത്തിൽ നിന്നു ഡയറക്ടർ റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ ജാഥ ഫ്ളാഗ് ഓഫ് ചെയ്തു. വാഹനങ്ങളിൽ നൂറുകണക്കിന് പ്രവർത്തകർ ജാഥയിൽ പങ്കെടുത്തു. ജാഥയ്ക്ക് ജോയി മുത്തോലി, മാത്തുക്കുട്ടി കലയത്തിനാൽ, ജയിംസ് ചെറുവള്ളി, സണ്ണി വടക്കേൽ തുടങ്ങിയവർ നേതൃത്വം നൽകി. സമ്മേളനസ്ഥലമായ മലയിഞ്ചിപ്പാറയിൽ ജാഥ സമാപിച്ചു.

### 3. ഇലഞ്ഞിയിൽ യൂണിറ്റ് രൂപീകരണം

ഇലഞ്ഞി ഇടവകയിൽ യൂണിറ്റ് രൂപീകരണസെമിനാർ നടന്നു. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ ക്ലാസ് നയിച്ചു. റവ. ഫാ. ജോൺ പൊതീട്ടേൽ, എം.എം. ജേക്കബ് എന്നിവർ സംസാരിച്ചു. ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടന്നു.

### 4. ചെമ്പിളാവിൽ യൂണിറ്റ് രൂപീകരണ സെമിനാർ

ചെമ്പിളാവ് ഇടവകയിൽ യൂണിറ്റ് രൂപീകരണസെമിനാർ നടന്നു. റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ, ഫാ. ജോസ് നെല്ലിക്കത്തെരുവിൽ സംസാരിച്ചു. ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടന്നു.

### 5. രൂപതാകമ്മിറ്റി

രൂപതാകമ്മിറ്റി യോഗം മുണ്ടാങ്കൽ പാരീഷ് ഹാളിൽ ചേർന്നു. പ്രസിഡന്റ് എം.എം. ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. സംഘടനാപ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തു.

**6. എ.കെ.സി.സി. വനിതാ സമ്മേളനം**

എ.കെ.സി.സി. വനിതാവേദിയുടെ ആഭിമുഖ്യത്തിൽ വനിതാസമ്മേളനം മുണ്ടാങ്കൽ പാരീഷ് ഹാളിൽ നടന്നു. വേദി കൺവീനർ മാഗി ജോസ് മേനാംപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ ക്ലാസ് നയിച്ചു. സാജു അലക്സ്, കുഞ്ഞുമോൾ, സെബാസ്റ്റ്യൻ തുടങ്ങിയവർ സംസാരിച്ചു.

**7. ചേർപ്പുങ്കൽ മേഖലാസമ്മേളനം**

ചേർപ്പുങ്കൽ മേഖലാ സമ്മേളനവും സാമുദായികശാക്തീകരണ സെമിനാറും കൊഴുവനാൽ യൂണിറ്റിന്റെ നേതൃത്വത്തിൽ കൊഴുവനാലിൽ നടന്നു. റവ. ഫാ. ജോർജ് മുളങ്ങാട്ടിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ. തോമസ് കരോട്ടുകിഴക്കേൽ ആമുഖസന്ദേശം നൽകി. പ്രോജക്ട് അവതരണം റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ നിർവ്വഹിച്ചു. എ.സി. ബേബിച്ചൻ അദ്ധ്യക്ഷത വഹച്ചു. എം.എം. ജേക്കബ്, ടോമി തുരുത്തിക്കര, ഡാന്റീസ് കൂനാനിക്കൽ, രാജു വയലിൽ, ഡോ. അഗസ്റ്റിൻ വിഴിക്കപ്പാറ എന്നിവർ ആശംസകൾ അർപ്പിച്ചു.

തുടർന്നു ചേർന്ന മേഖലാ സമ്മേളനത്തിൽ രാജു വയലിൽ അദ്ധ്യക്ഷത വഹിച്ചു. സാജു അലക്സ്, ജോസ് അടയ്ക്കനാട്ട്, ബെന്നി വടക്കേടം, പ്രൊഫ. ജോസ് ചെരിപുറം, അഡ്വ. സണ്ണി മാന്തറ തുടങ്ങിയവർ സംസാരിച്ചു.

**സാജു അലക്സ് (ജനറൽ സെക്രട്ടറി)**

# സാന്ത്വന കൗൺസിലിംഗ് സെന്റർ

സാന്ത്വന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ ഓഫീസ് കിഴതടിയൂർ പള്ളിവക കെട്ടിടത്തിൽ അഭിവന്ദ്യ പിതാവ് മാർ ജോസഫ് കല്ലറങ്ങാട്ട് മേയ് ഒന്നാംതീയതി ഉദ്ഘാടനം ചെയ്തു. നഗരസഭാധ്യക്ഷ പ്രൊഫ. മേഴ്സി ജോസഫ് പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

ഈ മാസം 105 പേർക്ക് വ്യക്തിപരമായ കൗൺസിലിംഗ് നടത്തി.

കുറവിലങ്ങാട് ക്ലാരറ്റ് ഭവനിൽ ദൈവശാസ്ത്രവിദ്യാർത്ഥികൾക്ക് 'ലൈംഗികതയുടെ മാനസികആത്മീയതലങ്ങൾ' എന്ന വിഷയത്തെക്കുറിച്ചും, തത്വശാസ്ത്രവിദ്യാർത്ഥികൾക്ക് 'പക്വതയുടെ മാനങ്ങളും പ്രാപ്യതയും' എന്ന വിഷയത്തെക്കുറിച്ചും നടത്തിയ ഏകദിന സെമിനാറുകൾക്ക് ഫാ. മാത്യു പന്തലാനിക്കൽ നേതൃത്വം നല്കി.

കൊല്ലാട് എം.സി.ബി.എസ്. സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്കായി ഒരാഴ്ച നീണ്ടുനിന്ന ഗ്രൂപ്പ് സൈക്കോതെറാപ്പിക്കും, ചൂണ്ടച്ചേരി സാൻജോസ് സ്കൂളിൽ അധ്യാപകർക്കായി 'ഇഫക്ടീവ് ക്ലാസ് റൂം മാനേജ്മെന്റ്' എന്ന വിഷയത്തെക്കുറിച്ചുള്ള സെമിനാറിനും ഫാ. കുര്യൻ ആനിത്താനം നേതൃത്വം നല്കി.

29-ാം തീയതി ശനിയാഴ്ച സാന്ത്വന ഇൻസ്റ്റിറ്റ്യൂട്ടിൽ അദ്ധ്യാപകർക്കും മാതാപിതാക്കൾക്കുംവേണ്ടി, 'കുട്ടികളുടെ പഠനവൈകല്യങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് നടത്തിയ സെമിനാറിന് ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എയ്ഞ്ചൽ തോമസ് നേതൃത്വം നല്കി.

**ഫാ. മാത്യു പന്തലാനിക്കൽ, ഫാ. കുര്യൻ ആനത്താനം**





# ആദരാഞ്ജലികൾ

## ഫാ. അഗസ്റ്റിൻ വെള്ളാരംകുഴി

"ഞങ്ങളുടെ പ്രിയപ്പെട്ട സഹോദരാ, ഇതുവരെ ഞങ്ങൾ അങ്ങയെ അനുഗമിച്ചു, ഇനി ദൈവത്തിന്റെ മാലാഖമാർ അങ്ങയെ അനുഗമിച്ചുകൊള്ളും."

അഗസ്റ്റിനച്ചൻ മോനിപ്പള്ളി (ചീങ്കല്ലേൽ) ഇടവകയിൽ വെള്ളാരംകുഴി (ചിറ്റക്കാട്ട്) കുടുംബത്തിൽ ദേവസ്യ - മറിയം ദമ്പതികളുടെ മകനായി 1943 മാർച്ചു മാസം 14-ാം തീയതി ജനിച്ചു. രണ്ടു സഹോദരന്മാരും മൂന്നു സഹോദരിമാരും ഉണ്ട്. ഗവൺമെന്റ് എൽ.പി.എസ്. മോനിപ്പള്ളി, ഹോളിക്രോസ് യു.പി.എസ്. മോനിപ്പള്ളി, സെന്റ് മേരീസ് ബി.എച്ച്.എസ്. കുറവിലങ്ങാട് എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. രൂപതയുടെ മൈനർ സെമിനാരിയിലും ആലുവാ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലുമായി വൈദികപരിശീലനം പൂർത്തിയാക്കി. 1968 ഡിസംബർ 19-ന് ളാലം പഴയ പള്ളിയിൽ വച്ച് അഭിവന്ദ്യ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയിൽനിന്നും വൈദികപട്ടം സ്വീകരിച്ചു.

കാഞ്ഞിരത്താനം (1969-1970), രാമപുരം (1970-71), എന്നിവിടങ്ങളിൽ അസ്തേന്തിയായി സേവനമനുഷ്ഠിച്ചു. മീനച്ചിൽ (1974-79), വേലത്തുശേരി (1980-81), രത്നഗിരി (1981-85), കുടയത്തൂർ (1985-89), കാക്കൂർ (1989-90), കുടക്കച്ചിറ (1996-97), വയല (1997-2002), ഏഴാച്ചേരി (2002-07), നമ്പ്യാകുളം (2007-08) എന്നീ പള്ളികളിൽ വികാരിയായി സേവനം ചെയ്തു. സേവാനികേതൻ സൊസൈറ്റി ചേർപ്പുങ്കൽ (1977-78), പ്രീസ്റ്റ്സ് ഹോം ആൻഡ് ചിൽഡ്രൻസ് ഹോം കുമ്മണ്ണൂർ (1977-80) എന്നിവയുടെ ഡയറക്ടറായി സേവനം ചെയ്തിട്ടുണ്ട്. ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജ്സ് ആൻഡ് അദർ ചാരിറ്റബിൾ ഹോംസ്, കേരളാ ബോർഡിൽ 1979 മുതൽ 1985 വരെ അംഗമായിരുന്നു. 1990 മുതൽ 1996 വരെ ഉജ്ജെയിൻ രൂപതയിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്. 2008 മുതൽ മാർ അപ്രേം പ്രീസ്റ്റ്സ് ഹോം, പാലായിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു.

2010 മെയ് 14-ന് മരണമടഞ്ഞ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾ 15-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള ദിവ്യബലിയെത്തുടർന്ന് നടത്തപ്പെട്ടു. അച്ചൻ സഭയ്ക്കു ചെയ്ത എല്ലാ സേവനങ്ങളെയും കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. അച്ചന്റെ ബന്ധുമിത്രാദികളെ അനുശോചനമറിയിക്കുന്നു. അച്ചന്റെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

## നിര്യാതയായി

**1. സി. സെലിൻ പൊട്ടയ്ക്കൽ എസ്.എ.ബി.എസ്.**

കോതമംഗലം രൂപതയിൽ കരിമണ്ണൂർ ഇടവകയിൽ വർഗീസ് മറിയാമ്മ ദമ്പതികളുടെ മകളായി 1948 മേയ് 9-ന് സെലിൻ ജനിച്ചു. വിദ്യാഭ്യാസാനാന്തരം 1967 ൽ ആരാധന സഭയിൽ അർത്ഥിനിയായി നെല്ലിയാനിയിൽ വന്നു. 1969 ഏപ്രിൽ 19-ന് സഭാവസ്ത്രം സ്വീകരിച്ച് ആദ്യവ്രതമനുഷ്ഠിച്ചു. 1974-ൽ നിത്യവ്രതാനുഷ്ഠാനത്തിലൂടെ ദിവ്യകാരുണ്യഈശോയ്ക്ക് സമ്പൂർണ്ണസമർപ്പണം നടത്തിയ സി. സെലിൻ പൈക, അരുവിത്തുറ, കാക്കൂർ, നെല്ലിയാനി എന്നീ ഭവനങ്ങളിൽ വിവിധ സേവനങ്ങളിൽ വ്യാപൃതയായി. നേഴ്സറി ടീച്ചർ എന്ന നിലയിൽ ഉള്ളനാട്, നാഗാലാൻഡ്, ചീങ്കല്ലേൽ, മരങ്ങാട്ടുപള്ളി എന്നിവിടങ്ങളിൽ സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. അതോടൊപ്പം നസ്രത്ത്ഹിൽ, മുളക്കുളം എന്നീ ഭവനങ്ങളിൽ സുപ്പീരിയറായും മരങ്ങാട്ടുപള്ളിയിൽ ഫൈനാൻസ് ഓഫീസറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സദാപ്രവർത്തന നിരതയായിരുന്ന സി. സെലിൻ പ്രാർത്ഥനയ്ക്ക് തന്റെ ജീവിതത്തിൽ വലിയ പ്രാധാന്യം നല്കി. ഏല്പിക്കപ്പെട്ടിരുന്ന ഉത്തരവാദിത്വങ്ങൾ തികഞ്ഞ ആത്മാർത്ഥതയോടെ, നിർവ്വഹിക്കുവാൻ അത്യദ്ധ്വാനം ചെയ്തുകൊണ്ട് സഭയെയും ദൈവജനത്തെയും സ്നേഹിക്കുകയും അവർക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്തു.

ഭവനത്തിന്റെ സുപ്പീരിയർ, നഴ്സറി അദ്ധ്യാപിക, കമ്യൂണിറ്റി കോളജിന്റെ ഡയറക്ടർ, ഇടവകയിലെ യുവജനസംഘടനയുടെ ജോയിന്റ് ഡയറക്ടർ തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾക്കിടയിലാണ് സിസ്റ്റർ അസുഖം പിടിപെട്ടു നിത്യതയിലേക്ക് യാത്രയായത്. മാതൃസഹോദരപുത്രൻ റവ. ഫാ. ജയിംസ് മഠത്തിക്കണ്ടം സി.എം.ഐ. ദിവ്യബലിയർപ്പിക്കുകയും തുടർന്ന് വികാരി ജനറാൾ റവ. ഫാ. ഫിലിപ്പ് ഞരളക്കാട്ടിന്റെ നേതൃത്വത്തിൽ ശവസംസ്കാരശുശ്രൂഷകൾ നെല്ലിയാനി മഠം സെമിത്തേരിയിൽ നടത്തുകയും ചെയ്തു. പ്രാർത്ഥനാനിർഭരവും ത്യാഗപൂർണ്ണവുമായ ധന്യജീവിതത്തിന്റെ മുമ്പിൽ ആദരാഞ്ജലികൾ





## PRAYER DAY (REF. VOL. XXXV NO.1)

**(2010 June. 10 - 2010 July. 09)**

**Rev. Fathers, Very Rev. Fathers**

| | | |
|---|---|---|
| 1. | Cheeramkuzhy Michael | June.10 |
| 2. | Chencheril Sebastian | 11 |
| 3. | Chellamthara Thomas | 12 |
| 4. | Cherukarakunnel Alexander | 13 |
| 5. | Cherukarakunnel Joseph | 14 |
| 6. | Cherukarkunnel Sebastian | 15 |
| 7. | Cheruvallikizhakkel Thomas | 16 |
| 8. | Chillackal Thomas | 17 |
| 9. | Chollanal George | 18 |
| 10. | Choorakatt George | 19 |
| 11. | Danavelil George | 20 |
| 12. | Edathumparampil Joseph | 21 |
| 13. | Edayal Thomas | 22 |
| 14. | Edayodiyil George | 23 |
| 15. | Elambasseril Jacob | 24 |
| 16. | Elambasseril George | 25 |
| 17. | Elipulikatt Zacharias | 26 |
| 18. | Ennackapallil Mathew | 27 |
| 19. | Enthanal Joseph | 28 |
| 20. | Erimattathil Abraham | 29 |
| 21 | Eruppakkattu Philip | 30 |
| 22 | Eruvelikunnel Antony | July 1 |
| 23. | Ettackakunnel Thomas | 2 |
| 24. | Ettumanookaran Alvin | 3 |
| 25. | Ettuparayil Sebastian | 4 |
| 26. | Ezhuparayil Joseph | 5 |
| 27. | Illimoottil Joseph | 6 |
| 28. | Illimoottil Mathew | 7 |
| 29. | Illimoottil Thomas | 8 |
| 30. | Iyramana Thomas | 9 |

# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽ നിന്ന്

## മാർ ജോസഫ് കല്ലറങ്ങാട്ട്

മെയ് 1

06.45 am പുന്നത്തുറ ഇടവകയിൽ കുട്ടികളുടെ പ്രഥമദിവ്യകാരുണ്യ സ്വീകരണത്തിലും സ്ഥൈര്യലേപനത്തിലും മുഖ്യകാർമ്മികത്വം വഹിച്ചു.

11.00 am പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ LEAP ന്റെ ആഭിമുഖ്യത്തിൽ നടന്ന കുട്ടികളുടെ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

03.30 pm പാലാ സെന്റ് വിൻസെന്റ് ആശ്രമത്തിൽ ബഹു. തോമസ് കളരിയ്ക്കൽ സി.എം.ഐ. യുടെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

04.45 pm കിഴതടിയൂരിൽ പുതുതായി പ്രവർത്തനമാരംഭിച്ച സാന്ത്വന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആന്റ് ഗൈഡൻസിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ച് സന്ദേശം നൽകി.

07.30 pm ഇടയനടുത്ത സന്ദർശനത്തിനായി ഭരണങ്ങാനത്ത് എത്തിച്ചേർന്നു.

മെയ് 2

ഭരണങ്ങാനം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

മെയ് 3

09.30 am രാമപുരം ഇടവകയിൽ ഡീക്കൻ അഗസ്റ്റിൻ പുളിക്കിയിൽ എസ്.വി.ഡി. ക്ക് പുരോഹിതപട്ടം നൽകി.

12.30 pm കൊഴുവനാൽ ഇടവകയിൽ തണ്ണിപ്പാറ കുടുംബയോഗത്തിലും ജൂബിലിയാഘോഷത്തിലും പങ്കെടുത്തു.

02.30 pm മൂലമറ്റം ജ്യോതിഭവനിൽ സന്യാസിനികളുടെ പ്രഥമവ്രത വാഗ്ദാനത്തിലും നിത്യവ്രതവാഗ്ദാനത്തിലും മുഖ്യകാർമ്മികത്വം വഹിച്ചു.



മെയ് 4

09.30 am സന്ദർശകരെ സ്വീകരിച്ചു

02.30 pm വേദഗിരി ഇടവകയിൽ ഡീക്കൻ മാത്യു പുളിന്താനത്തിന് പുരോഹിതപട്ടം നൽകി.

06.30 pm കുറവിലങ്ങാട് സെന്റ് വിൻസെന്റ് കോൺവെന്റിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

മെയ് 5

10.30 am സെന്റ് തോമസ് പ്രസ് ബിൽഡിംഗിൽ ആരംഭിച്ചിരിക്കുന്ന "നൈപുണ്യ ഇന്റർനാഷണ"ലിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

11.15 am ന് അന്തീനാട് പള്ളിയിൽ ബഹു. ബർക്കുമാൻസ് കുന്നുംപുറം അച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്കു മുഖ്യകാർമ്മികത്വം വഹിച്ചു.

12.30 pm പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിവാഹഒരുക്കസെമിനാറിൽ സന്ദേശം നൽകി.

02.50 pm ഭരണങ്ങാനം ഡിഎസ്ടി ജനറലേറ്റിൽ 11 സന്യാസിനികളുടെ നിത്യവ്രതവാഗ്ദാനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

06.30 pm കളത്തൂക്കടവ് ഇടവകയിൽ പുതുതായി നിർമ്മിച്ച കൽക്കുരിശിന്റെയും, ഈശോ, വി. ജോൺ മരിയ വിയാനി, വി. അൽഫോൻസാമ്മ എന്നിവരുടെ രൂപങ്ങളുടെയും വെഞ്ചരിപ്പു നിർവ്വഹിച്ചു.

മെയ് 6

09.30 am ഏന്തയാർ ഇടവകയിൽ ഡീക്കൻ കുര്യൻ എംബ്രായിൽ ഐ.എം.എസിന് പുരോഹിതപട്ടം നൽകി.

01.00 pm പറത്താനം സീവ്യൂ എസ്റ്റേറ്റ് സന്ദർശിച്ചു.

മെയ് 7

സന്ദർശകരെ സ്വീകരിച്ചു.

12.30 pm കടപ്ലാമറ്റം ഇടവകയിൽ നിര്യാതയായ കണ്ണാനിയ്ക്കൽ റോസമ്മയുടെ ഭവനത്തിൽപോയി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

04.30 pm ഇളംതോട്ടം ഇടവകയിൽ പുതുതായി നിർമ്മിച്ച ഗ്രോട്ടോയുടെയും സെമിത്തേരി ചാപ്പലിന്റെയും വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

05.30 pm ചേർപ്പുങ്കലിൽ നിർമ്മാണം നടക്കുന്ന ആശുപത്രിയുടെ പണികൾ വിലയിരുത്തി.

മെയ് 8

11.00 am ചേർപ്പുങ്കൽ ഇടവകയിൽ കോലടി ഇമ്മാനുവലിന്റെ പുത്രൻ ഫിലിപ്പിന്റെ വിവാഹം ആശീർവദിച്ചു.

02.30 pm കത്തീഡ്രലിൽ എസ്.എച്ച്. സന്യാസിനികളുടെ നിത്യവ്രതവാഗ്ദാനത്തിലും പ്രഥമവ്രതവാഗ്ദാനത്തിലും മുഖ്യകാർമ്മികത്വം വഹിച്ചു.

മെയ് 9

09.30 am വാഗമൺ ഇടവകയിൽ കുട്ടികളുടെ ആദ്യകുർബാന സ്വീകരണത്തിലും സ്ഥൈര്യലേപനസ്വീകരണത്തിലും മുഖ്യകാർമ്മികത്വം വഹിക്കുകയും പുതുതായി നിർമ്മിച്ച സെമിത്തേരി ചാപ്പൽ, കൽക്കുരിശ്, പള്ളിമുറി എന്നിവയുടെ വെഞ്ചരിപ്പു നടത്തുകയും ചെയ്തു.

02.30 pm ളാലം പുത്തൻപള്ളിയിൽ വരിക്കമാക്കൽ കുടുംബയോഗത്തിൽ സംബന്ധിച്ച് ആശംസകളർപ്പിച്ചു.

മെയ് 10

10.00 am പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന സ്ത്രീശാക്തീകരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.



11.45 am മൈനർ സെമിനാരിയിൽ 'ഗുഡ്ഷെപ്പേർഡ് ഡേ' സമ്മേളനത്തിൽ സംബന്ധിച്ചു.

02.30 pm കത്തീഡ്രലിൽ സ്നേഹഗിരി സന്യാസിനികളുടെ പ്രഥമവ്രതവാഗ്ദാനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

മെയ് 11

07.00 am ഗുഡ് ഷെപ്പേർഡ് ഡേയോടനുബന്ധിച്ച് മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിക്കുകയും പാലാ രൂപതക്കാരായ വൈദികവിദ്യാർത്ഥികളിൽ 7 പേർക്ക് ഹെവ്പദ്യാക്ക്നാ പട്ടവും 3 പേർക്ക് കാറോയാ പട്ടവും 9 പേർക്ക് വൈദികവസ്ത്രവും നൽകി.

മെയ് 11–12

ബിഷപ്സ് ഹൗസിൽ വച്ച് നടന്ന റീജിയണൽ ബിഷപ്സിന്റെ ധ്യാനത്തിൽ പങ്കെടുത്തു.

മെയ് 13

10.30 am അറുന്നൂറ്റിമംഗലം ഇടവകയിൽ ബഹു. ജോസഫ് കരികുളം അച്ചന്റെ വല്യമ്മയുടെ മൃതസംസ്കാരത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

11.30 am കുറവിലങ്ങാട് ദേവമാതാ കോളജിൽ വച്ച് നടന്ന മാതൃജ്യോതി രൂപതാവാർഷികത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

12.30 pm ചേർപ്പുങ്കൽ ഇടവകയിൽ ബഹു. ജോസഫ് കൊല്ലംപറമ്പിലിൽ അച്ചന്റെ പൗരോഹിത്യസിൽവർ ജൂബിലിയാഘോഷത്തിൽ സംബന്ധിച്ചു.

03.00 pm ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ മാനേജിംഗ് ബോഡി സമ്മേളനത്തിൽ സംബന്ധിച്ചു.

മെയ് 14

സന്ദർശകരെ സ്വീകരിച്ചു.

02.00 pm ഉാലം പഴയ പള്ളി പാരീഷ് ഹാളിൽ വച്ചു നടന്ന കുടുംബ കൂട്ടായ്മാ രൂപതാസംഗമത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

മെയ് 15

09.30 am ആയാംകുടി ഇടവകയിൽ ഡീക്കൻ ജയിംസ് കുഴി മറ്റംമ്യാലിലിന് പുരോഹിതപട്ടം നൽകി.

02.30 pm ചീങ്കല്ലേൽ (മോനിപ്പള്ളി) ഇടവകയിൽ പാലാ രൂപതാംഗ മായ ബഹു. അഗസ്റ്റിൻ വെള്ളാരംകുഴിയിൽ അച്ചന്റെ മൃതസം സ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

04.30 pm കൂത്താട്ടുകുളം ഇടവകയിൽ പുതുതായി നിർമ്മിച്ച ടൗൺ കപ്പേളയുടെയും സെമിത്തേരി ചാപ്പലിന്റെയും കൊടിമരത്തി ന്റെയും വെഞ്ചരിപ്പുകർമ്മം നിർവ്വഹിക്കുകയും കർത്താവിന്റെ രൂപം പുന:പ്രതിഷ്ഠിക്കുകയും ചെയ്തു.

മെയ് 16

07.10 am നവീകരിച്ച രത്നഗിരിപ്പള്ളിയുടെ കൂദാശാകർമ്മം നിർവ്വ ഹിച്ചു സന്ദേശം നൽകി.

02.00 pm കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്ന 'ഏയ്ഞ്ചൽസ് മീറ്റ്'ൽ വി. കുർബാനയർപ്പിച്ച് കുട്ടികൾക്ക് സന്ദേശം നൽകി.

05.15 pm പത്മശ്രീ അവാർഡു നേടിയ ഡോ. ഫിലിപ്പ് അഗസ്റ്റിന് കാഞ്ഞിരത്താനത്ത് നൽകിയ സ്വീകരണസമ്മേളനത്തിൽ സംബ ന്ധിച്ചു.

മെയ് 17

07.00 am എസ്.എം.എസ്. ജനറലേറ്റിൽ 9 സന്യാസിനികളുടെ ജൂബി ലിയാഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

03.00 pm ബിഷപ്സ് ഹൗസിൽ വച്ചു നടന്ന പാസ്റ്ററൽ കൗൺസിൽ കമ്മീഷൻ സെക്രട്ടറിമാരുടെ സമ്മേളനത്തിൽ സംബന്ധിച്ചു.



മെയ് 18

02.30 pm സന്ദർശകരെ സ്വീകരിച്ചു. ഫിനാൻസ് കൗൺസിലിന്റെയും കൺസൾട്ടേഴ്സിന്റെയും സംയുക്തസമ്മേളനത്തിൽ സംബന്ധിച്ചു.

മെയ് 19

09.00 am പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിവാഹഒരുക്കസെമിനാറിൽ സംബ ന്ധിച്ച് സന്ദേശം നൽകി.

മെയ് 20

11.00 am പുലിയന്നൂർ എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസ് സ്ഥാപ നത്തിന്റെ 25-ാം വാർഷികത്തോടനുബന്ധിച്ച് വിശുദ്ധകുർബാന അർപ്പിച്ച് സന്ദേശം നൽകി.

04.00 pm ചെത്തിമറ്റം ദൈവദാൻ സെന്റർ സന്ദർശിച്ചു.

05.00 pm ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടനകേന്ദ്രം സന്ദർശിച്ചു.

മെയ് 21

09.45 am പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് പാസ്റ്ററൽ കൗൺസിലിന്റെയും പ്രിസ്ബിറ്ററൽ കൗൺസിലിന്റെയും സംയുക്തസമ്മേളനത്തിൽ സംബന്ധിച്ചു.

04.00 pm കുറവിലങ്ങാട് പള്ളിയിൽ വച്ച് മീറ്റിംഗിൽ സംബന്ധിച്ചു.

മെയ് 22

11.00 am കത്തീഡ്രൽ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

11.30 am ദൈവദാസൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ചു.

12.15 pm പ്രവിത്താനം ഇടവകയിൽ ബഹു. ജോയി കുഴിഞ്ഞാലില ച്ചന്റെ പൗരോഹിത്യസിൽവർ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു.

07.00 pm വിയാനി പ്രീസ്റ്റ് ഹോം സന്ദർശിച്ചു.

08.00 pm കാവുംകണ്ടം ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തിച്ചേർന്നു.

മെയ് 23

കാവുംകണ്ടം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

12.15 am ദൈവദാസൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ ശ്രാദ്ധത്തിനോടനുബന്ധിച്ച് നേർച്ച വെഞ്ചരിപ്പ് നടത്തി.

05.00 pm കുറവിലങ്ങാട് ഇടവകയിൽ ബഹു. തോമസ് പാറയ്ക്കലച്ചന്റെ യാത്രയയപ്പിനോടനുബന്ധിച്ച് വിശുദ്ധകുർബാനമധ്യേ സന്ദേശം നൽകി.

മെയ് 24

07.00 am പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിശുദ്ധ കുർബാനയർപ്പിച്ചു.

10.00 am സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടന്ന സ്ത്രീശാക്തീകരണസെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

02.00 pm പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

മെയ് 25

02.30 Out of Station

മെയ് 26

സന്ദർശകരെ സ്വീകരിച്ചു.

07.30 pm കാക്കനാട് മൗണ്ട് സെന്റ് തോമസിൽ എൽ.ആർ.സി. യുടെ സമ്മേളനത്തിൽ സംബന്ധിച്ചു

മെയ് 27

07.30 am വേദഗിരി ഇടവകയിൽ ഗ്രോട്ടോയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.



09.45 am സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടന്ന സ്ത്രീശാക്തീകരണസെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

11.30 am രാമപുരം ഇടവകയിൽ വിവാഹം ആശീർവദിച്ചു.

മെയ് 28

സന്ദർശകരെ സ്വീകരിച്ചു.

03.00 pm മുട്ടുചിറ ഹോസ്പിറ്റലിന്റെ വാർഷികസമ്മേളനത്തിൽ സംബന്ധിച്ചു.

മെയ് 29

10.00 am ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളജിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു.

02.30 pm സിവിൽ സർവ്വീസ് പരീക്ഷയിലെ റാങ്ക് ജേതാക്കളെ ആദരിക്കുന്ന സമ്മേളനത്തിൽ സംബന്ധിച്ചു.

04.00 pm കടുത്തുരുത്തി, പൂഴിക്കോലിൽ പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ച് സന്ദേശം നൽകി.

07.00 pm തിരുമാറാടി ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തിച്ചേർന്നു.

മെയ് 30

തിരുമാറാടി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

05.00 pm കുറവിലങ്ങാട് ഇടവകയിൽ പുതുക്കിപ്പണിത ചാപ്പലിന്റെ കൂദാശാകർമ്മം നിർവ്വഹിച്ച് സന്ദേശം നൽകി.

മെയ് 31

10.00 am മുട്ടുചിറ ആശുപത്രി ഡയറക്ടർ സ്ഥാനത്തുനിന്ന് വിരമിക്കുന്ന മാത്യു മഠത്തിക്കുന്നേലച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു.

03.00 pm മണ്ണാറപ്പാറ, ഇരവിമംഗലം ദൈവാലയത്തിന്റെ കൂദാശാ കർമ്മം നിർവ്വഹിച്ച് സന്ദേശം നൽകി.

05.00 pm കടപ്ലാമറ്റം ഇടവകയിൽ മാതാവിന്റെ ഗ്രോട്ടോയുടെ വെഞ്ചരിപ്പ് നിർവ്വഹിച്ചു.

06.30 pm ടൗൺ കുരിശുപള്ളിയിൽ സി.വൈ.എം.എൽ. ന്റെ ആഭിമുഖ്യത്തിൽ നടന്ന വസ്ത്രവിതരണം ഉദ്ഘാടനം ചെയ്തു.

---

# Bishop's Engagements

## Mar Joseph Kallarangatt

June 2010

| | | |
|---|---|---|
| 01 | | Visitors' day |
| 02 | 03.00 pm | Kakkanad , Permenant Synod |
| 03 | 11.30 am | Aruvithura - Meeting |
| 04 | | Visitors' day |
| 05 | 11.00 am | Pastoral Centre, Evangelization Meeting |
| | 03.00 pm | Kottayam - Meeting |
| 06 | 08.00 am | Aruvithura |
| 07-10 | | Kakkanad, KCBC |
| 12 | 03.00 pm | Kanjirathanam - Blessing |
| 15-30 | | Eye Hospital |